Reg. No 101, M 2?9?

ഒററപ്രതിക്ക 2 ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

| പുസ്തകം 24 | 1126 കൎക്കടകം 2 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1951 ജൂലൈ 18 | ലക്കം 45 |
|---|---|---|

## വി. വിൻസെൻറ് ഡി പോൾ

“ലോകോപകാരിയായ ഈ മഹാൻ യുദ്ധങ്ങളിലും ആഭ്യന്തരകലാപങ്ങളിലും നിന്നുളവായ അരിഷ്ടതകൾ നിവാരണം ചെയ്യുന്നതിനും വിപ്ലവത്തിന്റെ കരിനിഴലുകൾ നീക്കുന്നതിനും സ്വജീവിതം ബലികഴിച്ചുവെങ്കിൽ, ഇന്ന് അതേ പ്രശ്നങ്ങളെത്തന്നെ അഭിമുഖീകരിക്കുന്ന കത്തോലിക്കാ സാമൂഹ്യപ്രവത്തകൎക്ക് അദ്ദേഹത്തിന്റെ ജീവചരിത്രപഠനം എത്രകണ്ട് ഉപകാരപ്രദമായിരിക്കയില്ല.”

(റവ. ഫാദർ ഫെർണാൻേറാ സി. എം.)

സെൻറ് വിൻസെൻറ് ഡി പോൾ! ഏവൎക്കും സുപരിചിതമായ ആ പാവനനാമധേയം ശ്രവിക്കുമ്പോൾ എന്തെല്ലാം മധുരസ്മരണകളാണ് നമ്മിൽ ഉൽഭൂതമാവുക. ക്രിസ്തീയ സാമൂഹ്യപ്രവൎത്തനങ്ങളുടെ മുന്നണിനേതാവ്, പാവങ്ങളുടെ പിതാവ്, വൈദികലോകത്തിന്റെ പരിഷ്കൎത്താവ്, സജ്ജനതയുടെ സംരക്ഷകൻ, ലഘുത്വത്തിൽ മഹത്വം കരസ്ഥമാക്കിയ മഹാപുരുഷൻ എന്നിങ്ങനെ വിവിധനിലകളിലാണ് നാം അദ്ദേഹത്തെ അറിയുന്നത്. ആദ്ധ്യാത്മികാധഃപതനത്തിലും ആഭ്യന്തരവിപ്ലവത്തിലും ആണ്ടിരുന്ന ഒരു രാജ്യത്ത്, അജ്ഞാതമായ ഒരു കുഗ്രാമത്തിലെ ഒരു സാധുകൎഷകന്റെ പുത്രനായിട്ടാണ് അദ്ദേഹം ഭൂജാതനായത്. എങ്കിലും ദേശീയബോധത്തിൽ ഒന്നാംകിടയിൽനിൽക്കുന്ന ആരെക്കാളും കൂടുതൽ സ്വരാജ്യത്തിനും സ്വസഹോദരങ്ങൾക്കുംവേണ്ടി സേവനംചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ സേവനം ഒരു പ്രത്യേകരാജ്യത്തെയോ ഒരു ജാതിയെയോമാത്രം സ്പൎശിക്കുന്നതായിരുന്നില്ല.

### ജീവിതദൗത്യം

“വി. വിൻസെൻറ് തന്റെ ജീവിതോദ്യോഗമൂലം ഒരു രാജ്യത്തിന്റെയോ സമുദായത്തിന്റെയോ താൽപര്യങ്ങൾമാത്രമല്ല പരിരക്ഷിച്ചത്. അദ്ദേഹം മനഃപൂൎവ്വമല്ലെങ്കിലും അവശലോകത്തെ ഒന്നടങ്കം ബാധിക്കുന്ന വിഷമപ്രശ്നങ്ങൾക്കാണ് പരിഹാരമുണ്ടാക്കിയിരിക്കുന്നത്.” എന്നിപ്രകാരമാണ് സുപ്രസിദ്ധ പ്രോട്ടസ്റ്റൻറ് പണ്ഡിതനായ മെക്കാളേ പ്രഭു പ്രസ്താവിച്ചിരിക്കുന്നത്. ഫെയ്ലററ് എന്ന പ്രോട്ടസ്റ്റൻറ് ഗ്രന്ഥകാരൻ പറയുന്നതു കേൾക്കുക. “പതിനേഴാം നൂററാണ്ടിലെ പരസ്നേഹപ്രസ്ഥാനങ്ങളുടെയെല്ലാം ജനയിതാവായ വി. വിൻസെൻറു തന്നെയാണ് അതിൽപ്പിന്നെയുള്ള താദൃശപ്രസ്ഥാനങ്ങൾക്കും മാൎഗ്ഗദൎശിയായിരിക്കുന്നത്.” ബഗോഡ് എന്ന ജീവചരിത്രകാരൻ പറയുന്നു: “ഒരിക്കലും അസ്തമിക്കാത്തവിധം പതിനേഴാം നൂററാണ്ടിൽ വിൻസെൻറു ഡി പോൾ എന്ന ഉജ്ജ്വലതാരം തിരുസ്സഭാനഭോമണ്ഡലത്തിൽ ഉദിച്ചു.” “വിൻസെൻഷ്യൻ പ്രസ്ഥാനങ്ങൾക്കെല്ലാം മറേറതുകാലത്തെക്കാളും ഇന്നു കൂടുതൽ പ്രാധാന്യം കല്പിക്കണം. പതിനേഴാം നൂററാണ്ടിലേയും ഇരുപതാംനൂററാണ്ടിലേയും ലോകസ്ഥിതി തമ്മിലുള്ള സാധൎമ്മ്യമാണ് ഇതിനുകാരണം.” എന്നു ഫെററ എന്ന പണ്ഡിതനും പ്രസ്താവിക്കുന്നു. പാൎദോ എന്ന സുപ്രസിദ്ധഗ്രന്ഥകാരൻ പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്: “ലോകോപകാരിയായ ഈ മഹാൻ യുദ്ധങ്ങളിലും ആഭ്യന്തരകലാപങ്ങളിലും നിന്നുളവായ അരിഷ്ടതകൾ നിവാരണം ചെയ്യുന്നതിനും, വിപ്ലവത്തിന്റെ കരിനിഴലുകൾ നീക്കുന്നതിനും സമുദായത്തെ ക്രിസ്തുവിൽ പുതുക്കിപ്പണിയുന്നതിനും സ്വജീവിതം ബലികഴിച്ചുവെങ്കിൽ ഇന്ന് അതേപ്രശ്നങ്ങളെത്തന്നെ



അഭിമുഖീകരിക്കുന്ന കത്തോലിക്കാസാമൂഹ്യപ്രവൎത്തകൎക്ക് അദ്ദേഹത്തിന്റെ ജീവചരിത്രപഠനം എത്രകണ്ട് ഉപകാരപ്രദമായിരിക്കയില്ല.” പതിമൂന്നാം ലെയോൻ മാൎപ്പാപ്പാ തിരുമനസ്സുകൊണ്ട് ഈ വിശുദ്ധനെ ക്രിസ്തീയപരസ്നേഹപ്രസ്ഥാനങ്ങളുടെയെല്ലാം സ്വൎഗ്ഗീയമദ്ധ്യസ്ഥനായി പ്രഖ്യാപിച്ചിട്ടുണ്ട്. അത്തരം പ്രവൎത്തനങ്ങൾക്കെല്ലാം പുണ്യവാനിൽനിന്നു പ്രചോദനവും മാൎഗ്ഗദൎശനവും നാം സ്വീകരിക്കണമെന്നുള്ള ഉദ്ദേശത്തോടെയാണ് അദ്ദേഹം ഇപ്രകാരം ചെയ്തത്. ആധുനികമാൎപ്പാപ്പാമാരും വിശുദ്ധന്റെ മാതൃകയാണ് സാമൂഹ്യപ്രവൎത്തകന്മാൎക്കു നിൎദ്ദേശിച്ചുകൊടുക്കുന്നത്. ജീവകാരുണ്യപ്രവൎത്തനങ്ങൾക്ക് അദ്ദേഹം കൊടുക്കുന്ന ആദ്ധ്യാത്മികപശ്ചാത്തലവും അതിസ്വാഭാവികത്വവും നാം കണ്ടുപഠിക്കണമെന്നാണ് തിരുസ്സഭ എപ്പോഴും അഭിലഷിക്കുന്നത്.

### അപൂൎണ്ണജ്ഞാനം മാത്രം

പലൎക്കും വി. വിൻസെൻറിനെപ്പററി ഒരു അപൂൎണ്ണജ്ഞാനം മാത്രമേയുള്ളു. വിൻസെൻറ് ഡി പോൾ എന്നു പറയുമ്പോൾ, തെരുവിന്റെ വല്ല കോണിലും ഉപേക്ഷിക്കപ്പെട്ട മൃത്യുവക്ത്രത്തിൽ പെട്ടു പിടയുന്ന ഒരു അനാഥശിശുവിനെ സ്നേഹപൂൎവ്വം തലോടി മാറോടണക്കുന്ന ഒരു ദീനദയാലുവിന്റെ ചിത്രമാണ് നമ്മുടെ ഭാവനയിൽ ഉദയംചെയ്യുന്നത്. ഇങ്ങനെയുള്ള നല്ല ആളുകളെ അന്നുമാത്രമല്ല ഇന്നും എപ്പോഴും എവിടെയും നമുക്കു കാണാൻകഴിയും. പക്ഷേ അതുകൊണ്ടുമാത്രം ഒരാൾ വിൻസെൻറ് ഡി പോൾ ആകയില്ല. വിൻസെൻറ് ഡി പോൾ ഒന്നു മാത്രമേയുള്ളു.

വിശുദ്ധനെ ശരിയായി മനസ്സിലാക്കണമെങ്കിൽ ഈശ്വരനിയുക്തമായ അദ്ദേഹത്തിന്റെ പ്രത്യേകദൗത്യം എന്തായിരുന്നുവെന്ന് അറിയണം. അദ്ദേഹം സ്വൎഗ്ഗത്തിൽനിന്നു കൊണ്ടുവന്നതു ക്രിസ്തീയ സാമൂഹ്യപരസ്നേഹത്തിന്റെ ദൗത്യമാണ്. പരസ്നേഹപ്രവൎത്തനങ്ങളെല്ലാം ആദ്ധ്യാത്മികജീവിതമാകുന്ന അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തവയും ആഭ്യന്തരവിശുദ്ധിയാകുന്ന ഉറവിടത്തിൽ നിന്നു പുറപ്പെടുന്നവയുമായിരിക്കണം എന്നാണ് പുണ്യവാൻ പഠിപ്പിക്കുന്നത്. “സുവിശേഷപ്രബോധനങ്ങളാണ് അവയെ ഭരിക്കയും നിയന്ത്രിക്കുകയും ചെയ്യേണ്ടത്”; ശരീരത്തിനുവേണ്ടിമാത്രമല്ല ആത്മാവിനും പരസ്നേഹപ്രവൃത്തികൾ ആവശ്യമാണ്”; ഒററതിരിഞ്ഞുള്ള പ്രവൎത്തനങ്ങൾ പോരാ, സംഘടിതപ്രവൎത്തനങ്ങൾ വേണം; വ്യക്തികൾക്കെന്നതിനെക്കാൾ സമുദായത്തിനാണു ഉപവിയുടെ ഗുണഫലം കൂടുതലായി സിദ്ധിക്കേണ്ടതു” ഇങ്ങനെപോകുന്നു അദ്ദേഹത്തിന്റെ പ്രായോഗികവിജ്ഞാനവും ചിന്താഗതിയും.

“ധ്യാനയോഗത്തിൽനിന്നു കൎമ്മയോഗത്തിലേക്കു” എന്നതായിരുന്നു കഥാനായകന്റെ വേറൊരു മുദ്രാവാക്യം. വി. ത്രേസ്യായോടുകൂടെ പുണ്യവാൻ ഇപ്രകാരം ഉൽഘോഷിച്ചിരുന്നു. “പ്രവൎത്തനം, അതേ പ്രവൎത്തനമാണു ദിവ്യനാഥൻ നമ്മിൽനിന്നു ആവശ്യപ്പെടുന്നത്.” “നാം ദൈവത്തെ സ്നേഹിക്കണം; പക്ഷേ അതു നമ്മുടെ നെററിയിലെ വിയൎപ്പുകൊണ്ടും കരങ്ങളുടെ അദ്ധ്വാനം കൊണ്ടുമായിരിക്കണം. ജോലിചെയ്യുന്നതിലാണ് നമ്മുടെ കൎത്തവ്യം മുഴുവൻ അടങ്ങിയിരിക്കുന്നത്. ദാവീദ് അഞ്ചു പാറക്കല്ലുകൾകൊണ്ടു ഗോലിയാത്തിനെതിരായി സമരം നടത്തിയതുപോലെ നിഷ്കാപട്യം, എളിമ, ശാന്തത, സ്വപരിത്യാഗം, ആത്മാക്കളുടെ രക്ഷയിലുള്ള ശുഷ്കാന്തി എന്നിവകൊണ്ടു നാമും സാത്താനെതിരായി യുദ്ധംചെയ്യണം. വേലക്കാർ ഇറങ്ങിയിരിക്കുന്ന ഒരു മുന്തിരിത്തോട്ടത്തോടാണ് തിരുസ്സഭ ഉപമിക്കപ്പെട്ടിരിക്കുന്നത്. വേലക്കാർ വേല ചെയ്യുന്നവരായിരിക്കണം. ഏകാന്തതയിലുള്ള പ്രാൎത്ഥനയും തപസ്സും അത്യന്താപേക്ഷിതമത്രേ. എന്നാൽ തനിക്കു കിട്ടുന്ന ധാന്യമണികളിൽ പകുതി കൊത്തിത്തിന്നതിനുശേഷം പകുതി ഇണപ്രാവിനു കൊണ്ടുപോയികൊടുക്കുന്ന മാടപ്രാവിനെ അനുകരിക്കുന്ന വളരെ ആത്മാക്കളെ ഇന്നു ആവശ്യമുണ്ട്. മാൎത്തായുടേയും മേരിയുടേയും ഭാഗങ്ങൾ ഓരോ കത്തോലിക്കാപ്രവൎത്തകനിലുംസമ്മേളിച്ചിരിക്കണം ശ്ലീഹന്മാരെപ്പോലെ നാമും ഗ്രാമങ്ങൾതോറും ചുററിസഞ്ചരിച്ച് അറിവില്ലാത്തവരെ പഠിപ്പിക്കയും അവശന്മാൎക്ക് ആശ്വാസമരുളുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്യണം.”

പ്രസ്തുതാദൎശങ്ങളെ മുൻനിറുത്തിക്കൊണ്ടു പുണ്യവാൻ ചെയ്തതീൎത്ത ജോലി ആരെയും വിസ്മയിപ്പിക്കുന്നതാണ്. ആറു വിശുദ്ധന്മാർ ഒരുമിച്ചുചെയ്തിട്ടുള്ളിടത്തോളം ജോലി വി. വിൻസെൻറു തന്നെ ചെയ്തതീൎത്തിട്ടുണ്ട് എന്നാണു പറയപ്പെടുന്നത്. എങ്കിലും ഒരു

(ശേഷം 12 ാം പേജിൽ)

വിമർശനവീഥി

# സുവിശേഷകഥയുടെ സത്യവത്വം അനിഷേധ്യം

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ ശിശുവധകഥയെപ്പററി ശ്രീ പുത്തേഴത്തു രാമൻമേനോൻ സംശയലേശംകൂടാതെ വിധിപറയുന്നതിങ്ങനെയാണ്: "രണ്ടായിരം കൊല്ലമായിട്ട് അതിനെ ഒരു ചരിത്രസംഭവമായി, യഥാർത്ഥ ചരിത്രകഥയായി, ക്രിസ്ത്യാനികൾ വിചാരിച്ചും വിശ്വസിച്ചും പോന്നു! എന്നിരിക്കിലും അതു അടിസ്ഥാനമോ സത്യമോ തീരെ ഇല്ലാത്ത ക്ഷുദ്രമായ ഒരു പ്രക്ഷിപ്തമാകുന്നു." സുവിശേഷത്തിലെ കഥയും ശ്രീകൃഷ്ണചരിത്രത്തിലെ ശിശുമാരണകഥയും തമ്മിൽ സാദൃശ്യം ഉണ്ടെന്ന ന്യായം പറഞ്ഞ്, ആദ്യത്തേതു രണ്ടാമത്തേതിൽനിന്നു പകർത്തിയതാണെന്നു ലേഖകൻ ഉന്നയിച്ച വാദം കഴിഞ്ഞ പ്രാവശ്യം ഞങ്ങൾ ഖണ്ഡിച്ചുകഴിഞ്ഞു. പകർത്തിയതല്ലെങ്കിലും, സുവിശേഷത്തിലെ ശിശുവധകഥ ഒരു ചരിത്രസംഭവമാണോ, യഥാർത്ഥ ചരിത്രകഥയാണോ, എന്ന പ്രശ്നം ഇനി പരിശോധിക്കാം.

## യഥാർത്ഥ സുവിശേഷഗ്രന്ഥങ്ങൾ

ക്രിസ്തുവിന്റെ ഈലോകവാസത്തിനുശേഷം അവിടുത്തെ ചരിത്രമെഴുതാൻ പലരും ആദ്യശതകങ്ങളിൽത്തന്നെ ഉദ്യമിക്കുകയുണ്ടായി. അതിനെപ്പററി വിശുദ്ധ ലൂക്കാ തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ പ്രസ്താവിക്കുന്നുണ്ട്. ഈ ചരിത്രകഥനങ്ങൾക്കെല്ലാം സുവിശേഷങ്ങൾ (Gospels) എന്നനാമം നൽകപ്പെട്ടിരുന്നു. അങ്ങനെ എഴുതപ്പെട്ട ഏകദേശം 50 ഗ്രന്ഥങ്ങളെപ്പററി നമുക്കിന്ന് അറിവുലഭിച്ചിട്ടുണ്ട്. എന്നാൽ അവയിൽ 20 എണ്ണത്തെപ്പററിയേ കൂടുതൽ വിവരങ്ങൾ അവശേഷിച്ചു കിട്ടിയിട്ടുള്ളു. ആ ഗ്രന്ഥങ്ങളുടെ പേരുകൾ, ശരിയായ ക്രിസ്തീയവിശ്വാസമില്ലാത്തവരെങ്കിലും ചരിത്രപരമായ മാനദണ്ഡങ്ങൾ സ്വീകരിച്ചു ഗവേഷണം നടത്തിയ സ്വതന്ത്രവിമർശകന്മാരിൽ അഗ്രഗണ്യനായ ഹർണ്ണാക്ക് (Harnack) നൽകിയിട്ടുണ്ട്. (അതിന്റെ ലിസ്റ്റ് ഈ ലേഖനത്തിന്റെ അടിയിൽ കാണുക.) അവയിൽ 1 മുതൽ 4 നമ്പരുകളിലെ ഗ്രന്ഥങ്ങൾ യഥാർത്ഥസുവിശേഷങ്ങളായി ക്രിസ്തീയസഭ ഇന്നോളം സ്വീകരിച്ചുപോരുന്ന, മത്തായിയുടേയും മാർക്കോസിന്റേയും, ലൂക്കായുടേയും, യോഹന്നാന്റേയും സുവിശേഷങ്ങളാകുന്നു. 5 മുതൽ 20 വരെ നമ്പരുകളിലുള്ള ഗ്രന്ഥങ്ങൾ മുഴുവനും വ്യാജസുവിശേഷങ്ങളായി (Apocryphal) ക്രിസ്തീയസഭ പരിത്യജിച്ചിരിക്കയാണ്. ഇവയിൽ പലതും അപ്പസ്തോലന്മാരുടെ നാമങ്ങളോടു ഘടിപ്പിച്ചിട്ടുണ്ടെങ്കിലും, അവയെല്ലാം തിരസ്കൃതമാവുകയും, ആദ്യത്തെ 4 അക്കങ്ങളിലുള്ള ഗ്രന്ഥങ്ങളിൽ രണ്ടെണ്ണം അപ്പസ്തോലന്മാരല്ലാത്തവരുടെ നാമത്തോടു ഘടിപ്പിച്ചിട്ടുള്ളതാണെങ്കിലും അവയെല്ലാം സ്വീകൃതമാവുകയും ചെയ്ത വിധമേതാണെന്ന്, ആ തരംതിരിപ്പും തിരഞ്ഞെടുപ്പും നടന്നിട്ട് അനേകനൂററാണ്ടുകൾ കഴിഞ്ഞിരിക്കുന്ന ഇന്നു നമുക്കു കണിശമായി നിർണ്ണയിക്കുവാൻ അസാദ്ധ്യംതന്നെ. എന്നുവരികിലും യഥാർത്ഥസുവിശേഷഗ്രന്ഥങ്ങളെപ്പററി ആദ്യശതകങ്ങളിൽ പ്രാമാണികരായ ക്രൈസ്തവപണ്ഡിതന്മാർ പ്രസ്താവിക്കുന്ന സന്ദർഭങ്ങളിലെല്ലാം പ്രസ്തുത നാലുസുവിശേഷഗ്രന്ഥങ്ങളെ മാത്രം അംഗീകരിച്ചിരുന്നുവെന്നതിനു ധാരാളം ലക്ഷ്യങ്ങളുണ്ട്. അവയിൽ സർവ്വപ്രധാനമായ ഒന്നുമാത്രം ഇവിടെ ഉദ്ധരിക്കാം. അതു് ഏ. ഡി. 202-ൽ കാലംചെയ്ത ലയൺസിലെ (ഫ്രാൻസിൽ) മെത്രാനായിരുന്ന വിശുദ്ധ ഇരനേയൂസ് എന്ന സഭാപിതാവിന്റേതാണ്. അദ്ദേഹം പറയുന്നു: "സുവിശേഷങ്ങൾ 4-ൽകൂടുതലോ കുറവോ ആയിരിക്കുവാൻ 'സാദ്ധ്യമല്ല.'" സാദ്ധ്യമല്ലെന്നുള്ളതിനു് അദ്ദേഹം പറയുന്ന ന്യായം വളരെ വിചിത്രമാണെങ്കിലും അതിലുപയോഗിച്ചിരിക്കുന്ന ഉപമയിൽനിന്നു്, സുവിശേഷങ്ങൾ നാലേയുള്ളു എന്ന പ്രസ്താവത്തിനു ശക്തികൂടുന്നു. ഭൂമികുചക്രവാളസീമയിൽ 4 നദികൾ ഉണ്ടായിരുന്നതുപോലെയും, ഭൂമിക്കു 4 അതിരുകൾ ഉള്ളതുപോലെയും, തിരുസ്സഭയിൽ 4 സുവിശേഷങ്ങൾ ഉണ്ടെന്നാണ് പറഞ്ഞിരിക്കുന്നതു്. എന്നിട്ട് ആ 4 സുവിശേഷങ്ങളെപ്പററി ഈ വിവരങ്ങളും നൽകുന്നു: "മത്തായി എബ്രായക്കാരുടെ മദ്ധ്യത്തിൽ, അവരുടെ ഭാഷയിൽ, ഒരു സുവിശേഷമെഴുതി പ്രസിദ്ധപ്പെടുത്തി. അതു പത്രോസും പൗലോസും റോമിൽ സുവിശേഷപ്രസംഗങ്ങൾ നടത്തുകയും തിരുസ്സഭയുടെ അടിസ്ഥാനമുറപ്പിക്കുകയും ചെയ്തകാലത്താണ്. എന്നാൽ അവർ അവിടെനിന്നും പോയശേഷം, പത്രോസിന്റെ ശിഷ്യനും വ്യാഖ്യാതാവുമായ മാർക്കോസും പത്രോസിനാൽ വിവരിക്കപ്പെട്ടവയെ രേഖപ്പെടുത്തി നമുക്കുതന്നു. പൗലോസിന്റെ അനുഗാമിയായ ലൂക്കായും ആ ശ്ലീഹായാൽ വിവരിക്കപ്പെട്ടവയെ സുവിശേഷമായി ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തി. അനന്തരം നമ്മുടെ ദിവ്യനാഥന്റെ ശിഷ്യനും അവിടുത്തെ മാറത്തുചാരിയിരുന്നവനുമായ യോഹന്നാനും ഏഷ്യായിൽ എഫേസൂസിൽ പാർക്കുമ്പോൾ സുവിശേഷം എഴുതിത്തന്നു." പാഷണ്ഡതകൾക്കെതിരായി ഈ പണ്ഡിതൻ എഴുതിയ സുപ്രസിദ്ധഗ്രന്ഥത്തിൽ നമ്മുടെ 4 സുവിശേഷങ്ങളിൽനിന്നു് ആകെക്കൂടി ഏകദേശം 500 ഉദ്ധരണികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാംകൂടിയെടുത്താൽ 4 സുവിശേഷങ്ങളിലേയും ഉള്ളടക്കം ലഭിക്കത്തക്കവണ്ണം ഉദ്ധരണികൾ അത്ര വിപുലങ്ങളും ബഹുലങ്ങളുമാണ്. ഇരനേയൂസിന്റെ ഈ സാക്ഷ്യത്തിനു് 'ഏററവും വിശ്വാസയോഗ്യമായ പ്രാധാന്യമുണ്ട്. കാരണം, അദ്ദേഹം അപ്പസ്തോലനായ വിശുദ്ധ യോഹന്നാന്റെ അടുത്ത ശിഷ്യനായ വിശുദ്ധ പൊലികാർപ്പിന്റെ അടുത്ത ശിഷ്യനായിരുന്നു. തന്മൂലം അദ്ദേഹത്തിന്റെ സാക്ഷ്യത്തെ യോഹന്നാൻ അപ്പസ്തോലന്റെ സാക്ഷ്യത്തോളംതന്നെ വിലയുള്ളതായി പരിഗണിക്കാം.

## മത്തായിയുടെ സുവിശേഷം

സുവിശേഷഗ്രന്ഥങ്ങൾ നാലും അപ്പസ്തോലന്മാർ ക്രിസ്തുവിനെപ്പററി നടത്തിയിരുന്ന പ്രസംഗങ്ങളുടെ ക്രോഡീകരണത്തെ ആധാരമാക്കി എഴുതിയവയാണെന്നും, ഓരോ സുവിശേഷകനും തന്റെ രചനയിൽ സ്വീകരിച്ച പ്രത്യേകലക്ഷ്യമനുസരിച്ച് ആ ക്രോഡീകരണത്തിൽനിന്നു വിവിധങ്ങളായ ഭാഗങ്ങൾ സ്വീകരിച്ചെന്നും, തന്മൂലമാണ് 4 സുവിശേഷങ്ങൾക്കും പല കാര്യങ്ങളിലും ഐക്യമുണ്ടെങ്കിലും ചില കാര്യങ്ങളിൽ വൈവിധ്യമുള്ളതെന്നും കഴിഞ്ഞതിന്റെ മുമ്പിലത്തെ ലേഖനത്തിൽ ഞങ്ങൾ വിശദീകരിച്ചിരുന്നല്ലോ. മത്തായിയുടെ സുവിശേഷത്തിന്റെ പ്രത്യേകലക്ഷ്യം മുകളിൽ ഉദ്ധരിച്ച ഇരനേയൂസിന്റെ വാക്കുകളിൽ സൂചിതമാണ്. അദ്ദേഹം തന്റെ ഗ്രന്ഥം യഹൂദന്മാർക്കായി, അവരുടെ മാതൃഭാഷയിൽ, എഴുതി. യഹൂദജനം നൂററാണ്ടുകളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന മിശിഹാ (Messias) ഈശോ ആണെന്നും, മിശിഹായെപ്പററി പ്രവാചകന്മാർ പറഞ്ഞിട്ടുള്ളവ ഈശോയിൽ നിറവേറിയെന്ന വസ്തുത അതിനു തെളിവാണെന്നും യഹൂദന്മാരെ, ക്രിസ്ത്യാനികളായവരേയും ക്രിസ്ത്യാനികളാകാത്തവരേയും, ബോദ്ധ്യപ്പെടുത്തണമെന്നതായിരുന്നു മത്തായി സുവിശേഷകന്റെ പ്രത്യേകലക്ഷ്യം. ആ ലക്ഷ്യം സാധിക്കുവാൻ പ്രയോജനപ്പെടുന്ന വിധത്തിലാണ് അദ്ദേഹം തന്റെ സുവിശേഷത്തിൽ ക്രിസ്തുവിനെപ്പററിയുള്ള വിവരങ്ങൾ, സംഭവങ്ങളും വാക്കുകളും, തിരഞ്ഞെടുത്തു ചേർത്തിട്ടുള്ളതു്. ഈ വസ്തുത സുവിശേഷപണ്ഡിതന്മാരായ സകലരും സമ്മതിക്കുന്നു. പ്രസ്തുതസുവിശേഷം ഒരാവർത്തി ശ്രദ്ധിച്ചുവായിക്കുന്നവർക്കും അതു കാണാവുന്നതുമാണ്. ഇങ്ങനെ ഭവങ്ങളോ വാക്കുകളോ രേഖപ്പെടുത്തിയശേഷം, അവയിൽ മിശിഹായെപ്പററിയുള്ള പ്രവചനം നിറവേറിയിരിക്കുകയാണെന്നു് അദ്ദേഹം പലപ്പോഴും എടുത്തു പറയുന്നുണ്ട്. ഇതിനു 4 ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ ചുരുങ്ങിയ ശിശുവധകഥനത്തിൽ തന്നെയുണ്ട്. ഈശോ ബേത്ലഹമിൽ ജനിച്ചതും, ഈജിപ്തിലേക്കു ഓടി രക്ഷപെട്ടതും, ഹേറോദേശ് ശിശുവധം നടത്തിയതും, ഈശോ നസ്രത്തിൽ ചെന്നു താമസിച്ചതും—ഇതെല്ലാം പ്രവചനങ്ങളുടെ പൂർത്തീകരണമാണെന്ന് അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. മററു സുവിശേഷകന്മാർ രേഖപ്പെടുത്താതെ വിട്ടുകളഞ്ഞ ശിശുവധസംഭവം മത്തായി തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തുവാൻ നിശ്ചയിച്ചതിന്റെ കാരണവും ഇതുതന്നെയാണ്. മത്തായിയുടെ സുവിശേഷത്തിന്റെ ഏററവും പ്രാചീനങ്ങളായ കൈയെഴുത്തു പ്രതികൾ അവശേഷിച്ചു കിട്ടിയിട്ടുള്ളവ സകലത്തിലും ഈ ശിശുവധകഥ അടങ്ങിയിട്ടുണ്ട്.

മത്തായിയുടെ സുവിശേഷം രചിച്ച കാലത്തെപ്പററിയും ഇരനേയൂസിന്റെ വാക്കുകളിൽ സൂചനയുണ്ടല്ലോ. അവയുടെ വ്യാഖ്യാനത്തെപ്പററി വിമർശകന്മാരുടെയിടയിൽ അഭിപ്രായവ്യത്യാസമില്ലാതില്ല. അവരിൽ കത്തോലിക്കർ സാമാന്യമായി നിർണ്ണയിക്കുന്ന കാലം ഏ. ഡി. 40—45 ആണ്. പ്രൊട്ടസ്റ്റന്റും സ്വതന്ത്രരുമായ വിമർശകന്മാരിൽ അധികം പേരുടേയും നിർണ്ണയം 70—75 ആണ്. ഹർണ്ണാക്കിന്റെ ആദ്യത്തെ നിർണ്ണയം 70—85 എന്നായിരുന്നു; ഒടുവിലത്തേതാകട്ടെ, ഏ. ഡി. 70തിനു മുമ്പ് എന്നാണ്. വാദത്തിനുവേണ്ടി ഹർണ്ണാക്കിന്റെ അഭിപ്രായം നമുക്കു സ്വീകരിക്കാം. ഏ. ഡി. 70തിനു മുമ്പുള്ള കാലത്ത്, ക്രിസ്തുവിനെ നേരിട്ടറിയുകയും അവിടുത്തെ ജീവിതസംഭവങ്ങൾ വിവരമായി ഗ്രഹിക്കുകയും ചെയ്ത അനവധിയാളുകൾ ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. അവരിൽ ക്രിസ്തുവിന്റേയും അപ്പസ്തോലന്മാരുടേയും ക്രിസ്തുമതപ്രചരണത്തിന്റേയും വിരോധികൾ വളരെയധികം ഉൾപ്പെടുകയും ചെയ്തിരുന്നു. അങ്ങനെയുള്ളവരുടെ മദ്ധ്യത്തിലാണ് മത്തായിയുടെ സുവിശേഷത്തിന്റെ അവതരണവും പ്രചാരവും ഉണ്ടായതെങ്കിൽ, ക്രിസ്തുവിനെപ്പററി ഏതെങ്കിലും കള്ളക്കഥ, അതിലും വിശേഷിച്ച് ഹേറോദേശിന്റെ ശിശുവധം എന്ന കള്ളക്കഥ, തന്റെ ഗ്രന്ഥത്തിൽ ചേർക്കുവാൻ മത്തായി എന്നല്ല, സുബുദ്ധിയുള്ള ഏതൊരുത്തനും തുനിയുക സാദ്ധ്യമാണോ? ആകയാൽ "സുവിശേഷത്തിലെ ശിശുവധകഥ അടിസ്ഥാനമോ സത്യമോ തീരെ ഇല്ലാത്ത"താണെന്ന ലേഖകന്റെ പ്രസ്താവമാണ് അടിസ്ഥാനമോ സത്യമോ ഇല്ലാത്തതെന്നു സ്പഷ്ടമല്ലയോ?

ഇപ്പറഞ്ഞതു ബാഹ്യമായ തെളിവാണ്. ഇനി ആഭ്യന്തരമായ തെളിവിലേക്കു കടക്കാം. സുവിശേഷത്തിലെ ശിശുവധകഥയിൽ യുക്തിക്കു ചേരാത്തതോ, വസ്തുതകൾക്കു യോജിക്കാത്തതോ ആയ അസംഭാവ്യത എന്തെങ്കിലും കാണുന്നുണ്ടോ?

## ജ്ഞാനികളുടെ സന്ദർശനം

ഹേറോദേശുരാജാവിനെ സന്ദർശിച്ചതായി സുവിശേഷകഥയിൽ പറയുന്ന ജ്ഞാനികൾ (Magi) ആരാണ്? പ്രാചീന പേർഷ്യൻ സാമ്രാജ്യത്തിലെ പുരോഹിതവർഗ്ഗത്തിൽപ്പെട്ട മാന്യന്മാരും വിജ്ഞന്മാരുമാണ് അവർ. പ്രസ്തുത സന്ദർശനകാലത്തിനു് ഏകദേശം 70വർഷം പിമ്പ് അർമ്മേനിയായിലെ രാജാവായ തിരിദാത്തേസ് (Tiridates) രാജപട്ടം സ്വീകരിക്കുവാൻ റോമയിൽ ചെന്നതു് ഈ മേജായിമാരുടെ അകമ്പടിയോടുകൂടിയാണ്. അവരുടെ ദർശനം റോമൻ ജനതയിൽ ആശ്ചര്യബഹുമാനവികാരങ്ങൾ സൃഷ്ടിക്കുകയുണ്ടായി. അന്നത്തെ റോമാചക്രവർത്തിയായിരുന്ന നീറോ അവരുടെ ബഹുമാനാർത്ഥം കേമമായ ഒരു വിരുന്നു നടത്തുകയും അവരിൽനിന്നു പല കാര്യങ്ങളും പഠിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അതിനേതാനും കൊല്ലങ്ങൾക്കുമുമ്പ് റോമയിലെ പ്രസിദ്ധ വിജ്ഞാനിയായിരുന്ന സേനെക്കാ (Seneca) തന്റെ കത്തുകളിലൊന്നിൽ, മഹാതത്വശാസ്ത്രജ്ഞനായിരുന്ന പ്ലേറ്റോയുടെ ആത്മാവിന് ആഥൻസിൽവച്ച് മേജായിമാർ ബലിയർപ്പിച്ച വസ്തുത സൂചിപ്പിച്ചിട്ടുണ്ട്. മേജായിമാർക്കു് റോമയിലും ആഥൻസിലും ഇങ്ങനെ പ്രവേശനമുണ്ടായെങ്കിൽ, അവർക്കെന്തുകൊണ്ട് ജറുശലെമിലും പ്രവേശനമുണ്ടായിരുന്നുവെന്ന് വിചാരിച്ചുകൂടാ? നീറോ ചക്രവർത്തി അവർക്ക് ഏററവും മാന്യമായ സ്വീകരണം നൽകിയെങ്കിൽ, ചക്രവർത്തിയുടെ സാമന്തനായ ഹേറോദേശും അപ്രകാരം ചെയ്യുക കേവലം സ്വാഭാവികമല്ലേ?

## "രാജാവായി പിറന്ന ആൾ"

ഈ ജ്ഞാനികൾ അന്വേഷിച്ചു പുറപ്പെട്ടതു് "യൂദന്മാരുടെ രാജാവായി പിറന്ന ആളെ" ആണല്ലോ. യഹൂദജനം "മിശിഹാ" എന്ന നാമത്തിൽ ഒരു രക്ഷകനെ നൂററാണ്ടുകളായി പ്രതീക്ഷിച്ചിരുന്നുവെന്ന് അവരുടെ മതഗ്രന്ഥം (പഴയനിയമം) ആദ്യന്തം വിളിച്ചുപറയുന്നുണ്ട്. ആ രക്ഷകൻ തങ്ങളുടെ ജാതീയവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നവനായിരിക്കുമെന്നു യൂദന്മാർ സാമാന്യേന വിശ്വസിച്ചിരുന്നു. ഈ പ്രതീക്ഷയും വിശ്വാസവും ഹേറോദേശിന്റെ കാലത്ത് വളരെ പ്രാബല്യത്തിൽ എത്തുകയും ചെയ്തിരുന്നു. അതിന്റെ ശക്തിയേറിയ പ്രേരണയാലാണ് അക്കാലശേഷം റോമയുടെ അധിശഭരണത്തിനെതിരായി അവർ തുടരെത്തുടരെ വിപ്ലവങ്ങളുണ്ടാക്കിക്കൊണ്ടിരുന്നതു്. അവയുടെ ഫലമായി ഏ. ഡി. 70-ൽ ജറുശലെമിന്റെ സമൂലനാശം അവർ അനുഭവിക്കേണ്ടിയും വന്നു. രക്ഷകനായ രാജാവിനെപ്പററിയുള്ള യഹൂദന്മാരുടെ പ്രതീക്ഷ അവരുടെ രാജ്യമായ പലസ്തീനായ്ക്കു വെളിയിൽ വിദൂരങ്ങളിൽ പരക്കെ വ്യാപിച്ചിട്ടുണ്ടായിരുന്നു. ടാസിററസ് (Tacitus), സുവെറേറാണിയസ് (Suetonius) എന്നീ പ്രസിദ്ധ റോമാചരിത്രകാരന്മാർ ഇതിനെപ്പററി പ്രസ്താവിക്കുന്നുണ്ട്. വേർജിൽ (Virgil) എന്ന റോമൻ മഹാകവി, ലോകത്തിന്റെ ആശകളെല്ലാം കേന്ദ്രീകരിച്ചിരിക്കുന്ന ഒരു "നവജാതശിശു"വിനെപ്പററി എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ മിശിഹായെപ്പററിയുള്ള ഐസയാസ് (Isa as) എന്ന യഹൂദപ്രവാചകന്റെ വാക്കുകളെ ആശ്ചര്യകരമായി അനുസ്മരിപ്പിക്കുന്നവയാകയാൽ, റോമയിലെ കവിപുംഗവൻ യഹൂദരുടെ പ്രവാചകപുംഗവന്റെ ഗ്രന്ഥം വായിച്ചിരുന്നുവെന്ന് പല പണ്ഡിതന്മാർക്കും അഭിപ്രായമില്ലാതില്ല. യഹൂദന്മാരുടെ മതഗ്രന്ഥമായ "പഴയനിയമം" പ്രസ്തുതകാലത്തിനു 200വർഷങ്ങൾക്കു മുമ്പുതന്നെ ഗ്രീക്കുഭാഷയിലേക്കു വിവർത്തനംചെയ്യപ്പെട്ടിരുന്നുവെന്നതും, തന്മൂലം പലസ്തീനായ്ക്കു വെളിയിൽ ആ ഭാഷ സുജ്ഞാതമായിരുന്ന പ്രദേശങ്ങളിലെല്ലാം ആ ഗ്രന്ഥങ്ങൾ വായിക്കുവാൻ സൗകര്യമുണ്ടായിരുന്നുവെന്നതും സർവ്വസമ്മതമായ ചരിത്രവസ്തുതകളാണ്. ആകയാൽ മേജായിമാർ "പുതിയതായി ജനിച്ച യൂദന്മാരുടെ രാജാവിനെ" അന്വേഷിച്ചു പുറപ്പെടുകയും ജറുശലെമിൽ വന്നെത്തുകയും ചെയ്തതിൽ തെല്ലും അസംഭാവ്യതയില്ലതന്നെ.

## ബാലാമിന്റെ പ്രവചനം

മേജായിമാരുടെയിടയിൽ 500 വർഷങ്ങളിൽപ്പരമായി യഹൂദജനങ്ങളിൽ ഒരു വിഭാഗം പാർത്തുപോന്നിരുന്നു. പലസ്തീനായിലെക്കാൾ കൂടുതൽ യഹൂദന്മാർ ആ പ്രദേശങ്ങളിൽ ഉണ്ടായിരുന്നിരിക്കണം. പലസ്തീനായിൽനിന്നു ബാബിലോണിയായിലേക്കു് നാടുകടത്തപ്പെട്ട യഹൂദന്മാരെ, ബി: സി. 528-ൽ ബാബിലോണിയായെ പിടിച്ചടക്കിയ പേ

ഓർമ്മക്കുറവ്, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും കേശസമൃദ്ധിക്കും ഞങ്ങളുടെ ശീഷാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു് 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.
എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

ർഷ്യാ രാജാവായ സയിറസ്സ് (Cyrus) അവരുടെ സ്വന്തം രാജ്യത്തിലേക്കു മടങ്ങുവാൻ അനുവദിക്കുകയുണ്ടായി. തദനുസരണം യഹൂദന്മാർ പലസ്തീനായിലേക്കു മടങ്ങിയെങ്കിലും, ഒരു വലിയ വിഭാഗം പഴയസ്ഥാനങ്ങളിൽത്തന്നെ വാസമുറപ്പിച്ചിരുന്നു. യഹൂദന്മാരുടെ മതഗ്രന്ഥമായ പഴയനിയമത്തിലെ "സംഖ്യാ" പുസ്തകത്തിൽ "യാക്കോബിൽനിന്നു ഒരു നക്ഷത്രം ഉദിക്കുമെന്നും" ഒരു ചെങ്കോൽ ഇസ്രായേലിൽനിന്നു ഉയർന്നുവരുമെന്നും പ്രസ്താവിക്കുന്ന ബാലാമിന്റെ ഒരു പ്രവചനം അടങ്ങിയിട്ടുണ്ടു് (Numbers XXIV, 17). ഈ പ്രവചനം രക്ഷകനായ മിശിഹാരാജാവിനെ പരാമർശിക്കുന്നതാണെന്നും, തദനുസരണം അവിടുത്തെ ജനനത്തെ അറിയിക്കുന്നതിനായി ഒരു നക്ഷത്രം ഉദിക്കുമെന്നുമുള്ള വിശ്വാസവും പ്രതീക്ഷയും യഹൂദജനസാമാന്യത്തിനുണ്ടായിരുന്നു. യഹൂദന്മാരുടെ മതഗ്രന്ഥങ്ങളും മതസാഹിത്യങ്ങളും പണ്ഡിതവർഗ്ഗത്തിൽപ്പെട്ട മേജായിമാർക്കു അജ്ഞാതങ്ങളായിരിക്കുവാൻ ഇടയില്ല. മേജായിമാർ, ഈജിപ്റ്റിലേയും ഗ്രീസിലേയും റോമയിലേയും മററും വിഗ്രഹാരാധകരായ പുരോഹിതന്മാരെപ്പോലെ ബഹുദേവവിശ്വാസികളല്ലായിരുന്നു. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നാഥനും നന്മസ്വരൂപനുമായ ഏകദൈവത്തെ ആരാധിച്ചിരുന്ന പുരോഹിതന്മാരായിരുന്നു അവർ. യഹൂദന്മാരുടെ നിർമ്മലവും അദ്വിതീയവുമായ ഏകദൈവവിശ്വാസം അവർക്കില്ലായിരുന്നുവെങ്കിലും, നന്മസ്വരൂപനായ ദൈവത്തിനു് ഏകദേശം തന്നോടുതുല്യനായ തിന്മയുടെ ഒരു ദൈവത്തോടു് ഇനിയും സമരംചെയ്യേണ്ടതായിട്ടുണ്ടെന്നു് അവർ വിശ്വസിച്ചിരുന്നെങ്കിലും, ദൈവവെളിപാടിന്റെ സഹായംകൂടാതെ മനുഷ്യബുദ്ധിക്കു് അതുവരെ പ്രാപിക്കുവാൻ കഴിഞ്ഞതിൽ ഏററവും ഉൽകൃഷ്ടമായ മതമായിരുന്നു അവർ സ്വീകരിച്ചിരുന്നതു്. മേജായിമാർ ഗ്രഹശാസ്ത്രത്തിലും പിടിയുള്ളവരായിരുന്നു. ഈ സാഹചര്യങ്ങളിൽ ബാലാമിന്റെ പ്രസ്തുതപ്രവചനം അവരുടെ ഓർമ്മയിൽ വരികയും, അന്തരിക്ഷത്തിൽ പ്രത്യക്ഷപ്പെട്ട നക്ഷത്രത്തെ മിശിഹാരാജാവിന്റെ ജനനം അറിയിക്കുന്ന അത്ഭുതകരമായ അടയാളമായി അവർ പരിഗണിക്കുകയും, ആ അറിയിപ്പനുസരിച്ചു് അവർ യൂദന്മാരുടെ നാട്ടിലേക്കു പുറപ്പെടുകയും ചെയ്തതു് ഏററവും സ്വാഭാവികമല്ലയോ?

### നക്ഷത്രം

ബൈബിൾ ശാസ്ത്രീയഗ്രന്ഥമല്ല. ശാസ്ത്രീയമായ വസ്തുതകളെത്തന്നെ ശാസ്ത്രീയഭാഷയിലല്ല, സാമാന്യഭാഷയിലാണു് അതിൽ വ്യവഹരിക്കുന്നതു്. ആകയാൽ "നക്ഷത്രം" എന്ന ശബ്ദത്തെ ശാസ്ത്രീയമായ വിവക്ഷയോടുകൂടിയാണു് സുവിശേഷകൻ പ്രയോഗിച്ചിരിക്കുന്നതെന്നു് അവശ്യം വിചാരിക്കുവാൻ ന്യായമില്ല. ദൈവത്തിന്റെ പ്രത്യേകമായ പ്രവൃത്തനത്താൽ പ്രത്യക്ഷപ്പെട്ട ഒരു തേജഃപുഞ്ജം എന്നു് ആ ശബ്ദത്തിനു് അർത്ഥം കല്പിച്ചാൽ മതിയാകും. ആ തേജഃപുഞ്ജം മേജായിമാർ സ്വരാജ്യത്തുവച്ചു ദർശിച്ചു. അവരുടെ യാത്രയിൽ ആദ്യന്തം അതു് അവർക്കു വഴികാട്ടിയായിരുന്നുവെന്നു് സുവിശേഷകൻ പറയുന്നില്ല. നേരെമറിച്ചു്, അവർ യാത്രപുറപ്പെട്ടശേഷം അതു് അപ്രത്യക്ഷപ്പെട്ടുവെന്നും, പിന്നീടു് ജറുശലെമിൽനിന്നു ബേത്ത്ലഹമിലേക്കു യാത്ര തുടർന്നപ്പോൾ അതു വീണ്ടും പ്രത്യക്ഷപ്പെട്ടുവെന്നുമാണു് സുവിശേഷകൻ പറയുന്നതു്. ആ തേജഃപുഞ്ജം അവരന്വേഷിച്ചുവന്ന ശിശു കിടന്നിരുന്ന വസതിക്കുമുകളിൽ നിലകൊള്ളുകയും അങ്ങനെ അവർക്കു ശിശുവിനെ കണ്ടെത്തുവാൻ കഴിയുകയുംചെയ്തു. അസാധാരണമായ ഒരു തേജഃപുഞ്ജം ഇങ്ങനെ അന്തരിക്ഷത്തിൽ പ്രത്യക്ഷപ്പെട്ടതും, മേജായിമാർക്കാവശ്യകമായ അറിവു നൽകുവാൻ ഉപകരണമായിത്തീന്നതും ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തിതന്നെയാണു്. ക്രിസ്തുമതം സ്വീകരിക്കുന്ന അർത്ഥത്തിൽ അത്ഭുതങ്ങൾ സംഭാവ്യങ്ങളാണെന്നും സംഭവിച്ചിട്ടുണ്ടെന്നും സമ്മതിക്കുന്നവർക്കു് സുവിശേഷകൻ വിവരിക്കുന്ന നക്ഷത്രത്തെപ്പററിയുള്ള സംഗതികൾ അവിശ്വസിക്കുവാൻ യാതൊരു ന്യായവുമില്ല. അത്ഭുതങ്ങളുടെ സംഭാവ്യതയെ നിഷേധിക്കുന്നവരുണ്ടെങ്കിൽ അവരോടു ഞങ്ങൾക്കു പറയുവാനുള്ളതു്, അത്ഭുതങ്ങൾ സംഭവിക്കാവുന്നതാണെന്നും സംഭവിച്ചിട്ടുണ്ടെന്നും തെളിയിക്കുവാൻ ക്രിസ്തുമതം നല്കുന്ന ന്യായങ്ങളേയും വസ്തുതകളേയും ഖണ്ഡിച്ചശേഷം വേണം അവർ പ്രസ്തുതകഥയിലെ നക്ഷത്രത്തിന്റെ അത്ഭുതം അസംഭാവ്യമെന്നുവാദിക്കുവാൻ എന്നാണു്.

### ശിശുവധം

ജറുശലെമിലും പരിസരങ്ങളിലും രണ്ടു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം അന്നു് ഇരുപതോ മറേറാ ആയിരുന്നിരിക്കുമെന്നാണു് സുവിശേഷവിമർശകന്മാരുടെ അഭിപ്രായം. അത്രയും കുട്ടികളുടെ ജീവൻ നശിപ്പിക്കുവാൻ ഹേറോദേശ്രാജാവു് തുനിയുകയില്ലെന്നുള്ള ലേഖകന്റെ വാദം തികച്ചും അയഥാർത്ഥമാണെന്നു് കഴിഞ്ഞതിന്റെ മുമ്പിലത്തെ ലക്കത്തിൽ ഞങ്ങൾ സമർത്ഥിച്ചിരുന്നു. തന്റേയും തന്റെ വംശത്തിന്റേയും രാജവാഴ്ചക്കു് ഏതെങ്കിലും വിധത്തിൽ വിഘാതമായിത്തീരുമെന്നു സംശയമുള്ള സകലരേയും, തന്റെ ഒരു ഭാര്യയേയും അവരിൽനിന്നുള്ള പുത്രന്മാരെപ്പോലും, നാമാവശേഷമാക്കുവാൻ കൂസലോ മന



തിരുവല്ലായിലെ അഭിനവമോൺസിഞ്ഞോർമാർ

വെരി റവ. മോൺ. ജോൺ കച്ചിറമററം, വെരി റവ. മോൺ. മാത്യു നെടുങ്ങാട്ടു്

ക്കടിയോ അശേഷവുമില്ലാത്ത അത്യന്തം നിഷ്ഠുരനായ ഹേറോദേശ്, തന്റേയും തന്റെ വംശത്തിന്റേയും രാജവാഴ്ചക്കെതിരായിത്തിരുവാനിടയുണ്ടെന്നു തനിക്കു ബലമായി സംശയംതോന്നിയ ഒരു രാജശിശുവിനെ നാമാവശേഷമാക്കുവാൻ വേണ്ടി, പ്രസ്തുത ശിശുവധത്തിനു സന്നദ്ധനായതിൽ അസംഭാവ്യത എന്തുള്ളു? ഈ ശിശുവധത്തിന്റെ വാർത്ത അന്നത്തെ റോമാചക്രവർത്തിയായ അഗസ്റ്റസിൽ ഉളവാക്കിയ പ്രത്യാഘാതത്തെ എ. ഡി. 410-ൽ ദേഹവിയോഗംചെയ്ത മക്രോബിയസ്സ് എന്നുപേരുള്ള ഒരു പെയ്ഗൺ ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുണ്ടു്. വാർത്തകേട്ടപ്പോൾ "ഹേറോദേശിന്റെ പുത്രനായിരിക്കുന്നതിനെക്കാൾ ഭേദം ഹേറോദേശിന്റെ പന്നിയായിരിക്കുകയാണു്" എന്നു ചക്രവർത്തി പ്രസ്താവിച്ചുവെന്നാണു് ഇദ്ദേഹം എഴുതിയിരിക്കുന്നതു്. പന്നിമാംസം ഭക്ഷിക്കരുതെന്നു വിലക്കുന്ന യഹൂദനിയമത്തെ ആദരിച്ചുകൊണ്ടു് ഹേറോദേസ്സ് പന്നികളെ വധിക്കുവാൻ വൈമനസ്യമുള്ളവനാണെന്നും, എന്നാൽ സ്വന്തം പുത്രന്മാരെ വധിക്കുവാൻ അശേഷം മടിയില്ലാത്തവനാണെന്നുമാണു് ഈ വാക്യത്തിന്റെ താല്പര്യം. ശിശുവധത്തിനു് ഏതാനും മാസങ്ങൾക്കുശേഷം തന്റെ മരണത്തിനു് 5 ദിവസത്തിനുമാത്രംമുമ്പു്, ഹേറോദേശ് തന്റെ ആദ്യഭാര്യയുടെ മൂത്തപുത്രന്റെ വധം നടത്തിക്കുകയുണ്ടായി. മദ്ധ്യവയസ്കനായ ആ പുത്രന്റെ വധത്തെ പരാമർശിച്ചായിരിക്കണം ചക്രവർത്തി മേൽപ്രകാരം പ്രസ്താവിച്ചതു്. അതു രേഖപ്പെടുത്തിയ പ്രസ്തുതഗ്രന്ഥകാരൻ രണ്ടു വധങ്ങളും തമ്മിൽ വിവേചിക്കാഞ്ഞതു പിശകുതന്നെ. എങ്കിലും ഹേറോദേശിന്റെ സ്വഭാവത്തെപ്പററി ചക്രവർത്തിക്കുണ്ടായിരുന്ന അഭിപ്രായത്തിനു ഗ്രന്ഥകാരന്റെ വാക്കുകൾ സാക്ഷ്യംവഹിക്കുന്നുണ്ടല്ലോ.

ചരിത്രത്തിൽനിന്നും നാമറിയുന്ന വസ്തുതകളോടു് ഇത്രമാത്രം പൊരുത്തമുള്ള കഥയെയാണു് ശ്രീ രാമൻമേനോൻ "പേക്കഥ" എന്നവഹേളിക്കുന്നതു്. "ജാലിയാംവാലാബാഗിലെ കൂട്ടക്കൊല"യുടെ കഥ നെഹ്റുവിന്റെ ആത്മകഥാകഥനത്തിലുള്ളതു പേക്കഥയാണോ? "ഒരു കൂട്ടക്കൊലനടത്തുന്ന വെടിവയ്പു തങ്ങളെ അരിഞ്ഞരിഞ്ഞു തള്ളുമ്പോൾ, പുറത്തേക്കുപോകാൻ ഒരു വഴികാണാതെ ആയിരക്കണക്കിനു ജനങ്ങൾ ഏകദേശം 5 അടി ഉയരമുള്ള ചെറിയ മതിലിനടുക്കലേക്കു കുതിച്ചുചെന്നു് അതു കേറിമറിയുവാൻ ശ്രമിച്ചതും, ആ വഴിക്കു ജനങ്ങൾ രക്ഷപെടുന്നതു തടയുവാനായി അപ്പോൾ വെടിവയ്പു് ആ മതിലിനുനേരെ തിരിച്ചതും, എല്ലാം കഴിഞ്ഞശേഷം മരിച്ചവരും മുറിവേററവരുമായ ആളുകളുടെ കൂമ്പാരങ്ങൾ ഉണ്ടായിരുന്നതും" മററുമാണു് നെഹ്റു പറയുന്ന കഥ. വെൻറൽ വിൽക്കി "ഏകലോക"മെന്ന തന്റെ സുപ്രസിദ്ധഗ്രന്ഥത്തിൽ റഷ്യയിലെ കമ്മ്യൂണിസ്റ്റു് വിപ്ലവകർത്താക്കൾ നടത്തിയതായി രേഖപ്പെടുത്തിയ കൂട്ടക്കൊലയുടെ കഥയും പേക്കഥയാണോ? "മററു രാജ്യങ്ങളിലേക്കു ഓടിരക്ഷപെട്ട താരതമ്യേന വളരെ ചുരുക്കം ആളുകളൊഴിച്ചു് റഷ്യയിലെ ഉയർന്നവർഗ്ഗക്കാരും മദ്ധ്യവർഗ്ഗക്കാ


സ്വർണ്ണപണയം

കുറഞ്ഞപലിശ. കൂടുതൽ നിരക്കു്

**ബാങ്ക് ഓഫ്**

**കൊച്ചിൻ ക്ലിപ്തം**

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡു്


രും മിക്കവാറും മുഴുവൻതന്നെ നാമാവശേഷമാക്കപ്പെട്ടു" എന്നാണു് വിൽക്കി എഴുതിയിരിക്കുന്നതു്. ഈ കഥകൾ രണ്ടും, നാസികളും കമ്മ്യൂണിസ്റ്റുകാരും നടത്തിയിട്ടുള്ള അനേകമനേകം കൂട്ടക്കൊലകളുടെ മററു കഥകളും ആധുനികലോകത്തിലെ, 20-ാം നൂററാണ്ടിലെ, യഥാർത്ഥസംഭവങ്ങളുടെ യഥാർത്ഥവിവരങ്ങളാണെന്നു സമ്മതിക്കുന്നവർക്കു് പ്രാചീനലോകത്തിലെ, ഒന്നാം നൂററാണ്ടിലെ, ശിശുവധകഥ പേക്കഥയാണെന്നു് അവഹേളിച്ചു തിരസ്കരിക്കുവാൻ എന്തു ന്യായം?

1-4 The Canonical Gospels
5 The Gospel according to the Hebrews
6 The Gospel of Peter
7 The Gospel according to the Egyptians
8 The Gospel of Matthias
9 The Gospel of Philip
10 The Gospel of Thomas
11 The Proto-Evangelium of James
12 The Gospel of Nicodemus (Acta Pilati)
13 The Gospel of the twelve Apostles
14 The Gospel of Basilides
15 The Gospel of Valentinus
16 The Gospel of Marcion
17 The Gospel of Eve
18 The Gospel of Judas
19 The writing Tenna Marias
20 The Gospel Teleioseos

## "കുർബാനയിൽ സജീവം പങ്കുകൊള്ളുക"

(എൽ. ജെ. ചിററൂർ)

വി. കുർബാനയുടെ മാഹാത്മ്യം ജനങ്ങളെ മനസ്സിലാക്കുന്നതിനും, അനുദിനം നടക്കുന്ന ദിവ്യബലിയിൽ സന്നിഹിതരായി അമൂല്യാനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിനു് അവരെ പ്രേരിപ്പിക്കുന്നതിനും പരിശുദ്ധ പിതാവും വൈദികമേലദ്ധ്യക്ഷന്മാരും അടുത്തകാലത്തു് ആവർത്തിച്ചു് ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുകയാണു്. ഈ ഉപദേശങ്ങളുടെ ഫലമായി നമ്മുടെ ദൈവാലയങ്ങളിൽ ദിവസംപ്രതി ദിവ്യബലിയിൽ സംബന്ധിക്കുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്നുണ്ടു്. എന്നാൽ അതോടൊപ്പം പ്രാധാന്യം അർഹിക്കുന്ന ഒന്നാണു് നാം കുർബാനയിൽ സജീവമായി പങ്കുകൊള്ളണമെന്നുള്ളതു്. ഏററവും പ്രാധാന്യം അർഹിക്കുന്ന വി. കുർബാനയുടെ സമയത്തു് നാം സ്വകാര്യപ്രാർത്ഥനകളിൽ ഏർപ്പെടുന്നതിനെക്കാൾ ഫലദായകമായതു് പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനകൾ നാമും പിൻചൊല്ലുകയും, ജനങ്ങളുടെ നാമത്തിൽ ശുശ്രൂഷിചൊല്ലുന്ന അവസരത്തിൽ സഹകരിക്കുകയുമാണു്.

കുർബാനയുടെ പരിഭാഷ പള്ളികളിൽ വായിക്കുന്ന ഒരു പതിവു് പ്രചാരത്തിൽവന്നിട്ടുണ്ടു്. മുഴുവൻവായിക്കുന്നതിനു സാധിക്കാതെവരുന്നതിനാൽ വിഷമിക്കുന്നവരുമുണ്ടു്. കുർബാനയുടെ സമയത്തു വായിക്കുന്നതിനു തെരഞ്ഞെടുത്ത പ്രത്യേകപ്രാർത്ഥനകളും, മനോഹരങ്ങളായ ഏതാനും ഗാനങ്ങളും സമുച്ചയിച്ചു ബ. നടയ്ക്കൽ മത്തായി അച്ചൻ "കുട്ടികളുടെ കുർബാന" എന്നപേരിൽ ഒരു ലഘുഗ്രന്ഥം പ്രസിദ്ധംചെയ്തിട്ടുണ്ടു്. പോരെങ്കിൽ കുട്ടികളുടെ ഉപയോഗത്തിനുവേണ്ടി, കുമ്പസാരം, കുർബാന ഈ കൂദാശകൾ സ്വീകരിക്കുന്നതിനു മുമ്പും അതു കഴിഞ്ഞും ചൊല്ലേണ്ടജപങ്ങളും ഇതിൽ ചേർത്തിട്ടുണ്ടു്. ആകർഷകമായി പ്രസിദ്ധം ചെയ്തിരിക്കുന്ന ഈ കൃതി (2 ണ. വില) ഫാ. മാത്യു നടയ്ക്കൽ, അതിരമ്പുഴ, എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്. നമ്മുടെ കുട്ടികളും പ്രായമായവരും ഇതുപയോഗിച്ചു് കുർബാനയിൽ സജീവം പങ്കുകൊള്ളുന്നതു നന്നായിരിക്കും.

ചെറുകഥ

# പുനർവിവാഹം

(മാത്യു എം. പാണ്ടനാട്ട് ബി. എ. ബി ടി.)

വർഷം ആറുകഴിഞ്ഞു ദേവസ്സിക്കുട്ടി കൊളമ്പിൽ എത്തിയിട്ട്. സാമർത്ഥ്യവും തന്റേടവുമുള്ള ഒരു യുവാവാണയാൾ. മുപ്പതുവയസ്സിനടുത്തു് പ്രായംവരും. സ്കൂൾ ഫൈനൽ പാസ്സായിട്ടില്ലെങ്കിലും ഒഴുക്കും ഓമനത്തവുമുള്ള ഇംഗ്ലീഷ് അയാൾ സംസാരിക്കും. ഒരു സായിപ്പിന്റെ എസ്റ്റേററു മാനേജരായി ജോലിനോക്കുന്ന ദേവസ്സിക്കുട്ടി ജോലിമതിയാക്കി നാട്ടിലേക്കു തിരിച്ചിരിക്കുകയാണ്.

ആറുവർഷങ്ങൾക്കുമുൻപു കോട്ടയം പട്ടണത്തിലെ ഒരു സ്വർണ്ണവ്യാപാരിയായിരുന്നു ദേവസ്സിക്കുട്ടി. മാതാപിതാക്കന്മാരുടെ ഏകസന്താനംകൂടിയായിരുന്ന അവൻ വിവാഹംകഴിഞ്ഞു് അധികംകഴിയുന്നതിനുമുൻപു നാടുവിടേണ്ടതായിട്ടാണു് വന്നതു്. ഏകസന്താനമാണെന്നുള്ള സമാധാനംപറഞ്ഞു് കോട്ടയംപട്ടണത്തിലെ ഒന്നാംകിട നേതാക്കന്മാരെയൊക്കെ ക്ഷണിച്ചുവരുത്തി സദ്യയും വിരുന്നുമൊക്കെ നൽകി വിവാഹം പൊടിപൊടിച്ചു നടത്തി. പട്ടണത്തിലെ സ്ഥിതിയും അന്തസ്സുമുള്ള ഒരു കോൺഗ്രസ് പ്രവർത്തകന്റെ പുത്രിയെ വിവാഹം ചെയ്തതോടുകൂടി, ശ്വശുരന്റെ നിലയ്ക്കൊപ്പിച്ച് ദേവസ്സിക്കുട്ടിക്കു് ജീവിക്കേണ്ടതായുംവന്നു. അങ്ങനെ ബർളാപൊടിച്ചുകൊണ്ടിരുന്ന അവസരത്തിലാണു് സ്വർണ്ണക്കടയിൽ മോഷണം നടന്നതു്. അതോടെ ദേവസ്സിക്കുട്ടി പാപ്പരായി. ഒരു പതിനായിരത്തിന്റെ ബാദ്ധ്യതയും വന്നുകൂടി. അയാൾ കോട്ടയം തെരുവിൽക്കൂടി പോകുമ്പോൾ, ചില പഴയപരിചയക്കാരും പാർശ്വവർത്തികളുമൊക്കെ പരിഹാസപൂർവ്വം ചിരിച്ചുതുടങ്ങി. ചിലരൊക്കെ സഹതാപവും പ്രദർശിപ്പിച്ചു. ജീവിതത്തിന്റെ കടുത്ത യാഥാർത്ഥ്യങ്ങൾ ആ പാപ്പരുപുള്ളിയുടെ മുൻപിൽ നൃത്തംവയ്ക്കുവാൻ തുടങ്ങി. അവയുമായി പൊരുത്തപ്പെടുവാനുള്ള കെൽപു് അയാൾക്കില്ലെന്നുവന്നു. വിവാഹംകഴിഞ്ഞിട്ടാറുമാസംപോലും കഴിയാത്ത മറിയാമ്മയുടെ മുൻപിൽ നിത്യവൃത്തിക്കുപോലും നിർവാഹമില്ലാത്ത ഒരു ദരിദ്രനാണു ദേവസ്സിക്കുട്ടി! ശ്വശുരന്റെ മുൻപിൽ ഒരു അപരാധിയും. ദേവസ്സിക്കുട്ടിയുടെ ധൂർത്തടിയും സ്വർണ്ണവ്യാപാരവുമൊക്കെക്കണ്ടു് വൻപ്രതീക്ഷകളോടുകൂടിയാണു് ആ കോൺഗ്രസ് നേതാവു് ഈ വിവാഹത്തിനു തുനിഞ്ഞതു്. വേറെ നാലു പുത്രികളുംകൂടിയുള്ള ആ കോൺഗ്രസ് പ്രവർത്തകനു് ഈ പുത്രിയും ജാമാതാവും ഒരു ഭാരവുമായി. മറിയാമ്മയ്ക്കു് പിതാവിന്റെ നിർബന്ധംമൂലം പിതൃഗൃഹത്തിലേക്കു് പോരേണ്ടതായുംവന്നു. അന്നിറങ്ങിയതാണു് ദേവസ്സിക്കുട്ടി നാട്ടിൽനിന്നു്. അന്തസ്സായി ജീവിക്കുവാൻവേണ്ട വകയുമായേ തിരിയെ നാട്ടിൽ കാലുകുത്തുകയുള്ളുവെന്നു് മറിയാമ്മയ്ക്കു് ഒരു പ്രതിജ്ഞകൂടി നൽകിയിട്ടാണു് അയാൾ ഇറങ്ങിയതു്. അതു് കഴിഞ്ഞിട്ടു വർഷം ആറായി. അയാൾ ഇനിയും തിരിച്ചുവരുമോ ആവോ—അവൾ ശങ്കിച്ചുതുടങ്ങി.

വീടുവിട്ടതിനുശേഷം വീട്ടിലെ വിവരങ്ങളെപ്പററി ദേവസ്സിക്കുട്ടിക്കു ഒരു തുമ്പുമില്ല. ഒരൊററ എഴുത്തുപോലും വീട്ടിലേക്കയച്ചിട്ടില്ല. നാട്ടിലെ ഒരു മലയാളപത്രംമാത്രം വരുത്തുന്നുണ്ടായിരുന്നു. അതിലെ പ്രാദേശികവാർത്തകൾ മാത്രമാണു് വീടിനെപ്പററിയും നാടിനെപ്പററിയും അയാൾക്കുള്ള അറിവു്.

ദേവസ്സിക്കുട്ടി മരിച്ചുന്നായിരുന്നു ആ നാട്ടുകാരുടെയൊക്കെ വിശ്വാസം. അയാൾ വീട്ടിൽനിന്നും അപ്രത്യക്ഷമായതിന്റെ പിറേറതിന്റെ പിറേറന്നു് കോട്ടയമാററിൽക്കൂടി ഒരു ശവമൊഴുകി. അതു ദേവസ്സിക്കുട്ടിയുടേതായിരിക്കുമെന്നു് പട്ടണത്തിൽ അവനെ പരിചയമുള്ള പലരും പറഞ്ഞു. അവന്റെ വൃദ്ധനായ പിതാവുപോലും അതു സമ്മതിച്ചു. പക്ഷെ പിതൃഗൃഹത്തിൽ താമസമാക്കിയിരുന്ന മറിയാമ്മയ്ക്കുമാത്രം അതു വിശ്വാസമായില്ല. ദേവസ്സിക്കുട്ടിയിൽ അവൾക്കത്രയധികം ആത്മവിശ്വാസമുണ്ടായിരുന്നു. പാപ്പരായ കുടുംബത്തിന്റെ പ്രശസ്തി പുനഃസ്ഥാപിച്ചു് ശവ ഘനീർവഹണം നടത്തുവാൻ ഒരു പ്രഭാതത്തിൽ അയാൾ പ്രത്യക്ഷപ്പെടുമെന്നുതന്നെ അവൾ വിശ്വസിച്ചു. പക്ഷെ വർഷം ആറായില്ലേ, നിരാശയുടെ കരുവാളിച്ച നിഴലുകൾ അവളിൽക്കൂടി നീങ്ങിത്തുടങ്ങി.

ഈ ആറുവർഷത്തിനിടയിൽ മറിയാമ്മയുടെ പുനർവിവാഹത്തിനുള്ള ആലോചനകൾ തെരുതെരെ നടക്കുന്നുണ്ടായിരുന്നു. മറിയാമ്മയുടെ വിസമ്മതംകൊണ്ടാണു് അതു് ഇത്രയും ദീർഘിച്ചതു്. അവളുടെ വിസമ്മതം ആ പൊതുജനപ്രവർത്തകൻ ഇനിയും വകവെച്ചുകൊടുക്കുവാൻ പോകുന്നില്ല.

“ആററിൽ ചാടിമരിച്ച ദേവസ്സിക്കുട്ടി തിരിയെവരാൻ നീ കാത്തിരിക്കയാണോ?” മറിയാമ്മയുടെ പിതാവു് കുറെ പരുഷമായിത്തന്നെ അവളോടു ചോദിച്ചു.

കൺപോളകളിൽ തങ്ങിനിന്നിരുന്ന ബാഷ്പബിന്ദുക്കൾമാത്രമായിരുന്നു ഈ ചോദ്യത്തിനു് മറിയാമ്മയ്ക്കുണ്ടായിരുന്ന സമാധാനം.

വിവാഹാലോചനക്കാർ പിന്നെയും വന്നുകൊണ്ടേയിരുന്നു.

“അയാൾ ഒരു എക്സൈസ് ഇൻസ്പെക്ടറാണു്. നല്ല പഠിപ്പുമൊണ്ടു്. വീട്ടിലും വേണ്ടിയേല. അടുത്ത ഞായറാഴ്ച മനസ്സുമ്മതം വരവാണു്.” മറിയാമ്മയുടെ അമ്മ അലക്ഷ്യമായിട്ടവളോടു പറഞ്ഞു.

മറിയാമ്മ ഒന്നുഞെട്ടി. അവളറിയാതെ പുനർവിവാഹാലോചന ഇതുവരെ നടത്തിയിട്ടില്ല. ഇനി അത്യാവശ്യമില്ലെന്നോ? ഒരു പരീക്ഷണഘട്ടത്തിലേക്കു് അവൾ വഴുതിവീഴുകയാണെന്നു് അവൾക്കു് ബോദ്ധ്യമായി.

“അമ്മെ, ഇനിക്കിനിയും കല്യാണമാവശ്യമില്ല” ദൃഢമായ ഒരെതിർപ്പിന്റെ സ്വരം മറിയാമ്മയുടെ മറുപടിയിലുണ്ടായിരുന്നു.

“ഛീ! നെനക്കെന്തറിയാം? ഹും! ഈ കാലംകെട്ടകാലത്തു് ചേർച്ചയുള്ള ഒരു ചെറുക്കനെയൊണ്ടാക്കിക്കൊണ്ടുവന്നപ്പോൾ നെനക്കൊക്കിയേലന്നോ?” ആ വൃദ്ധമാതാവു് അരിശംകൊണ്ടു് അലറി.

“ദേവസ്സിക്കുട്ടി ജീവിച്ചിരിപ്പുണ്ടെങ്കിലോ?” മറിയാമ്മ ശാന്തമായും വിനയമായും ചോദിച്ചു.

“ഒണ്ടെങ്കിൽ വരേല്യെ. കൊല്ലം ആറായില്ലെ പോയിട്ടു്. ആററിൽ വീണു് മരിച്ചതു് അവനാന്നു് അന്നേ എല്ലാരും സമ്മതിച്ചതാ. നെനക്കിതൊന്നും തലേക്കേറിയേലേ?” അവർ യുക്തിപൂർവ്വം പുത്രിയോടു വാദിച്ചു.

മറിയാമ്മയ്ക്കു മറുപടിയില്ലാത്ത ചോദ്യങ്ങൾ. ദേവസ്സിക്കുട്ടിയുടെ പിതാവുപോലും മറിയാമ്മയുടെ പുനർവിവാഹത്തിനു സമ്മതംനൽകിക്കഴിഞ്ഞു. അല്ലെങ്കിൽത്തന്നെ ആ ഗതികെട്ട വൃദ്ധനു് മററവരോടു് വാദിക്കുവാൻ തക്ക കെൽപു് എവിടെ? പിതാവിന്റെ നേരെ നിന്നു് കാര്യങ്ങൾ പറയുവാൻ മറിയാമ്മയ്ക്കു് സാദ്ധ്യമല്ല. സാധിച്ചുവെങ്കിൽത്തന്നെ അതുകൊണ്ടു് വലിയ പ്രയോജനവുമില്ല.

മനസ്സമ്മതത്തിനു നിശ്ചയിച്ചിരുന്ന ഞായറാഴ്ചയായി. പുനർവിവാഹമാണെങ്കിലും സദ്യക്കും സൽക്കാരത്തിനും ഒരു കുറവുമില്ല. ജൂബായും കവണിയും കൈവിരലുകളിൽ മോതിരവുമണിഞ്ഞ കഷണ്ടിത്തലയും കൊമ്പൻമീശയുമുള്ള വരൻ ചമഞ്ഞ പുനർവിവാഹക്കാരൻ എക്സൈസ് ഇൻസ്പെക്ടരേയും പാർട്ടിയേയും വഹിച്ചിരുന്ന കാർ ആ കോൺഗ്രസ് പ്രമാണിയുടെ വീട്ടിന്റെ ഉമ്മറത്തുവന്നു നിന്നു. അവരോടൊന്നിച്ചു് മറിയാമ്മയും പള്ളിവരെ പോയേപററൂ. മറിയാമ്മ ഒന്നു വിസമ്മതിച്ചുനോക്കി. വിക്കലും വിളമ്പലും കലഹവുമായി അവിടെ. അതു വർദ്ധിക്കുകയേയുള്ളു. അവൾ ഒന്നു നിശ്ചയിച്ചു. പള്ളിവരെ ഒന്നു പോയിപ്പോരാമെന്നു്. മനസ്സമ്മതത്തിനല്ല, പുതിയതായി മാറിവന്ന വികാരിയച്ചനോടു് കാര്യം പറഞ്ഞു തിരികെപ്പോരുവാൻ. അങ്ങനെ ആ ആഭാസനാടകത്തിന്റെ ആദ്യരംഗം ആരംഭിച്ചു.

പുനർവിവാഹത്തിനു സമ്മതംമൂളുവാനായി വികാരിയച്ചന്റെ മുൻപിൽ ജൂബാക്കാരനും ജൂബാക്കാരന്റെ ഇടത്തുവശത്തായി മറിയാമ്മയും നിർത്തപ്പെട്ടു. ആദ്യമനസ്സമ്മതത്തിന്റെ മധുരസ്മരണകൾ അയവിറക്കിക്കൊണ്ടു്, നിർന്നിമേഷയായി, വിഷാദാത്മകയായി, വൈരാഗ്യബുദ്ധിയോടുകൂടി ആ അപ്പകടം പിടിച്ച നിമിഷങ്ങൾ എണ്ണിക്കൊണ്ടു് അവൾ നിലകൊണ്ടു.

“ജയിംസേ, കത്തോലിക്കാ സഭാമാതാവിന്റെ നിയമങ്ങൾക്കു വിധേയനായി ഈ നില്ക്കുന്ന മറിയാമ്മയെ നിന്റെ ന്യായമായ ഭാര്യയായി സ്വീകരിക്കുവാൻ നീ മനസ്സാകുന്നുവോ?” വികാരിയച്ചൻ എക്സൈസ് ഇൻസ്പെക്ടർ ജയിംസിനോടു ചോദിച്ചു.

“അതെ, അച്ചാ, മനസ്സാകുന്നു.” അയാൾ സമ്മതംമൂളി. സാക്ഷികൾ ശരിവച്ചു.

“മറിയാമ്മെ, കത്തോലിക്കാ സഭാമാതാവിന്റെ നിയമങ്ങൾക്കു വിധേയയായി ഈ നിൽക്കുന്ന ജയിംസിനെ നിന്റെ ന്യായമായ ഭർത്താവായി സ്വീകരിക്കുവാൻ നീ മനസ്സാകുന്നുവോ?”

“ഇല്ലച്ചാ മനസ്സില്ല.” സങ്കോചരഹിതയായി അവൾ മറുപടിനൽകി.

ഇടിമുഴക്കം കേട്ടതുപോലെ ജൂബാക്കാരൻ ഒന്നു ഞെട്ടി. കൂടെനിന്നവർ അന്ധാളിച്ചു് വായ്പൊളിച്ചു് കണ്ണുകൾ മിഴിച്ചു് അങ്ങനെ നിന്നു. എക്സൈസ് ഇൻസ്പെക്ടരുടെ വൻപിച്ച ബാങ്കു് നിക്ഷേപവും, കൂടുതൽ സമ്പാദിക്കുവാനുള്ള കഴിവുമൊക്കെ കണ്ടു് ഈ വിവാഹത്തിനു കാലുവച്ച മറിയാമ്മയുടെ പിതാവിന്റെ മുഖം കോപംവെറികൊണ്ടു ചുവന്നു.

സംശയനിവാരണത്തിനുവേണ്ടി വൈദികൻ ചോദ്യം ഒരിക്കൽക്കൂടി ആവർത്തിച്ചു. മറിയാമ്മ അതേമറുപടി നൽകി.

“ശരി, പെണ്ണിനു മനസ്സില്ല. നിങ്ങൾക്കു പോകാം.” വൈദികൻ ജൂബാക്കാരനോടായി പറഞ്ഞു.

വഴക്കിന്റെയും വക്കാണത്തിന്റെയും ശബ്ദങ്ങൾ പള്ളിമുററത്തുയന്നപ്പോൾ മറിയാമ്മമാത്രം പള്ളിക്കുള്ളിൽ മുട്ടിന്മേൽ നിന്നു് അഞ്ജലിബദ്ധയായി, നമ്രശിരസ്കയായി, അശ്രുകണങ്ങൾ വിഴ്ത്തി സർവവല്ലഭനോടു് അവളുടെ ഹൃദയയാചനകൾ ഉണർത്തിച്ചു. കരുണാമൂർത്തിയായ ഈശ്വരൻ അതു സ്വീകരിക്കയില്ലെന്നോ?

ആശങ്കകളുടേയും അപശബ്ദങ്ങളുടേയും മദ്ധ്യേ അവൾ പള്ളിമുററത്തേക്കിറങ്ങിയപ്പോൾ, എങ്ങുനിന്നോ ഹുങ്കാരശബ്ദത്തോടുകൂടി ഒരു മോട്ടോർകാർ അവിടെ വന്നു. ദീർഘകായനായ ഒരു കോമളവിഗ്രഹം കാറിൽനിന്നിറങ്ങി. അയാൾ മുൻപോട്ടുനീങ്ങി മറിയാമ്മയുടെ കൈക്കു് കടന്നുപിടിച്ചു.

“മറിയാമ്മേ, നീ എന്തു ചെയ്തു?” അയാൾ ഉദ്വേഗപൂർവ്വം ചോദിച്ചു.

“ഒരു പതിവ്രതയുടെ ധർമ്മം നിർവ്വഹിച്ചു.” അവൾ ക്ഷണം മറുപടി നൽകി.

ആഗതന്റെ കരസ്പർശം അവളിൽ ഒരു കോരിത്തരിപ്പുണ്ടാക്കി. ആനന്ദബാഷ്പങ്ങൾ അവളുടെ കണ്ണുകളിൽനിന്നും ധാരധാരയായി പ്രവഹിച്ചു. അവൾ വിങ്ങിവിങ്ങിക്കരഞ്ഞു. ആഗതനും സംസാരിക്കുവാൻ കഴിഞ്ഞില്ല.

“എന്റെ ദേവസ്സിക്കുഞ്ഞാണോ ഇതു്.” എക്സൈസ് ഇൻസ്പെക്ടരോടു് സമാധാനം പറഞ്ഞുകൊണ്ടിരുന്ന ആ വൃദ്ധശ്വശുരൻ കുററബോധത്തോടുകൂടി തന്നെ ജാമാതാവിനെ ആലിംഗനം ചെയ്തു.

ദേവസ്സിക്കുട്ടി വിനയപൂർവം ശ്വശുരനോടു കുശലം ചോദിച്ചു. ആറുകൊല്ലത്തെ ദീർഘനിശ്ശബ്ദതയ്ക്കു് ശ്വശുരനോടും ഭാര്യയോടും മാപ്പിരന്നു. ഒരു ഹുങ്കാരശബ്ദത്തോടുകൂടി ദേവസ്സിക്കുട്ടിയുടെ കാർ അവർ മൂവരേയും വഹിച്ചുകൊണ്ടു് കഷണ്ടിത്തലയൻ ജൂബാക്കാരനേയും പാർട്ടിയേയും പിന്നിട്ടു് മുന്നോട്ടു നീങ്ങി. സുപരിചിതങ്ങളായ തെരുവുകൾ അയാൾ പിന്നിട്ടു. അയാളുടെ പരിചയക്കാരിൽ പലരും അത്ഭുതത്തോടെ അയാളെ തുറിച്ചുനോക്കി. ഇതൊരു സ്വപ്നമോ? മറിയാമ്മ ശങ്കിച്ചു. അല്ല. ആലക്തികദീപങ്ങൾ തെരുവുകളിൽ എരിയുന്നുണ്ടു്. കാര്യവ്യഗ്രതയിൽ പരക്കംപായുന്ന ജനസഞ്ചയത്തെ അവൾ കാണുന്നുണ്ടു്. ഭർതൃഗൃഹത്തിലേക്കുള്ള സുപരിചിതമായ വഴികൾ അവർ പിന്നിടുകയാണു്. മരിച്ചുപോയി എന്നു വിശ്വസിച്ചിരുന്ന ദേവസ്സിക്കുട്ടിയേയും, പുനർവിവാഹത്തിനു സമ്മതം നൽകിക്കഴിഞ്ഞു എന്നു വിശ്വസിച്ചിരുന്ന മറിയാമ്മയേയും ഒരുമിച്ചു കാണുമ്പോൾ ആ വൃദ്ധദമ്പതികൾ ആനന്ദാശ്രുക്കൾ പൊഴിച്ചു് ആലിംഗനം ചെയ്തു് അവരെ അനുഗ്രഹിച്ചു് സ്വീകരിക്കുന്ന രംഗം അവൾ വിഭാവന ചെയ്തു. അവരുടെ നഷ്ടപ്പെട്ട പ്രൗഢിയും പ്രതാപവും പുനഃസ്ഥാപിതമാകുമെന്നു പ്രതീക്ഷിച്ചിട്ടുണ്ടാകുമോ, ആവോ?

ദേവസ്സിക്കുട്ടി തിരിച്ചുവന്നതിന്റെ പിറേറയാഴ്ച ഇടവകപ്പള്ളിയിലെ വാർഷികധ്യാനമായിരുന്നു. രണ്ടു കപ്പൂച്ചിൻ സന്യാസവൈദികരായിരുന്നു ധ്യാനപ്രസംഗകർ. അത്ഭുതം പ്രവർത്തിച്ച ഒരു ധ്യാനമായിരുന്നു അക്കൊല്ലത്തേതു്. “അനീതിയായി പിടിച്ചെടുത്ത മുതൽ നീതിക്കായി നിലവിളിക്കും” എന്നു് ആ വൈദികർ നിശിതമായി താക്കീതു നൽകി. ഈ താക്കീതു് പലരെക്കൊണ്ടും ആത്മശോധന ചെയ്യിച്ചു. ജീവിതത്തിന്റെ പഴയ ഏടുകൾ പലരും മറിച്ചുനോക്കി. പല ധനികന്മാർക്കും പലതും അതിന്റെ ഉടമസ്ഥരെ ഏൽപ്പിക്കുവാനായി ധ്യാനപ്രസംഗകരെ ഏൽപിക്കുവാനുണ്ടായിരുന്നു.

ധ്യാനമവസാനിച്ചപ്പോൾ അതിനോടകം ഇടവകയിലെ ഒരു അത്ഭുതമനുഷ്യനും ധനാഢ്യനുമായി അറിയപ്പെട്ടുകഴിഞ്ഞിരുന്ന ദേവസ്സിക്കുട്ടിക്കും ആ വൈദികർ ആളയച്ചു. ആറുവർഷം മുൻപു് അയാളുടെ സ്വർണ്ണക്കടയിൽനിന്നും മോഷണംപോയ സ്വർണ്ണപ്പണ്ടങ്ങളിൽ മിക്കവയും തിരിച്ചേല്പിക്കുവാനായിരുന്നു അതു്. സത്യസന്ധനെന്നും, നീതിനിഷ്ഠനെന്നും പരക്കെ സമ്മതിയുള്ള കോട്ടയം പട്ടണത്തിലെ ഒരു സ്വർണ്ണവ്യാപാരിയാണിപ്പോൾ ദേവസ്സിക്കുട്ടി.



“മറിയാമ്മെ, നീ എന്തുചെയ്തു?”
“ഒരു പതിവ്രതയുടെ ധർമ്മം നിർവ്വഹിച്ചു”—അവൾ മറുപടിനല്കി.




# അത്യന്താപേക്ഷിതം

നീതിമാന്മാരാകുന്നു എന്നുവച്ച് തങ്ങളെത്തന്നെ ആശ്രയിക്കയും മററു സകലമനുഷ്യരേയും നിന്ദിക്കയും ചെയ്യുന്ന ആളുകൾക്കെതിരായി അവൻ ഈ ഉപമ അരുളിച്ചെയ്തു: രണ്ടു മനുഷ്യർ പ്രാർത്ഥിക്കുവാനായി ദേവാലയത്തിൽ കയറി. ഒരാൾ പ്രീശനും മററവൻ ചുങ്കക്കാരനുമായിരുന്നു. ആ പ്രീശൻ നിന്നുകൊണ്ട് ഇങ്ങനെ സ്വയം പ്രാർത്ഥിച്ചു: ദൈവമേ, ഞാൻ നിനക്കു കൃതജ്ഞത പറയുന്നു. എന്തുകൊണ്ടെന്നാൽ, ഞാൻ കൊള്ളക്കാരും, അക്രമികളും, വ്യഭിചാരികളുമായ മററു മനുഷ്യരെപ്പോലെയോ, ഈ ചുങ്കക്കാരനെപ്പോലെയോ ഉള്ളവനല്ല. പ്രത്യുത, ആഴ്ചയിൽ രണ്ടുപ്രാവശ്യം ഞാൻ ഉപവസിക്കയും, ഞാൻ സമ്പാദിക്കുന്ന സകലത്തിന്റെയും ദശാംശം കൊടുക്കയും ചെയ്യുന്നു. ആ ചുങ്കക്കാരനോ എന്നാൽ ദൂരെനിന്നു് സ്വർഗ്ഗത്തിലേക്കു് കണ്ണുകളെ ഉയർത്തുവാൻപോലും മനസ്സാകാതെ മാറത്തടിച്ചുകൊണ്ടു്: ദൈവമേ, പാപിയായ എന്റെമേൽ കനിയണമെ എന്നു പ്രാർത്ഥിച്ചു. ഞാൻ നിങ്ങളോടു പറയുന്നു, ഇവർ ആ പ്രീശനെക്കാൾ നീതീകരിക്കപ്പെട്ടവനായി തന്റെ വീട്ടിലേക്കു പോയി; എന്തെന്നാൽ തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടുകയും ചെയ്യും. (പന്തക്കുസ്താ 10-ാം ഞായർ; സുവിശേഷം: ലൂക്കാ XVIII, 9—14).

സഭാചരിത്രത്തിലെ ദാരുണമായ ഒരു സംഭവം നമുക്കു ചിന്താവിഷയമാക്കാം. ജസ്റ്റിൻ എന്നു പേരായ ഒരു ഫ്രാൻസിസ്കൻ സന്യാസി തന്റെ പ്രാർത്ഥനകളാലും ധ്യാനനിഷ്ഠയാലും തപശ്ചര്യകളാലും ദൈവപ്രസാദവരം സമൃദ്ധിയായി സമ്പാദിക്കുകയും വിശുദ്ധിയുടെ പാരമ്യത്തിൽ എത്തിച്ചേരുകയും ചെയ്തു. ജനങ്ങളെല്ലാവരും അദ്ദേഹത്തിന്റെ ജീവിതപരിശുദ്ധിയിൽ അത്ഭുതംപൂണ്ടു; "ജീവിക്കുന്ന ഒരു വിശുദ്ധ"നായി അദ്ദേഹം പരിഗണിക്കപ്പെട്ടു. ക്രമേണ അദ്ദേഹത്തിന്റെ വിശുദ്ധിയുടെ പരിമളം ദിഗന്തങ്ങളിലേക്കും വ്യാപിച്ചു. അന്നു് സഭയെ ഭരിച്ചിരുന്ന 4-ാം എവുജിൻ മാർപ്പാപ്പായും ഇദ്ദേഹത്തെപ്പററി കേൾക്കയും ഇപ്രകാരമുള്ള ഒരു മഹാസിദ്ധന്റെ പരിചയം സമ്പാദിക്കണമെന്നുള്ള അഭിലാഷത്തോടെ അദ്ദേഹത്തെ റോമയിലേക്കു ക്ഷണിക്കയും ചെയ്തു. ജസ്റ്റിൻ മാർപ്പാപ്പായുടെ സന്നിധിയിൽ പ്രവേശിച്ചപ്പോൾ, തിരുമനസ്സുകൊണ്ടു് സിംഹാസനത്തിൽനിന്നും എഴുന്നേററു് ആ സന്യാസിവര്യനെ ആലിംഗനം ചെയ്കയും തന്റെ സമീപത്തുതന്നെ ഉപവിഷ്ടനാക്കയും ചെയ്തു. ഇതെല്ലാം കഴിഞ്ഞു ജസ്റ്റിൻ മടങ്ങിവന്നപ്പോൾ വി. ജോൺ കപ്പിസ്റ്റ്രാൻ അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു: "അല്ലയോ ജസ്റ്റിൻസഹോദരാ, നിങ്ങൾ ഒരു മാലാഖായെപ്പോലെയാണല്ലോ ഇവിടെനിന്നു പോയതു്; എന്നാൽ ഇപ്പോൾ തിരിച്ചുവന്നിരിക്കുന്നതു് ഒരു പിശാചായിട്ടാണല്ലോ! വളരെ പരുഷമായ വാക്കുകൾ! എങ്കിലും ഈ വാക്കുകളുടെ പാരമാർത്ഥ്യം അനന്തരസംഭവങ്ങൾ തെളിയിച്ചു. ജസ്റ്റിൻ ദൈനംദിനം അഹംഭാവത്തിൽ വർദ്ധിച്ചുവന്നു. താൻ വേണ്ടതുപോലെ ബഹുമാനിക്കപ്പെടുന്നില്ലെന്നുള്ള അഹങ്കാരജന്യമായ ആവലാതികളും നീരസപ്രകടനങ്ങളും ധാരാളമായിത്തീർന്നു. അങ്ങനെ ഈ ദുർഗ്ഗുണം വളർന്നുവളർന്നു് അതിന്റെ പരമകാഷ്ഠയിലെത്തിയപ്പോൾ ഒരിക്കൽ, തന്നെ വേണ്ടവിധം മാനിച്ചില്ലെന്നുള്ള കാരണത്താൽ ഒരു സഹോദരന്റെ വിരിമാറിൽ ഒരു കഠാരി കുത്തിയിറക്കുവാൻപോലും ഇടയായി. ഈ കൊലപാതകം കഴിഞ്ഞയുടനെ അയാൾ ഓടിപ്പോകയും ദേശാന്തരങ്ങളിൽ ചുററിത്തിരിഞ്ഞു് സകലവിധ പാപാക്രമങ്ങളിലുംമുഴുകി ജീവിക്കുകയും ചെയ്തു. ഒടുവിൽ അയാൾ കാരാഗൃഹത്തിലടയ്ക്കപ്പെടുകയും അവിടെവെച്ചു ആത്മഹത്യമൂലം സ്വജീവിതത്തിനു് വിരാമമിടുകയും ചെയ്തു. ജസ്റ്റിൻ എളിമയിൽ നിലനിന്നിരുന്നുവെങ്കിൽ ഇന്നു, ഒരു വിശുദ്ധനായി വണങ്ങപ്പെടുമായിരുന്നു. "തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടുകയും ചെയ്യും." വിശുദ്ധിയുടെ അധിത്യകയിൽനിന്നു് അശുദ്ധിയുടെ ഉപത്യകയിലേക്കു് ജസ്റ്റിനു നിപതിച്ച അഹംഭാവം ആവിർഭവിച്ചപ്പോൾ, ലൂസിഫർ ഇടിമിന്നൽപോലെ നരകത്തിലേക്കു നിപതിക്കുന്നതു് താൻ കണ്ടുവെന്നു് ക്രിസ്തുനാഥൻ പ്രസ്താവിച്ചിരിക്കുന്നു.

"ഞാൻ ശുശ്രൂഷിക്കയില്ല" എന്നുള്ള അഹങ്കാരപ്രമത്തമായ ആക്രോശം ഒരു ദൈവദൂതമുഖ്യനെ പൈശാചികപ്രമാണിയാക്കിത്തീർത്തു. നമ്മുടെ ആദിമാതാപിതാക്കന്മാർ ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ചു; അതിന്റെ ഫലം എന്തായിരുന്നുവെന്നു് എല്ലാവർക്കും സുജ്ഞാതമാണല്ലോ.

ദൈവം അഹംഭാവികളോടു് മറുതലിക്കയും എളിമയുള്ളവരെ ഉയർത്തുകയും ചെയ്യുന്നതു തക്കതായ ന്യായത്തോടുകൂടിത്തന്നെയാണു്. നമുക്കുള്ളതെല്ലാം —നമ്മുടെ അസ്തിത്വംപോലും— ദൈവത്തിൽനിന്നാണു് നമുക്കു് ലഭിച്ചിട്ടുള്ളതു്. ഈ പരമാർത്ഥം നാം വെല്ലുവിളിക്കയോ അവഗണിക്കയോ ചെയ്യുമ്പോൾ നാം അഹംഭാവികളായിത്തീരുന്നു; ദൈവത്തിന്റെ സ്ഥാനത്തു് നാം സ്വയം പ്രതിഷ്ഠിക്കുന്നു. "(ദൈവത്തിങ്കൽനിന്നു്) സ്വീകരിക്കാത്തതായി നിന്നിൽ എന്താണുള്ളതു്? അങ്ങനെ, എല്ലാം നീ സ്വീകരിച്ചുവയാണെങ്കിൽ സ്വീകരിക്കാത്തവനെപ്പോലെ നീ എന്തിനു് അഹങ്കരിക്കുന്നു?" (I Cor. IV. 7) അഹംഭാവം വലിയ ധിക്കാരവും അസത്യവും വഞ്ചനയുമാണെന്നു സുവിദിതമാണു്. ഉത്തരത്തിന്മേലിരിക്കുന്ന പല്ലി വിചാരിക്കുന്നു ഈ ഉത്തരം മുഴുവനും ചുമക്കുന്നതു് താനാണെന്നു; ഓടിക്കൊണ്ടിരിക്കുന്ന വണ്ടിച്ചക്രത്തിന്റെ അച്ചുതണ്ടിന്മേലിരിക്കുന്ന ഈച്ച വിചാരിക്കുന്നു, ഈ പൊടിപടലം മുഴുവനും പറപ്പിക്കുന്നതു് താനാണെന്നു; എന്നാൽ ഇവരെക്കാൾ അപഹാസ്യനും ധിക്കാരിയുമല്ലേ അഹംഭാവിയായ മനുഷ്യൻ? ദൈവാനുഗ്രഹങ്ങൾ ലഭിക്കുവാനുള്ള സാദ്ധ്യതപോലും അഹംഭാവിയായ മനുഷ്യനിൽ ഇല്ലതന്നെ. കാരണം, കൊടുമുടികളിൽ വെള്ളം തങ്ങിനില്ക്കയില്ല; താഴ്ന്ന പ്രദേശത്തേക്കാണു് അതു് ഒഴുകിച്ചെല്ലുക. അതുപോലെതന്നെ, "അഹം" (ഞാൻ) കൊണ്ടു് നിറഞ്ഞു വിജൃംഭിക്കുന്ന അഹംഭാവിയിൽ — പൊങ്ങച്ചംകൊണ്ടു് പൊങ്ങിനില്ക്കുന്നവനിൽ— പ്രസാദവരജലം എങ്ങനെ നിലയുറപ്പിക്കും? അഹന്തകൊണ്ടു മുഴുവനും നിറഞ്ഞുകഴിഞ്ഞാൽ പിന്നെ ദൈവത്തിനു് സ്ഥാനമെവിടെ?

നിത്യരക്ഷയ്ക്കുതന്നെ എളിമ അത്യന്താപേക്ഷിതമാണെന്നുള്ള വാസ്തവം എല്ലാവരും ഗ്രഹിക്കേണ്ടതാണു്. എളിമയില്ലാതെ നമുക്കു് പാപപ്പൊറുതി ലഭിക്കയില്ല. യഥാർത്ഥത്തിലുള്ള ആത്മസ്ഥിതി മനസ്സിലാക്കുവാനോ ശരിയായ മനസ്താപമുണ്ടാകുന്നതിനോ അഹംഭാവിക്കു സാദ്ധ്യമല്ല. ഒരു വൈദികന്റെ സമീപം മുട്ടുകുത്തി സ്വന്തം പാപങ്ങൾ ആത്മാർത്ഥതയോടെ ഏററുപറയുവാനും പ്രായശ്ചിത്തകൃത്യങ്ങൾ അനുഷ്ഠിക്കുവാനും എളിമയുള്ളവർക്കേ സാധിക്കൂ. നീതികരണത്തിനു് എളിമയും തജ്ജന്യമായ പാപബോധവും കൂടിയേകഴിയൂ എന്നു ഇന്നത്തെ സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങിപ്പോയി. പഴയനിയമത്തിൽ സാവൂൾരാജാവിന്റെയും ദാവീദ്‌രാജാവിന്റെയും ജീവിതത്തിലും ഈ പരമാർത്ഥം തെളിഞ്ഞുനില്ക്കുന്നുണ്ടു്. രണ്ടുപേരും ദൈവത്തിനെതിരായി ഗൗരവമായ പാപംചെയ്തു. സാവൂളിന്റെ പക്കലേക്കു സമുവേൽ ദീർഘദർശിയും ദാവീദിന്റെ പക്കലേക്കു നാത്താൻ ദീർഘദർശിയും അയക്കപ്പെട്ടു. എന്നാൽ സാവൂൾ എളിമയില്ലാത്തവനായിരുന്നതുകൊണ്ടു പാപത്തിൽത്തന്നെ വ്യാപരിക്കയും ദൈവത്താൽ തിരസ്കൃതനാകയുംചെയ്തു. ദാവീദുരാജാവാകട്ടെ അഗാധമായ എളിമയോടെ കുററം ഏററുപറഞ്ഞു് ഹൃദയതാപം പ്രകടിപ്പിക്കയും പാപമാർഗ്ഗം പാടേ വിട്ടുപേക്ഷിക്കയുംചെയ്തു; തന്നിമിത്തം അദ്ദേഹം ദൈവത്തിനു് സ്വീകാര്യനായി. ...

... പാപങ്ങൾക്കു പൊറുതികിട്ടുന്നതിനു മാത്രമല്ല പുണ്യമാർഗ്ഗത്തിൽ വ്യാപരിക്കുന്നതിനും എളിമ അത്യന്താപേക്ഷിതമാണു്. ലോകം, പിശാചു, ശരീരം എന്നീ ത്രിവിധശത്രുക്കൾ നമ്മെ അടിപെടുത്താനായി അനുസ്യൂതം ആക്രമണങ്ങൾ നടത്തുന്നുണ്ടു്. ഇവയെ ജയിക്കണമെങ്കിൽ എളിമ കൂടിയേ കഴിയൂ; കാരണം എളിമയുള്ളവർക്കുമാത്രമേ ദൈവത്തിന്റെ പ്രസാദവരം ലഭിക്കുന്നതിനും തദ്വാരാ ആദ്ധ്യാത്മികശത്രുക്കളോടു പോരാടി ജയിക്കുന്നതിനും സാധിക്കയുള്ളു. മാത്രമല്ല, ഇപ്രകാരം ആദ്ധ്യാത്മികനാശം വരുത്തുവാൻ ശ്രമിക്കുന്ന മൂന്നു ശത്രുക്കൾ നമുക്കുണ്ടെന്നും നമ്മുടെ നില സുരക്ഷിതമല്ലെന്നും നാം എല്ലായ്പോഴും കരുതിയിരിക്കണമെന്നും മററുമുള്ള വിചാരം എളിമയുള്ളവർക്കുമാത്രമേ ഉണ്ടാകയുള്ളു. ലോകം മുഴുവനിലും മനുഷ്യർക്കായി പിശാചു് നിരത്തിവെച്ചിട്ടുള്ള കണികളുടെ ബാഹുല്യത്തെ ദർശിച്ചുകൊണ്ടു് പണ്ടു് മരുഭൂമിയിലെ വി. അന്തോണി വ്യസനസമേതം ഇപ്രകാരം നിലവിളിച്ചുപറഞ്ഞു: "ഓ കർത്താവേ, ഈ കണികളിൽനിന്നു ആരു രക്ഷപ്രാപിക്കും? സ്വർഗ്ഗം പ്രാപിക്കുവാൻ ആർക്കു കഴിയും?" ഇതിനു ഒരു മറുപടിയും അദ്ദേഹത്തിനുലഭിച്ചു: "എളിമയുള്ളവർക്കുമാത്രം". തെർത്തുല്യൻ, മുതലായ മഹാപണ്ഡിതന്മാർ അഹംഭാവംനിമിത്തം അധഃപതിക്കയും പാഷണ്ഡതയിലേക്കുപോലും കാലുകുത്തുകയും ചെയ്തതായ ദയനീയസംഭവം ചരിത്രത്തിന്റെ ഏടുകളിൽ നമ്മെ തുറിച്ചുനോക്കുന്നില്ലേ?

ചിലർ പറയും "ഓ ഞാൻ അയോഗ്യനാണു്, നിസ്സാരനാണു്, പാപിയാണു്, ഒന്നിനും കൊള്ളാത്തവനാണു്" എന്നെല്ലാം. എന്നാൽ ഇങ്ങനെ പറയുന്നതിൽ ആത്മാർത്ഥതയുണ്ടോ എന്നു നല്ലവണ്ണം പരിശോധിച്ചുനോക്കണം. എളിമയുടെ മൂടുപടമിട്ട അഹംഭാവമാണോ അതു്? ഇക്കൂട്ടരുടെ മുഖത്തുനോക്കി മററാരാൾ ഈ ന്യൂനതകൾ അവരുടെമേൽ ആരോപിക്കട്ടെ; അപ്പോൾ കാണാം ഒരുപക്ഷെ അവരുടെ ഭാവം മാറുന്നതു്. നമ്മിൽ വല്ല സൽഗ്ഗുണങ്ങളോ കഴിവുകളോ മററോ ഉണ്ടെങ്കിൽ അവ ഇല്ലെന്നു പറയുന്നതിലല്ല എളിമ അടങ്ങിയിരിക്കുന്നതു്; പ്രത്യുത, അവ ദൈവം നൽകിയതാണെന്നു് ഏററുപറയുന്നതിലാണു്. "ഞാൻ എന്തെങ്കിലുമാകുന്നുവെങ്കിൽ, അതു ദൈവത്തിന്റെ അനുഗ്രഹത്താലാകുന്നു" എന്നു് വി. പൗലോസിനോടുകൂടി നമുക്കും പറയുവാൻ സാധിക്കണം; എളിമയും സത്യവും ഒന്നുതന്നെ.

(ജെ. ചെമ്മണൂർ)


കാത്തലിക്കു് സിറിയൻ ബാങ്കു് ലിമിററഡ്

തൃശ്ശിവപേരൂർ

## പുതിയ ത്രൈമാസക്കുറി

Govt. Order S. R. 5-5297/51/B. R. D. dated 19-6-'51

നറുക്കു 1 ക്കു 500 ക. 128 നറുക്കു ആകെ സല 64 000 ക

ആകെ തവണ 64

കൊല്ലത്തിൽ ഫെബ്രുവരി, മേയ്, ആഗസ്റ്റ്, നവമ്പർ 21-ാംനു- കളിൽ ഓരോ നറുക്കു എടുപ്പും ഓരോ നറുക്കു ലേലവും.

500 ക. യുടെ 1 നറുക്കു ചേരുന്നാൾക്കു കിട്ടുന്ന സംഖ്യ 25,000 ക.

അദ്യത്തെ നറുക്കെടുപ്പു് 1951 ആഗസ്റ്റ് 21 / 1127 ചിങ്ങം 5

ചുരുങ്ങിയതു 1/16 അംശം (31 ക. 4 ണ.) വരെ ചേരാം.

മാ. രാ. രാ. ചാലിശ്ശേരി അന്തോണി പൈലോതു അവർകൾ മാനേജിംഗ് ഡയറക്ടർമാർ

" പല്ലൻ അന്തോണി ദേവസ്സി ബി. എ. "

" ചാലിശ്ശേരി ലോനപ്പൻ ജോസഫ് "

തൃശ്ശൂർ 21—6—51

വർഗ്ഗീസ് കവലക്കാട്ട്
ജനറൽ മാനേജർ


### Thanksgiving



ആർ. എ. ലസീലി, കാഞ്ഞിരത്തുങ്കൽ മേരിലാന്റു്

## ഗോവാ റേഡിയോ

ഗോവാറേഡിയോയിൽനിന്നും കത്തോലിക്കാമതസംബന്ധമായ കാര്യങ്ങളെ അധികരിച്ചുള്ള പ്രക്ഷേപണം മേലാൽ തിങ്കൾ, ബുധൻ, വെള്ളി, ശനി എന്നീദിവസങ്ങളിൽ എട്ടര മണിക്കു നടത്തപ്പെടുന്നതാണു്. (31 Meter band at 9610 Kilocycles)

ബ. അൽഫോൻസാമ്മയുടെമാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. ജെ. കുരുവിള
ഇരിട്ടി

പരേതനായിരിക്കുന്ന ബ: ഒണൊട്ടു് യാക്കോബച്ചന്റെ മാദ്ധ്യസ്ഥംമൂലം ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

വക്കീവൈദ്യൻ റാത്തപ്പിള്ളിൽ
ആരക്കുഴ

വി. ഫിലോമിനയുടെമാദ്ധ്യസ്ഥത്താൽ ഒരു പ്രത്യേക അനുഗ്രഹം ലഭിച്ചതിനു ഉപകാരസ്മരണ.

പി. എം. കെ.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ററി. എ. അന്ന
കടനാട്ടു്

For favours received through the intercession of St. Maria Goretti and Sr. Alphonsa.

J. Vettikanakudy,
Muvattupuzha

# സത്യദീപം

പത്രാധിപന്മാർ


വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 24 | ERNAKULAM, JULY 18, 1951 | No. 45


# തിരുനാൾമംഗളം

ഒരു കർമ്മലീത്താസന്യാസി, മിഷനറി പ്രവരൻ എന്നീ നിലകളിൽ പ്രശസ്തനും തിരുവനന്തപുരം രൂപതയുടെ അഭിവന്ദ്യാദ്ധ്യക്ഷനുമായ റൈററ് റവ. ഡോക്ടർ വിൻസെൻറ് ഡെരീ തിരുമേനിയുടെ നാമഹേതുകനായ വി. വിൻസെൻറ് ഡി പോളിൻെറ തിരുനാൾ തിരുസ്സഭ ആഘോഷിക്കുന്നതു നാളെയാണല്ലോ. ഈ മംഗളാവസരത്തിൽ തിരുമനസ്സിലെ അജഗണങ്ങളോടു ചേർന്നുകൊണ്ടു വന്ദ്യതിരുമേനിക്കു സത്യദീപവും സകലവിധ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു. തിരുമേനിയുടെ വിദഗ്ദ്ധഹസ്തങ്ങളിൽ എത്ര ഭാഗ്യമായ അർപ്പിക്കപ്പെട്ടിരിക്കുന്നതു്, ആ രൂപത



യുടെ അഭ്യുന്നതിക്കുവേണ്ടി തിരുമനസ്സുകൊണ്ടു ചെയ്തുവരുന്ന അശ്രാന്തപരിശ്രമങ്ങൾ അഭിനന്ദനാർഹങ്ങളായിരിക്കുന്നു. കുറഞ്ഞൊരുകാലം മുമ്പു് രൂപമെടുത്ത തിരുവനന്തപുരം രൂപതയ്ക്കു് ഇതഃപര്യന്തമുണ്ടായിട്ടുള്ള അഭിവൃദ്ധിക്കു് ആ രൂപത തിരുമേനിയോടാണല്ലോ പ്രധാനമായി കടപ്പെട്ടിരിക്കുന്നതു്. തിരുമേനിയുടെ നേതൃത്വത്തിൽ പ്രസ്തുതരൂപത ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കുന്നതിനും, ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടിയുള്ള തിരുമനസ്സിലെ പരിശ്രമങ്ങൾ സർവ്വഥാ വിജയശ്രീലാളിതമാകുന്നതിനും സർവ്വശക്തൻ കടാക്ഷിക്കുമാറാകട്ടെ.

# മദ്രാസിലെ പുതിയ ഡെമോക്രാററിക് പാർട്ടി

"ഡെമൊക്രാററിക് പാർട്ടി" എന്ന അഭിധാനത്തിൽ, ഏകദേശം രണ്ടാഴ്ചയ്ക്കുമുൻപു് മദ്രാസിലെ സെൻറു് മേരീസ് ഹാളിൽ ഷെവലിയർ രത്നസ്വാമിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു്, ഒരു പുതിയ രാഷ്ട്രീയപാർട്ടി രൂപീകരിച്ചു. പുതിയ പാർട്ടിയുടെ ആവശ്യകതയേയും സ്വഭാവത്തേയും വിശദീകരിച്ചുകൊണ്ടു് അദ്ധ്യക്ഷൻ സുദീർഘവും കാര്യമാത്രപ്രസക്തവുമായ ഒരു പ്രസംഗം ചെയ്തു. അതിൻെറ ആദ്യഭാഗം, നിലവിലിരിക്കുന്ന പ്രധാനപാർട്ടികൾ രാജ്യത്തിൻെറ പൊതുവായ നന്മയ്ക്കു പ്രയോജനപ്പെടുന്നതല്ലെന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കുന്നതായിരുന്നു.

## കോൺഗ്രസ്സ്

ആദ്യമായി കോൺഗ്രസ്സ് പാർട്ടിയെ അദ്ധ്യക്ഷൻ പരാമർശിച്ചു. കോൺഗ്രസ്സ്പാർട്ടി തോൽവിയടഞ്ഞിരിക്കുകയാണു്. ഇതു തൻെറയോ തൻെറ സഹകാരികളുടെയോ അഭിപ്രായമല്ല, പ്രത്യുത സാധാരണക്കാരായ മനുഷ്യരുടെ, ബസ്സിലും തീവണ്ടിയിലും ട്രാംകാറിലും യാത്രചെയ്തു തെരുവുകളിൽ സഞ്ചരിക്കുന്ന സാധാരണക്കാരുടെ വിധിപ്രസ്താവമാണു്. കോൺഗ്രസിൻെറ അപജയത്തിനുള്ള കാരണം അദ്ധ്യക്ഷൻ ചൂണ്ടിക്കാണിച്ചതിങ്ങനെയാണു്. കോൺഗ്രസിൻെറ ശ്രമം മനുഷ്യരുടെ ജീവിതത്തെ ആകമാനം ബാധിക്കുന്ന ഒരു തത്വസംഹിതയോ നിയമനിർമ്മാണങ്ങളോ ഭരണയന്ത്രത്തിൻെറ നടപടികളാലും പ്രയോഗത്തിൽ വരുത്തണമെന്നതായിരുന്നു. മനുഷ്യൻെറ സ്വകാര്യജീവിതവും നടപടികളും പരിഷ്കരിക്കുകയെന്നതു് കടമയായ സമുദായത്തിൻെറയും ചുമതലയിൽപ്പെട്ടതും അനേകവർഷങ്ങൾകൊണ്ടു സാധിക്കേണ്ടതുമായ കാര്യമാണു്. ഈ ചുമതലയാണു് കോൺഗ്രസ്സ് ഏറെറടുത്തതു്. രാഷ്ട്രീയത്തിൽ വിദ്വേഷമാരെ സൃഷ്ടിക്കുവാനായിരുന്നു അതിൻെറ ശ്രമം. എന്നാൽ അനേകം പാപികളെയാണു് അതു സൃഷ്ടിച്ചതു്; പെർമിററുകളെ ലൈസൻസുകളും മാറാനുള്ള വ്യക്തികളും കൈകാര്യം ചെയ്തു് കച്ചവടം നടത്തുന്ന എം. എൽ. എ.മാരേയും എം. പി. മാരേയും പാർപ്പിക്കുവാൻ

യായും പ്രവർത്തിക്കുവാൻ കോൺഗ്രസ്സ് ശ്രമിച്ചു. രണ്ടുപീഠങ്ങളിലും ഇരിപ്പുറപ്പിക്കുവാൻ ശ്രമിച്ചതിൻെറ ഫലമായി രണ്ടിൻേറയും മദ്ധ്യത്തിലുള്ള കുഴിയിൽ കോൺഗ്രസ്സ് വീണു. അതിൻെറ സംസ്കാരകർമ്മം നടത്തുകയേ ഇനി വേണ്ടിയിരുന്നുള്ളു. ആ കർമ്മം കോൺഗ്രസ്സുകാർതന്നെ നടത്തിക്കഴിഞ്ഞു. അവർ കോൺഗ്രസിൽനിന്നും യാത്രപറഞ്ഞു പിരിഞ്ഞു് ഒരു പുതിയ പാർട്ടി രൂപീകരിച്ചു.

## പ്രജാപാർട്ടി

പ്രജാപാർട്ടിയെന്ന നാമം സ്വീകരിച്ച ഈ പുതിയ പാർട്ടിയെ അദ്ധ്യക്ഷൻ രണ്ടാമതായി പരാമർശിച്ചു. കോൺഗ്രസിൽനിന്നു മൗലികങ്ങളിൽ വ്യത്യാസപ്പെട്ട നയമോ പരിപാടിയോ ഈ പാർട്ടിയുടേതിൽ കാണുന്നില്ല. മനുഷ്യൻെറ ജീവിതത്തേയും സമുദായത്തേയും ആകമാനം ബാധിക്കുന്ന മൗലികമായ പരിവർത്തനത്തെയാണു് ഈ പാർട്ടിയും ലക്ഷ്യംവയ്ക്കുന്നതു്. വർഗ്ഗരഹിതവും ജാതിരഹിതവുമായ സമുദായത്തെ ഉല്പാദിപ്പിക്കുവാനും, നൂലുനൂൽപ്പ്, നെയ്ത്തു്, ഹരിജനന്മാരുടെ ഉന്നമനം, കസ്തൂർബായി ട്രസ്റ്റ് മുതലായി കോൺഗ്രസിൻെറ സൃഷ്ടിപരമായ പരിപാടികൾ സാക്ഷാൽക്കരിക്കുവാനമാണു് അതിൻെറ ഉന്നം. സാമുദായിക-സാമ്പത്തികപ്രസ്ഥാനമായും അതേസമയംതന്നെ രാഷ്ട്രീയപാർട്ടിയായും പ്രവർത്തിക്കണമെന്നു പ്രജാപാർട്ടിയും ആഗ്രഹിക്കുന്നു. കോൺഗ്രസിൻെറ വിശ്വാസപ്രമാണം സ്വീകരിക്കാനും പ്രയോഗക്ഷമമാക്കുവാനും താല്പര്യമുള്ള കുറേക്കൂടി നല്ല മനുഷ്യർ ഈ പാർട്ടിയിലുണ്ടായിരിക്കുമെന്നു് സമ്മതിക്കാമെങ്കിലും അതിൻെറ ഫലപ്രാപ്തി കണ്ടറിയേണ്ടിയിരിക്കുന്നുവെന്നാണു് അദ്ധ്യക്ഷൻെറ അഭിപ്രായം.

## മുസ്ലിംലീഗ്, ഹിന്ദുമഹാസഭ

മൂന്നാമതായി അദ്ദേഹം പരാമർശിച്ചതു് മുസ്ലിംലീഗിനേയും ഹിന്ദുമഹാസഭയേയുമാണു്. അവ രണ്ടും വർഗ്ഗീയസംഘടനകളാണെന്നു് അദ്ദേഹം തീർത്തുപറഞ്ഞു. ആ നിലയിൽ അവ പരസ്പരവിരുദ്ധങ്ങളാകുന്നു. മുസ്ലീങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളേയും സംരക്ഷിക്കുവാൻ മുസ്ലിംലീഗും, ഹിന്ദുക്കളുടേതു സംരക്ഷിക്കുവാൻ ഹിന്ദുമഹാസഭയും ന്യായമുണ്ടെന്നു സമ്മതിക്കാം. എന്നാൽ അവ രണ്ടും യഥാർത്ഥമായ അർത്ഥത്തിൽ രാഷ്ട്രീയപാർട്ടിയെന്നു വിളിക്കപ്പെടാൻ പാടില്ല. ഹിന്ദുമഹാസഭ അതിൻെറ പാർലമെൻററി പ്രവർത്തനങ്ങളിൽ അഹിന്ദുക്കൾക്കും പ്രവേശനം നൽകിയാൽപ്പോലും അതു യഥാർത്ഥമായ രാഷ്ട്രീയപാർട്ടിയായി രൂപാന്തരപ്പെടുകയില്ല. ആത്മാഭിമാനമുള്ള യാതൊരു അഹിന്ദുവും രണ്ടാംതരമായ ഈ അംഗത്വംകൊണ്ടു തൃപ്തനാകയില്ലെന്നു സ്പഷ്ടമാണല്ലോ.

## ജസ്റ്റിസ്പാർട്ടി

അനന്തരം ജസ്റ്റിസ്പാർട്ടിയേ പരാമർശിച്ചു. ഒരുകാലത്തു താൻ അതിലെ അംഗമായിരുന്നെന്നും രാഷ്ട്രീയമായി വല്ല ഉന്നതനിലയും തനിക്കു ലഭിച്ചിട്ടുണ്ടെങ്കിൽ ആ പാർട്ടിയോടാണു് താൻ അതിനു കടപ്പെട്ടിരിക്കുന്നതെന്നും കൃതജ്ഞതാപൂർവ്വം അദ്ധ്യക്ഷൻ അനുസ്മരിച്ചു. എന്നാൽ രാഷ്ട്രീയത്തിൻെറ ഇപ്പോഴത്തെ സാഹചര്യങ്ങളിൽ ആ പാർട്ടിക്കു യാതൊരു സ്ഥാനവുമില്ലെന്നു പറയുവാൻ അദ്ദേഹം മടിച്ചില്ല. ജസ്റ്റിസ് പാർട്ടിയുടെ ലക്ഷ്യം രാജ്യത്തിലെ വിവിധസമുദായങ്ങൾക്കു നീതി ലഭിക്കണമെന്നതായിരുന്നു. പദവികളിൽ സർവ്വീസുകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും നടപ്പുകളിയ കമ്മ്യൂണൽ ജി. ഒ. മുഖേനയും അധഃകൃതരുടേയും പിന്നോക്കവർഗ്ഗക്കാരുടേയും സാമുദായികവും വിദ്യാഭ്യാസപരവുമായ അവശതകൾ നീക്കുവാനുള്ള നടപടികൾ സ്വീകരിച്ചതിൻെറ ഫലമായും ഈ ലക്ഷ്യം സാധിച്ചു. മാത്രമല്ല കോൺഗ്രസ്സുൾപ്പെടെയുള്ള സകല രാഷ്ട്രീയപാർട്ടികളും പ്രസ്തുതലക്ഷ്യവും പരിപാടിയും സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ജസ്റ്റിസ് പാർട്ടിക്കു് വലിയ ഭാവി ഉണ്ടായിരുന്നു. എന്നാൽ അതിൻെറ കാലം കഴിഞ്ഞിരിക്കുകയാണു്. 15വർഷങ്ങളോളമായി ജനങ്ങളുടെയിടയിൽനിന്നും ആ പാർട്ടി പിൻവലിഞ്ഞിരിക്കുന്നതുകൊണ്ടുകൂടി അവരുടെ മനസ്സിൽനിന്നും സ്മരണയിൽനിന്നും അതു മാഞ്ഞിരിക്കുകയാണു്.

ഇൻഡിപ്പെൻഡൻറു് പാർട്ടിയെപ്പററി അദ്ധ്യക്ഷൻ അധികമൊന്നും പരാമർശിച്ചില്ല. രാഷ്ട്രീയത്തിൽ അവസരസേവകന്മാരാണു് ആ പാർട്ടിക്കാർ എന്നുപറഞ്ഞു് അവരെ അദ്ദേഹം പരിഗണനയിൽനിന്നു മാററിനിറുത്തി. കമ്മ്യൂണിസ്റ്റു് സോഷ്യലിസ്റ്റ് പാർട്ടികളെ പ്രസ്തുതപ്രസംഗത്തിൽ അദ്ദേഹം എന്തുകൊണ്ടോ വിട്ടുകളഞ്ഞു. എങ്കിലും അവയെപ്പററി അദ്ദേഹത്തിനുള്ള അഭിപ്രായം, പുതിയ ഡെമൊക്രാററിക് പാർട്ടിയെ വിശദീകരിച്ചു് അദ്ദേഹമെഴുതിയ ലേഖനത്തിൽ പ്രകാശിപ്പിച്ചു. കമ്മ്യൂണിസ്റ്റുപാർട്ടി ഒരു രാഷ്ട്രീയപാർട്ടിയേ അല്ല. വ്യവസ്ഥാപിതവും പാർലമെൻററിയുമായ മാർഗ്ഗങ്ങൾ പരിത്യജിച്ചുകൊണ്ടു് വിപ്ലവകരമായ പരിപാടികൾ സ്വീകരിച്ചിരിക്കുന്ന ഒരു സംഘടനയാണതു്. ആ പരിപാടികളിൽ ബലപ്രയോഗവും അക്രമവും ഉൾപ്പെടുന്നു. സോഷ്യലിസ്റ്റുപാർട്ടിയും കോൺഗ്രസിനെപ്പോലെ മനുഷ്യജീവിതത്തെ ആകമാനം ബാധിക്കുന്ന ഒരു സാമുദായികതത്വസംഹിതയെ പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുന്നുവെന്നാണു് അദ്ദേഹം ആക്ഷേപിച്ചതു്.

## പുതിയ പാർട്ടി

രൂപം പ്രാപിക്കുന്ന പുതിയ ഡെമൊക്രാററിക് പാർട്ടിക്കു് ഒരു യഥാർത്ഥരാഷ്ട്രീയപാർട്ടിക്കുള്ള സകല ലക്ഷണങ്ങളും ഉണ്ടെന്നു് അദ്ധ്യക്ഷൻ വിശദീകരിച്ചു. പൊതുവായ രാഷ്ട്രീയ തത്വങ്ങൾ സ്വീകരിക്കുകയും, രാജ്യത്തിൻെറ താല്പര്യങ്ങളെ പുരോഗമിപ്പിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന ആളുകൾ പരസ്പരം യോജിച്ചുനില്ക്കുന്ന ഒരു സംഘടനയാണു് ഡെമൊക്രാററിക് പാർട്ടി. അവരുടെ ലക്ഷ്യം ഏതെങ്കിലും രാഷ്ട്രീയ ജീവിതസിദ്ധാന്തമോ, സാമുദായിക-സാമ്പത്തിക വിശ്വാസപ്രമാണമോ സാക്ഷാൽക്കരിക്കുകയെന്നതല്ല, പ്രത്യുത ആവശ്യത്തോളം ഭക്ഷണവും വസ്ത്രവും പാർപ്പിടവും വേലയും ജനങ്ങൾക്കു നൽകണമെന്ന ലക്ഷ്യം വയ്ക്കുകയും അതു പ്രാപിക്കുവാൻ നിശ്ചിതങ്ങളായ പ്രായോഗികമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതാണു് അവരുടെ ശ്രമം. രാഷ്ട്രം നേരിട്ടിടപെട്ടോ നേരിട്ടു പ്രവർത്തിച്ചോ ഇതെല്ലാം സാധിക്കണമെന്നല്ല പാർട്ടിയുടെ അഭിപ്രായം. ജനങ്ങൾതന്നെ ഉല്പാദനം വർദ്ധിപ്പിക്കുകയും കൂട്ടായി ചെയ്യും സഹകരണമായ ജീവിതത്തോതിൽ എത്തിച്ചേരുകയും ചെയ്യാൻ ആവശ്യകമായ സുരക്ഷിതാവസ്ഥയും സ്വാതന്ത്ര്യവും അവസരങ്ങളും രാഷ്ട്രം അവർക്കു പ്രദാനം ചെയ്യണമെന്നാണു് ഉദ്ദേശിക്കുന്നതു്. ജനങ്ങളുടെ സന്മാർഗ്ഗികവും സാമുദായികവുമായ പുരോഗതി രാഷ്ട്രം നേരിട്ടിടപെട്ടുള്ള പ്രവർത്തനങ്ങളാൽ സാധിക്കേണ്ടതല്ലെന്നും, പ്രത്യുത ആ പുരോഗതിക്കു തടസ്സങ്ങളായിരിക്കുന്നവയെല്ലാം നീക്കിക്കൊടുക്കുകയാണു് രാഷ്ട്രം ചെയ്യേണ്ടതെന്നും പാർട്ടി വിചാരിക്കുന്നു. വ്യക്തിയുടേയും സമുദായത്തിൻേറയും ജീവിതപരിഷ്കരണം മതത്തിനും സമുദായത്തിനും വിട്ടുകൊടുക്കേണ്ടതാണെന്നാണു് അവരുടെ അഭിപ്രായം. ഇതെല്ലാം പാർട്ടിയുടെ നയപരിപാടികൾ വിശദീകരിക്കുന്ന കരടുപ്രസ്താവനയിൽനിന്നു കാണാവുന്നതാണു്. അതു താഴെ ചേർക്കുന്നു.

## പാർട്ടിയുടെ നയപരിപാടികൾ

1) വ്യക്തികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുകയും പുരോഗമിപ്പിക്കുകയും ചെയ്യുക.

2) സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യവും സ്വയംഭരണവും സംരക്ഷിക്കുകയും പുരോഗമിപ്പിക്കുകയും ചെയ്യുക. സംസ്ഥാനങ്ങളുടെ ആഭ്യന്തരമായ സ്വാതന്ത്ര്യത്തിനു ഭംഗംവരാത്തവണ്ണം, രാജ്യരക്ഷണം, ഗതാഗതം, കറൻസി, കച്ചവട വ്യാപാരങ്ങൾ എന്നിവയ്ക്കുവേണ്ടിമാത്രവും സൂക്ഷ്മവുമായ കേന്ദ്രഗവമെൻറു് ഉണ്ടായിരിക്കണം. കേന്ദ്രഗവമെൻറിൻെറ ഇപ്പോഴത്തെ ആധിപത്യപ്രയോഗം എതിർക്കേണ്ടതാണു്.

3) മൂലധനം മുടക്കുന്നവരുടെ നിയമാനുസൃതവും ന്യായാനുസൃതവുമായ താല്പര്യങ്ങളെ അവഗണിക്കാത്തതും, ജനങ്ങൾക്കു മാനമായ ജീവിതവും യഥാർത്ഥസ്വാതന്ത്ര്യവും കൈവരണമെന്ന താല്പര്യത്തോടുകൂടിയതുമായ രാഷ്ട്രത്തിൻെറ നിയന്ത്രണത്തിനു വിധേയമായി സ്വതന്ത്രമായ സാമ്പത്തികപ്രവർത്തനങ്ങൾ ഉണ്ടായിരിക്കുക.

4) സകലർക്കും ഭക്ഷ്യവിഭവങ്ങൾ സാധിതമാക്കിക്കൊടുക്കുക. എന്നാലിതിനാവശ്യമായിരിക്കുന്നതു് സ്വയം പര്യാപ്തതയല്ല; പ്രത്യുത അഭ്യന്തരവും വിദേശീയവുമായ ശരിയായ കച്ചവടയേർപ്പാടുകൾ വഴിയായി അതു സാധിക്കണം.

5) ആരോഗ്യകരമല്ലാത്ത പാർപ്പിടങ്ങൾ, വൃത്തികെട്ട പുറംതെരുവുകൾ, അറിവില്ലായ്മ, മദ്യപിച്ചു ലഹരികൊള്ളുക തുടങ്ങിയ പ്രശ്നങ്ങൾ പൊതുജനങ്ങൾക്കു സ്വീകാര്യവും ബുദ്ധിപൂർവ്വകവുമായ വിധത്തിൽ പരിഹരിക്കുക. നല്ല ജീവിതത്തിനും സന്മാർഗ്ഗത്തിനും ഉള്ള പ്രതിബന്ധങ്ങൾ നീക്കുക. സമുദായത്തെ പരിഷ്കരിക്കുവാനുള്ള പ്രവർത്തനങ്ങൾ മതത്തിനും സമുദായത്തിനും വിട്ടുകൊടുക്കുക.

6) സാമുദായികനീതിയേയും സാമ്പത്തികപുരോഗതിയേയും ലക്ഷ്യംവയ്ക്കുന്ന പരിഗണനകളെ ആധാരമാക്കി ഭൂവുടമസമ്പ്രദായം പരിഷ്കരിക്കുക. കൃഷിചെയ്യുവാനും എന്നാൽ ചെയ്യാതെ ഇട്ടിരിക്കുന്നതുമായ ഭൂമികൾ കണ്ടുപിടിക്കുകയും, കൃഷിചെയ്യുന്നവർക്കു് ഗവമെൻറിൽനിന്നു് അതു പാട്ടത്തിനു കൊടുക്കുകയും ചെയ്യുക.

7) ഗ്രാമങ്ങൾ നന്നാക്കുക: പാർപ്പിടം, ശുചീകരണം, പൊതുജനാരോഗ്യം, റോഡുകൾ, പ്രാഥമികവിദ്യാഭ്യാസം, സഹകരണം, സാങ്കേതികബോധനം, കുടിൽവ്യവസായ പുരോഗമനം എന്നിവയ്ക്കു് ഊർജ്ജസ്വലമായ പരിപാടികൾ സ്വീകരിക്കുക വഴി അവ നടപ്പിൽവരുത്തുകയും ചെയ്യുക. ഗ്രാമോദ്ധാരണം സാധിക്കേണ്ടതു്.

8) ദരിദ്രർക്കു സംഘടിതമായ സഹായം നൽകുവാൻ പരിപാടികൾ സ്വീകരിക്കുക. സകല പീഡനങ്ങൾക്കും ആളുകളെ പുരോഗമിപ്പിക്കുവാൻ പര്യാപ്തമായ വഴിയിനിതി പ്രയോഗത്തിൽ വരുത്തുക.

9) ഭരണയന്ത്രത്തിൻെറ ചെലവുചുരുക്കുക. അതിനുവേണ്ടി കുറഞ്ഞചെലവി

ൽ കൂടുതൽ ഫലം പുറപ്പെടുവിക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുകയും അനാവശ്യകമായ ഗവമ്മെൻറു വകുപ്പുകൾ നിർത്തലാക്കുകയും ചെയ്യുക. അന്തസ്സുള്ള സ്വദേശസ്നേഹത്തോടുകൂടിയതും സകല രാഷ്ട്രത്തിൻേറയും ലോകത്തിൻേറയും സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നതുമായ ഒരു വിദേശനയം പിന്താങ്ങുക

### രത്നസ്വാമിയുടെ ആഹ്വാനം

ഈ വിശദീകരണത്തിനുശേഷം ഷെവലിയർ രത്നസ്വാമി വർഗ്ഗവ്യത്യാസമോ മതവ്യത്യാസമോ തൊഴിൽവ്യത്യാസമോ കൂടാതെ സകലരേയും, പുതിയ പാർട്ടിയിലേക്കു് ആഹ്വാനംചെയ്തു. ഈ ഡെമൊക്രാററിക് പാർട്ടി, മഹാത്മാഗാന്ധിയുടെ സ്വാധീനത്തിൽ വരുന്നതിനുമുമ്പുള്ള കോൺഗ്രസ്സിനെപ്പോലെയാണെന്നും, ആ പഴയ കോൺഗ്രസ്സിൻെറ പിന്നണിയായിരുന്ന ലിബറൽ പാർട്ടിയെപ്പോലെയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. അവരണ്ടിൽനിന്നും അതിനുള്ള വ്യത്യാസം, അതു ജനസാമാന്യത്തെ ആഹ്വാനം ചെയ്യുന്നുവെന്നതാണു്. അതു ജനസാമാന്യത്തിൻെറ ഭാഷ ഉപയോഗിക്കും, ജനസാമാന്യത്തെ തേടിപ്പോകും. ജനസാമാന്യത്തെ ആഹ്വാനം ചെയ്യുന്നതിൽ ആധുനികങ്ങളായ സകലപ്രചരണമാർഗ്ഗങ്ങളും അതു സ്വീകരിക്കുകയും ചെയ്യും. ജനങ്ങൾക്കു് ഏററവും ആവശ്യകമായ രാഷ്ട്രീയസംഘടനയായിരുന്നുകൊണ്ടു്, ഉൽകൃഷ്ടങ്ങളായ ആദർശങ്ങളും വാഗ്ദാനങ്ങളും ഉയർത്തിപ്പിടിക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, അതു് അവർക്കേററവും ആവശ്യകമായവയെ പ്രദാനംചെയ്യും —ഭക്ഷണം, പാർപ്പിടം, വസ്ത്രം, വേല, സമാധാനമായും സുരക്ഷിതമായും സ്വജീവിതംനയിക്കുവാനുള്ള സ്വാതന്ത്ര്യം എന്നിവയെ അവർക്കു നൽകും. കോൺഗ്രസ്സ് പാർട്ടിയുടെ പ്രത്യേകമായ വിശ്വാസപ്രമാണത്താലും ഭരണഘടനയാലും രാഷ്ട്രീയപ്രവർത്തനവും രാഷ്ട്രീയമായ ഉന്നമനവും നിഷേധിക്കപ്പെട്ടിരിക്കുന്ന സകലക്കും, വിദ്യാസമ്പന്നമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും, സ്വന്തം തൊഴിലുകളിൽ വിജയം വരിച്ചുപോരുന്നവർക്കും, സ്വത്തും വിശ്രമവും ഉള്ളവർക്കും, സാമർത്ഥ്യവും ആത്മാഭിമാനവുമുള്ളവർക്കും, ഭരണപരമായ പരിജ്ഞാനവും സാമർത്ഥ്യവുമുണ്ടെങ്കിലും കോൺഗ്രസ്സ്പാർട്ടിക്കു വേണ്ടാത്തവരായിരിക്കുന്നവർക്കും പ്രസ്തുതപാർട്ടിയിൽ സ്ഥാനമുള്ളതിനാൽ അവരെല്ലാവരും അതിൽ പ്രവേശിച്ചു് അതിനെ രാജ്യത്തിൽ സുശക്തമായ പാർട്ടിയാക്കുവാൻ അദ്ദേഹമഭ്യർത്ഥിച്ചു. ബിസിനസുകാരായ ആളുകളെ വേലിയിൽ കയറിയിരിക്കുന്ന അവരുടെ ഇപ്പോഴത്തെ സമ്പ്രദായം വെടിഞ്ഞുകൊണ്ടു്, സ്വകാര്യപ്രവർത്തനങ്ങൾക്കു സ്വാതന്ത്ര്യം നൽകുന്ന പ്രസ്തുതപാർട്ടിയിൽ ചേരുവാൻ ആഹ്വാനംചെയ്തു. ചെയിമ്പർ ആഫ് കോമേഴ്സ് എന്ന സ്ഥാപനങ്ങളുടെ സമ്മേളനത്തിലിരുന്നു് കോൺഗ്രസ്സ് പാർട്ടിയുടെ വ്യവസായനയത്തെ അപലപിച്ചതുകൊണ്ടു് പ്രയോജനമൊന്നുമില്ലെന്നും, ആ നയത്തിൻെറ തുടർച്ചയെ തടുക്കണമെന്നാഗ്രഹമുണ്ടെങ്കിൽ ഈ ഡെമൊക്രാററിക് പാർട്ടിയിൽ അവർ ചേരേണ്ടതാണെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. യു. എസ്സ്. ഏ. യിലേയും, ടർക്കിയിലേയും, പശ്ചിമജർമ്മനിയിലേയും, ഇററലിയിലേയും, ഫ്രാൻസിലേയും ഡെമൊക്രാററിക് പാർട്ടികൾക്കു് അടുത്തകാലത്തുണ്ടായിരിക്കുന്ന വിജയങ്ങൾ ഈ പുതിയപാർട്ടിക്കു് ആശയും ധൈര്യവും നൽകേണ്ടതാണെന്നും, ആ വിജയങ്ങൾ ഇൻഡ്യയിലെ ഈ ഡെമൊക്രാററിക് പാർട്ടിക്കു ഭാവിശ്രേയ:പിശുനങ്ങളായിരിക്കുന്നുവെന്നും അദ്ദേഹം ഉറപ്പുപറഞ്ഞു.

## അടുത്തയാഴ്ചയിൽ

ജൂലൈ

22 ഞാ: പന്തക്കുസ്താ 10-ാം ഞായർ
23 തി: അപ്പോളിനാരിസ്
24 ചൊ: യാക്കോബ്ബ് തലേനാൾ
25 ബു: യാക്കോബ്ബ്
26 വ്യാ: അന്നാമ്മ
27 വെ: പന്തലിയോൻ
28 ശ: നസ്സാരിയോസും
കെൽസോസും

## നല്ല പുസ്തകങ്ങൾ


| | |
|---|---|
| തിരുസഭാചരിത്രം | ക. 2- 8-0 |
| അപ്പോഷ്യസ്ഗൊൺസാഗ | " 1-12 0 |
| അൽഫോൻസ് ലിഗോരി | " 1-12-0 |
| ക്രിസ്തുമതവും സർ സി.പി യും | " 2- 8-0 |
| ഗലീലിയൻെറ സേനയിൽ | " 3- 8-0 |

മൂക്കന്നൂർ ഡിപ്പോ, എറണാകുളം


## ജൂബിലിയാഘോഷം

കർമ്മലോത്തരീയത്തിൻെറ ജൂബിലി പ്രമാണിച്ചു്, എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തിനോസു തിരുമേനി ജൂലൈ 16-ാംനു എറണാകുളം സെൻറ് മേരീസ് കർമ്മലീത്താശ്രമത്തിൽ എഴുന്നള്ളി ദിവ്യബലിയർപ്പിക്കുകയും സന്യാസിനികൾക്കു സന്ദർഭോചിതമായ ഒരുപദേശം നല്കുകയുമുണ്ടായി.

എറണാകുളം അതിരൂപതയിലെ എല്ലാ കർമ്മലീത്താ മഠങ്ങളിലും, ഉത്തരീയ ജൂബിലിയുടെ അവസാനഘട്ടമായ ഈ ജൂലൈമാസത്തിൽ പന്ത്രണ്ടുമണിയാരാധന നടത്താൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ജൂലൈ 7-ാംനു മുതൽ 31-ാംനുവരെ എല്ലാദിവസവും തുടർച്ചയായി ആരാധന നടക്കത്തക്കവിധത്തിലാണു് വിവിധമഠങ്ങളിലെ പരിപാടികൾ ക്രമപ്പെടുത്തിയിരിക്കുന്നതു്.

---

വി. മരിയ ഗൊരേത്തിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

ഏലമ്മ, കാഞ്ഞൂർ

---




തിരു-കൊച്ചിയിലെ മന്ത്രിസഭാപ്രശ്നം സംബന്ധിച്ചു് ഒരു റിപ്പോർട്ടു തയാറാക്കുവാൻ കോൺഗ്രസ് ജനറൽ സിക്രട്ടറി ശ്രീ കാലവെങ്കിട്ടറാവു ജൂലൈ 18 ാം തിയതി സംസ്ഥാനത്തെത്തുന്നതാണെന്നും അദ്ദേഹത്തിൻെറ റിപ്പോർട്ടിനെ ആസ്പദമാക്കി അന്തിമതീരുമാനം സ്വീകരിക്കപ്പെടുന്നതാണെന്നും മുഖ്യമന്ത്രി ശ്രീ സി. കേശവൻ പ്രസ്താവിച്ചിരിക്കുന്നു.

—കൊല്ലം-എറണാകുളം റെയിൽവേയുടെ പ്രാരംഭസർവ്വെ പൂർത്തിയായിരിക്കുന്നു. 108 മൈൽ ദൈർഘ്യംവരുന്ന പ്രസ്തുത ലൈൻ കൊല്ലം റെയിൽവേസ്റ്റേഷനിൽനിന്നും പുറപ്പെട്ടു് മങ്ങാട്ടു്, കായംകുളം, ചെങ്ങന്നൂർ, ചങ്ങനാശേരി, കോട്ടയം, ഏററുമാനൂർ, തൃപ്പൂണിത്തുറ എന്നി സ്ഥലങ്ങളിൽക്കൂടി എറണാകുളം സൗത്തു സ്റ്റേഷനിൽ എത്തിച്ചേരുന്നതാണു്. കൊല്ലംമുതൽ എറണാകുളംവരെ 20 സ്റ്റേഷനുകൾ ഉണ്ടായിരിക്കുമെന്നറിയുന്നു.

—തിരുവിതാംകൂർ സർവ്വകലാശാല ഇൻറർ, ബി. എ. സെപ്ററംബർപരിക്ഷകൾ സെപ്ററംബർ 24-ാം തിയതി ആരംഭിക്കുന്നതാണു്. ജൂലൈ 24-ാം തിയതിക്കുമുമ്പു് പരീക്ഷാഫീസടച്ചിരിക്കണം.

—ജൂലൈ 15-ാം തിയതി ആരംഭിക്കുന്ന ആഴ്ചയിൽ സംസ്ഥാനത്തെ റേഷൻ നാലര ഔൺസ്സ് അരിയും നാലര ഔൺസ്സ് ഗോതമ്പുമായിരിക്കുമെന്നു് ഗവമ്മെൻറിൽനിന്നും പ്രസിദ്ധംചെയ്തിരിക്കുന്നു. അടുത്തയാഴ്ചതുടങ്ങി പൂർവ്വനിലയിൽത്തന്നെ വിതരണം തുടരുന്നതാണത്രെ.

—തിരുവിതാംകൂർ വിഭാഗത്തിലെയും കൊച്ചി വിഭാഗത്തിലെയും ഗവമ്മെൻറു് ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ചതായി ഒരു ഗവമ്മെൻറ് പ്രൊസിഡിംഗ്സിൽ പറയുന്നു. ഏപ്രിൽ 1-ാംതിയതി മുതൽ പുതിയ നിരക്കു നടപ്പിലാക്കിയിരിക്കുന്നു.

പ്രതിമാസം 25 ക. വരെയോ 25 ക. യോ ലഭിക്കുന്നവർക്കു് 22 ക. ക്ഷാമബത്ത; 26 ക. മുതൽ 45 ക. വരെ ശമ്പളം—27 ക; 46 ക. മുതൽ 150 ക. വരെ—33 ; 151 ക. മുതൽ 175 ക. വരെ—35 ക; 175 ക. മുതൽ 325 ക. വരെ ശമ്പളത്തിൻെറ 20 ശതമാനം.; 326 മുതൽ 500 വരെ—15 ശതമാനം.


# The South Indian Bank Ltd.

(Incorporated in Travancore–Cochin State with limited liability)

**Head Office: Trichur**

BRANCHES: Alleppey, Alwaye, Cochin, Coimbatore, Ernakulam, Irinjalakuda, Kozhikode, Kunnamkulam, Madras, Palghat, Pollachi, Salem, Tiruppur, Trichur, Wadakancheri.

**SAVINGS BANK ACCOUNTS**

are opened with an initial deposit of Rs. 5/-. Minimum amount that can be deposited or withdrawn at any one time is Re. 1/-. Withdrawals are allowed by cheques.

**INTEREST allowed @ 3% P. A.**

on daily balances, without any maximum limit. Avail of this opportunity and open a Savings Account.

Further particulars on application to Head Office or any of the branches

C. A. Ouseph B. A., B. L — Chairman
K. A. Davies B. A., B. L. — Deputy Chairman
C. D. Chacko — Managing Director
Rao Sahib P. V. Raphael, M. A. (Hons), General Manager


ഇവർക്കു വാങ്ങാവുന്ന ക്ഷാമബത്ത പ്രതിമാസം പരമാവധി 65 ക. യായിരിക്കുന്നതാണു്.

## കൊറിയൻപ്രശ്നം

കൊറിയയിൽ സമരമവസാനിപ്പിക്കുന്നതു സംബന്ധിച്ചു് കെയ്സോങ്ങിൽ നടന്നുകൊണ്ടിരുന്ന സന്ധിസംഭാഷണങ്ങൾ, മൂന്നാംസമ്മേളനാവസരത്തിൽ ഇരുകക്ഷികളും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസങ്ങൾനിമിത്തം തൽക്കാലത്തേക്കു് നിർത്തിവയ്ക്കേണ്ടതായിവന്നു. സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി കെയ്സോങ്ങിലേക്കു പുറപ്പെട്ട ഐക്യരാഷ്ട്രപത്രപ്രതിനിധികളെ കമ്മ്യൂണിസ്റ്റ് കാവൽപ്പടയാളികൾ തടഞ്ഞുനിർത്തിയെന്നതാണു് അഭിപ്രായവ്യത്യാസത്തിനു കാരണമായി പറയപ്പെടുന്നതു്. പിന്നീടു് ഐക്യരാഷ്ട്രമേധാവികളുടെ നിർദ്ദേശങ്ങൾ കമ്മ്യൂണിസ്റ്റുകൾ സ്വീകരിക്കുകയും സന്ധിസംഭാഷണം ജൂലൈ 15-ാംനു വീണ്ടുമാരംഭിക്കുകയും ചെയ്തിരിക്കുന്നു.




റെയിൽവേ തൊഴിലാളി ഫെഡറേഷൻെറ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 27-ാംനു ഇൻഡ്യയൊട്ടുക്കാരംഭിക്കുവാൻപോകുന്ന റെയിൽവെ പണിമുടക്കു് തടയുവാൻ ഗവമ്മെൻറു് സർവ്വകഴിവുകളുമുപയോഗിക്കുമെന്നു് റെയിൽവെ മന്ത്രി എൻ. ഗോപാലസ്വാമി അയ്യങ്കാർ പ്രസ്താവിച്ചിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി, രാജ്യത്തെ അവശ്യസർവ്വീസുകളിൽ പണിമുടക്കുകൾ നിരോധിക്കുന്നതിനു് ഗവമ്മെൻറിനെ അധികാരപ്പെടുത്തുന്ന ഒരു ഓർഡിനൻസ് പ്രസിഡണ്ടു് ജൂലൈ 11-ാംനു പുറപ്പെടുവിച്ചിരിക്കുന്നു. പണിമുടക്കു നടത്തുകയോ, തുടരുകയോ, അതിനു പ്രേരണയോ ധനസഹായമോ നല്കുകയോ ചെയ്യുന്നവർക്കു് തടവുശിക്ഷയുൾപ്പെടെ പലവിധ ശിക്ഷകൾ ഗവമ്മെൻറിൽനിന്നും വ്യവസ്ഥപ്പെടുത്തിട്ടുണ്ടു്.

—അഖിലേന്ത്യാ കോൺഗ്രസ് കമ്മിററിയുടെ ബാംഗളൂർ സമ്മേളനം അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കോൺഗ്രസിൻെറ തിരഞ്ഞെടുപ്പുപ്രകടനപത്രികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഇൻഡ്യ ഒരു സെക്യൂലർരാഷ്ട്രമായിരിക്കുന്നതും മതാനുഷ്ഠാനത്തിനു് ഏതൊരുപൗരനും പൂർണ്ണമായ അവകാശമുണ്ടായിരിക്കുന്നതുമാണു്. ന്യൂനപക്ഷങ്ങളുടെ എല്ലാം അവകാശങ്ങളും പരിരക്ഷിക്കപ്പെടുന്നതാണു്. സ്വകാര്യസംരംഭങ്ങൾക്കു് വിസ്തൃതമായ ഒരു രംഗം വിട്ടുകൊടുക്കുന്നതും ഈ രംഗത്തിൽ സഹകരണസംഘങ്ങൾ വികസിപ്പിക്കുന്നതുമാണു്. ഭാഷാപ്രവിശ്യാകാര്യത്തിൽ അതതുപ്രദേശത്തെ ജനങ്ങളുടെ അഭിപ്രായമനുസരിച്ചു നടപടിയെടുക്കും. ഭൂനയം പരിഷ്ക്കരിക്കുന്നതും സഹകരണാടിസ്ഥാനത്തിലുള്ള കൃഷിസമ്പ്രദായം നടപ്പിൽ വരുത്തുന്നതുമായിരിക്കും.

—ധാന്യങ്ങൾ ഇറക്കുമതിചെയ്യുന്നതിനും തുറമുഖങ്ങളിലെത്തിച്ചുകൊടുക്കുന്നതിനും മററുമുള്ള ചെലവു വർദ്ധിച്ചിരിക്കുന്നതിനാൽ സ്റ്റേററുഗവമ്മെൻറുകൾക്കു നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധിപ്പിക്കുവാൻ ഇൻഡ്യാഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. ഗോതമ്പിൻെറ വില മന്നിനു 2 ക. യും അരിവില മന്നിനു 11 ണ യും വർദ്ധിപ്പിക്കുന്നതാണെന്നറിയുന്നു.

---

For favours received through the intercession of Sr. Alphonsa.

Antony Paul, Narakal

---

## കാണ്ടിസെമ്മിനാരി

കഴിഞ്ഞ അരശതാബ്ദത്തിലധികം കാലം സിലോണിലെ കാണ്ടിനഗരത്തിൽ, ഈശോസഭക്കാരുടെ മേൽനോട്ടത്തിൽ നടത്തിവന്ന സുപ്രസിദ്ധമായ പേപ്പൽ വൈദികകലാലയം വടക്കേ ഇൻഡ്യയിൽ പൂനായിലേക്കു മാററി സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. ഏതത്സംബന്ധമായി, കാണ്ടിയിലെ "അപ്പസ്തോലിക്കു യൂണിയൻ മന്ത്ലി ലററർ"എന്ന പ്രസിദ്ധീകരണത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"1951 ഏപ്രിൽ മാസത്തിൽ അപ്പസ്തോലിക് ഇൻറർനൺഷ്യോ തിരുമേനി പൂന സന്ദർശിക്കുകയും സ്ഥലം പരിശോധിക്കുകയും പുതിയ മന്ദിരങ്ങൾ പണിചെയ്യാനുള്ള സ്ഥാനം നിർണ്ണയിക്കുകയുംചെയ്തു. പൂനാ മിഷൻെറ സുപ്പീരിയരായ ഫാദർ ഗൈസൽ എസ്. ജെ., തിരുമേനിയുടെ റിപ്പോർട്ടു് റോമിൽ കൊണ്ടുപോകയും പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ പ്രീഫെക്ടായ കർദ്ദിനാൾ ഫുമസോണി ബിയോൺടി തിരുമേനിയേയും സെക്രട്ടറി മോൺസിഞ്ഞോർ കോൺസ്റ്റന്തിനിയേയും കണ്ടു സംസാരിക്കയുംചെയ്തു.

"ഭാഷകൾ പഠിക്കുന്ന ജൂണിയർ വിദ്യാർത്ഥികൾ ഉൾപ്പെടെ, 200 പേർക്കു വേണ്ട താമസസൗകര്യങ്ങൾ ഉണ്ടാക്കാനാണു പ്ലാൻ. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം ഓരോ മുറി ഉണ്ടായിരിക്കുന്നതാണു്. സെമ്മിനാരി ഈശോസഭാവൈദികരുടെ നേതൃത്വത്തിൽത്തന്നെയായിരിക്കും. പഠിപ്പിക്കുന്നതിനു് ഉദ്ദേശം 10 വൈദികരുണ്ടായിരിക്കും. അവർ സെമ്മിനാരികെട്ടിടങ്ങളിൽത്തന്നെ വസിക്കയും വിദ്യാർത്ഥികളുമായി സമ്പർക്കം പാലിക്കയുംചെയ്യുന്നതാണു്. അപ്രകാരം കാണ്ടിസെമ്മിനാരിയുടെ പാരമ്പര്യവും ചൈതന്യവും നിലനിർത്തുന്നതായിരിക്കും.

"അദ്ധ്യാപനശാലകൾ സെമ്മിനാരിയിൽനിന്നും ജസ്യൂട്ട സ്കോളാസ്റ്റിക്കേററിൽനിന്നും ഭിന്നമായ ഒരു ബ്ലോക്കിലായിരിക്കും. സലേഷ്യൻകാരും ദൈവവചനസഭക്കാരും സ്ഥലം പരിശോധിച്ചിട്ടുണ്ടു്. അവരുടെ വിദ്യാർത്ഥികൾക്കായും പ്രത്യേകമന്ദിരങ്ങൾ പണികഴിപ്പിക്കുവാൻ അവർ ഉദ്ദേശിക്കുന്നു. ക്ലാസ്സുകളിൽ, രൂപതാവൈദികരാകാനുള്ള വിദ്യാർത്ഥികളും സന്യാസസഭാംഗങ്ങളും ഒരുമിച്ചിരുന്നായിരിക്കും പഠിക്കുക.

"50 ഏക്കർ സ്ഥലം വാങ്ങിക്കഴിഞ്ഞു. അടുത്തുതന്നെ 40 ഏക്കർകൂടി വാങ്ങുന്നതാണു്. 1955-ൽ കെട്ടിടങ്ങളുടെ പണി പൂർത്തിയാകുമെന്നാണു ഫാദർ ഗൈസലിൻെറ പ്രതീക്ഷ."




## ലീജിയൻ ഓഫ് മേരി

(ഗ്രന്ഥകർത്താവ് മി. ഡോമിനിക്ക് ചെറിയാൻ കിഴക്കേമുറി. വശം 203. വില 1ക 8ണ. പ്രസാധകൻ മി. ജേക്കബ് ചെറിയാൻ കിഴക്കേമുറി, കാഞ്ഞിരപ്പള്ളി).

മനുഷ്യവർഗ്ഗത്തെ നിരീശ്വരപ്രസ്ഥാനങ്ങളിൽനിന്നു വീണ്ടെടുത്തു, ലോകത്തിൽ സമാധാനവും സംതൃപ്തിയും കൈവരുത്തി രക്ഷകനിൽ ലയിപ്പിക്കുന്നതിന് സദാ ജാഗരൂകയായി കാണപ്പെടുന്ന ദൈവജനനിയുടെ സർവ്വസൈന്യാധിപത്യത്തിൽ ദൈവസ്തുതിക്കും ആത്മരക്ഷയ്ക്കും വേണ്ടി അടരാടി ലോകത്തെ സ്വർഗ്ഗീയ മേൽക്കോയ്മയുടെ ഒരു സാമന്തരാജ്യമാക്കുന്നതിനു് നിലകൊള്ളുന്ന ഒരു സൈന്യവ്യൂഹമാണു് "ലീജിയൻ ഓഫ് മേരി". ക്രിസ്തീയ ഉപവിപ്രവൃത്തികൾ എങ്ങനെ ആധുനികലോകത്തെ സമാധാനത്തിന്റെയും സംതൃപ്തിയുടെയും പാതയിലേയ്ക്കു നയിക്കുമെന്നു ഗ്രന്ഥകർത്താവ് വളരെ തന്മയത്വത്തോടുകൂടി സമർത്ഥിച്ചിരിക്കുന്നു. ഊർജ്ജസ്വലനായ ഒരു കത്തോലിക്കാ പ്രവർത്തകൻകൂടിയായ ഗ്രന്ഥകർത്താവ് ഫാത്തിമായിലെ സന്ദേശം എങ്ങനെല്ലാം മാർഗ്ഗങ്ങളിലൂടെ പ്രാവർത്തികമാക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ടു്.

ആധുനികലോകത്തെപ്പറ്റി ഒന്നാമദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന പണ്ഡിതപ്രഭാഷണം, നമ്മുടെ ഇടവകകളിൽ മരിയസൈന്യം സ്ഥാപിക്കേണ്ട ആവശ്യകതയെ പൊന്തിച്ചുകാണിക്കുന്നു. മരിയസൈന്യം സ്ഥാപിച്ചു നടത്താനാഗ്രഹിക്കുന്നവർക്കു്, അതിന്റെ നിയമങ്ങൾ, നടത്തിപ്പ്, റിക്കാർഡുസംരക്ഷണം തുടങ്ങി എല്ലാകാര്യങ്ങളിലും വേണ്ടത്ര നിർദ്ദേശം അടുത്ത അദ്ധ്യായങ്ങളിൽനിന്നു ലഭിക്കുന്നതാണു്. അതിലും ഉപരിയായി ഏതൊരു ക്രിസ്ത്യാനിയും അവശ്യം അറിഞ്ഞിരിക്കേണ്ട ജപമാല, കർമ്മലോത്തരീയം, ശനിയാഴ്ചവ്രതം ഇത്യാദികാര്യങ്ങളെക്കുറിച്ചും സമൂലവിശദീകരണം ഇതിലടങ്ങിയിട്ടുണ്ടു്. ജപമാലഭക്തിയെപ്പറ്റി ഇത്ര വിജ്ഞാനപ്രദമായി പ്രതിപാദിച്ചിട്ടുള്ള ഇതര മലയാളഗ്രന്ഥങ്ങൾ ഉണ്ടോ എന്നുതന്നെ സംശയമാണു്.

സാമാന്യവിദ്യാഭ്യാസംമാത്രം ലഭിച്ചിട്ടുള്ളവർക്കുപോലും വായിച്ചു മനസ്സിലാക്കത്തക്കവണ്ണം ഭാഷ ലളിതമാക്കിയിരിക്കുന്നതു് മററു ചില മതഗ്രന്ഥങ്ങളുടെ രചയിതാക്കൾക്കും ഒരു പാഠമാണു്.

ഒരു തികഞ്ഞ കത്തോലിക്കാ പ്രവർത്തകനായ, റിട്ടയർഡ് അസി. പേഷ്ക്കാർ, ശ്രീ ജോർജ്ജ് തോമസ് ബി. എ. ബി. എൽ. അവർകളുടെ അഭിപ്രായം ഈ ഗ്രന്ഥത്തെ മോടിപിടിപ്പിക്കുന്നുണ്ടു്. പണ്ഡിതവരേണ്യനായ റവ. ഡോക്ടർ എൽ. ജെ. ചിററൂർ, പി എച്ച്. ഡി. ഡി. ഡി. അവർകളുടെ അവതാരിക ഇതിനു മകുടം ചാർത്തിയിരിക്കുന്നു.

അർത്ഥവത്തായ മൂന്നു ബ്ലോക്കുകളോടും, മനോഹരമായ കവർപേജോടുംകൂടി 200-ൽ അധികം വശങ്ങളുള്ള ഈ ഗ്രന്ഥത്തിനു ഒന്നരരൂപാമാത്രം വില വച്ചിരിക്കുന്നതു എല്ലാ ക്രിസ്തീയഭവനങ്ങളിലും ഇതിനു പ്രവേശനം ലഭിക്കുന്നതിനും, എല്ലാ ഇടവകകളിലും മരിയസൈന്യം സ്ഥാപിതമായിക്കാണുന്നതിനും, തൽക്കർത്താവിനുള്ള അഭിവാഞ്ഛ ഒന്നുകൊണ്ടു മാത്രമായിരിക്കണം.

ഗ്രന്ഥകർത്താവിന്റെ തൂലികയിൽനിന്നു തൽസദൃശങ്ങളായ വേറെയും മതഗ്രന്ഥങ്ങൾ ഉടലെടുക്കട്ടെ എന്നാശംസിക്കുന്നു.

T. S.

## പ്രാർത്ഥന

(ക്രിസ്തീയപരിപൂർണ്ണത അഞ്ചാംഭാഗം—പക്ഷം 224. വില 1ക 8ണ. ഐ. എസ്സ്. പ്രസ്സ്, എറണാകുളം).

ആദ്ധ്യാത്മികസാഹിത്യത്തിൽ ഒന്നാംകിടയിൽ നില്ക്കുന്ന ഒരു ഗ്രന്ഥമാണു് അൽഫോൺസ് റോഡ്റിഗസ്സിന്റെ Christian Perfection എന്ന ഗ്രന്ഥം. ഇംഗ്ലീഷിൽ ഈ ഗ്രന്ഥം മുഴുവനായും സംക്ഷേപിച്ചും പ്രസിദ്ധംചെയ്തിട്ടുണ്ടു്; മലയാളത്തിൽ അതു ഭാഗികമായി ബഹിർഗമിച്ചുകൊണ്ടിരിക്കുന്നു. പതിനെട്ടു ഭാഗമുള്ള മുഴുവനിലെ ആദ്യത്തെ നാലുഭാഗങ്ങൾ നേരത്തെ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. പ്രാർത്ഥനയെപ്പററിയുള്ള അഞ്ചാംഭാഗമാണു് ഇവിടെ നിരൂപണവിധേയമാകുന്നതു്. ഇരുപത്തെട്ടു അദ്ധ്യായങ്ങളിലായി പ്രാർത്ഥനയുടെ എല്ലാ വശങ്ങളും സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു. ജ്ഞാനവായനയ്ക്കു പററിയ ഒരു ഒന്നാംതരം പുസ്തകമാണിതു്. ഒരുഭാഗമായതുകൊണ്ടു് മുമ്പും പിമ്പുമുള്ള പുസ്തകങ്ങൾ ലഭിക്കാതെ ഇതുമാത്രം വാങ്ങിച്ചാൽ പ്രയോജനമില്ലല്ലോ എന്നു് ആരും കരുതേണ്ടതില്ല; ഓരോ ഭാഗവും പൂർവ്വോത്തരാപേക്ഷ കൂടാതെ സമ്പൂർണ്ണമാകയാൽ ഈ ഭാഗംമാത്രം വാങ്ങിക്കുന്നവർക്കു യാതൊരു അസൗകര്യവും വരുകയില്ല. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു.

ഡെപ്പോസിറുകൾ
2 കൊല്ലം കാലാവധി
മാസത്തിൽ
100 ക്കു് 6 ണ പലിശയും
ബാങ്ക് ഓഫ് കൊച്ചിൻ
ക്ലിപ്തം,
എറണാകുളം
ബ്രാഞ്ചുകൾ:
മട്ടാഞ്ചേരി വില്ലിംഗഡൺ ഐലണ്ടു്, ചാലക്കുടി, തൃശ്ശൂർ

## നാഗപ്പൂരിൽ സമ്മേളിക്കുന്നു

അടുത്തുവരുന്ന തിരഞ്ഞെടുപ്പു സംബന്ധിച്ചു കാര്യങ്ങൾ പര്യാലോചിക്കുന്നതിനായി ജൂലൈ 22-ാംനു- നാഗപ്പൂരിൽവച്ചു് കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യയുടെയും ഇൻഡ്യൻ ക്രിസ്ത്യൻ അസോസ്യേഷന്റെയും ജോയിന്റ് കമ്മിററിയുടെ ഒരടിയന്തിരസമ്മേളനം നടത്തുന്നതാണു്.

## വിനോദവീഥി



"വർഷമാണു്. മുററമെന്നുമടിക്കണമെന്നു നൂറുപ്രാവശ്യം ഞാനാ വേലക്കാരിയോടു പറഞ്ഞതാണു്."

* * *

ഡോക്ടർ: നിങ്ങൾ കായ്കനികളും പഴങ്ങളും ധാരാളം തിന്നണം. പ്രത്യേകിച്ചും അവയുടെ തൊണ്ടു് തിന്നണം. അതിലാണു് പോഷകാംശങ്ങളും വിററമിനും ഇരിക്കുന്നതു്. ആകട്ടെ നിങ്ങൾക്കേററവും ഇഷ്ടപ്പെട്ട പഴം ഏതാണു്.

രോഗി: ചക്കപ്പഴം.

* * *

ഹോട്ടൽമാനേജർ: എന്താ! ഇന്നലെ നല്ലവണ്ണം ഉറങ്ങിയോ?

അതിഥി: ആ മുറിയിൽ കിടന്നു് എങ്ങനെ ഉറങ്ങാനാ? ഒരു പോള കണ്ണടച്ചില്ല.

മാനേജർ: കണ്ണടയ്ക്കാതെ എങ്ങനെയാ ഉറങ്ങുന്നതു? ആരുടെ കുററം?

* * *

പ്രസംഗശേഷം വികാരിയച്ചനോടു് ഇടവകക്കാരിലൊരാൾ: "ഒന്നാന്തരം പ്രസംഗം! എന്റെ പരിചയത്തിൽപ്പെട്ട പലർക്കും നല്ലപോലെ പററുന്നതാണതു്."

## ആഗസ്റ്റ്മാസവണക്കം

"ഫാദർ മാത്യൂ ആലക്കളം" എഴുതിയിട്ടുള്ള ആഗസ്റ്റുമാസവണക്കം അഥവാ ഫാത്തിമാവണക്കം വില 1 ക. 2 ണ. തിരുക്കുടുംബവർഷം അഥവാ 51 ഞായറാഴ്ച പ്രസംഗങ്ങൾ വില 14 ണ. മറെറല്ലാ കത്തോലിക്കാപ്രസിദ്ധീകരണങ്ങളും വില്പനയ്ക്കു തയ്യാർ.

കച്ചവടക്കാർക്കു പ്രത്യേകനിരക്കു്

ഫാത്തിമാസ്റ്റോഴ്സ്, മാന്നാനം

## അറിയേണ്ടും കാര്യങ്ങൾ

എന്ന പേരോടുകൂടി ഞങ്ങൾ 1949-ൽ ഒരു പുസ്തകം അച്ചടിപ്പിച്ചതു് അതു ഉടനെതന്നെ തീർന്നുപോയതിനാൽ കൂടുതലായി അനവധി പുതിയ വിഷയങ്ങളെ കൂട്ടിച്ചേർത്തുകൊണ്ടു് 2-ാം പതിപ്പു് ഉടനെ തയ്യാറാക്കുന്നതാണെന്നു് 19-4 50 ലും 6 12-50 ലും ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലഘുലേഖകളിൽ പ്രസ്താവിച്ചിരുന്നതു് മാന്യവായനക്കാരിൽ പലരും ഓർക്കുന്നുണ്ടായിരിക്കുമല്ലോ.

എന്നാൽ ഇപ്പോൾ ഈ പുസ്തകത്തിന്റെ 2-ാം പതിപ്പു് ഉടനെ പുറത്തുവരുത്തുന്നതിനുവേണ്ടി അതിലേക്കു ഈ വിഷയങ്ങളെ എഴുതി ഉണ്ടാക്കുന്നതിനും, പലവിധത്തിലുള്ള രോഗങ്ങൾ ബാധിച്ചവരായ രോഗികളുടേതായി അനവധി സ്ഥലങ്ങളിൽനിന്നു് കിട്ടിക്കൊണ്ടിരിക്കുന്നതായ എഴുത്തുകളെ പരിശോധിച്ചു അവർക്കുവേണ്ടതായ നിർദ്ദേശങ്ങൾ അയക്കുന്നതിനും, സ്ഥലത്തു് വന്നുകൊണ്ടിരിക്കുന്ന രോഗികളുടെ ആവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുന്നതിനും മററുമായി എനിക്കു വളരെ ജോലികൾ ഉള്ളതുകൊണ്ടാണു് ഇപ്പോൾ എറണാകുളം ക്യാമ്പിൽ എനിക്കുപകരം എന്റെ മകൻ ലോനപ്പൻ (വൈദ്യഭൂഷണം & D. A. I. T.) വന്നുകൊണ്ടിരിക്കുന്നതു്.

അറിയേണ്ടും കാര്യങ്ങൾ എന്ന പുസ്തകത്തിന്റെ 2-ാം പതിപ്പു് 1951 സെപ്റ്റംബർ 1-ാംനു- (1127 ചിങ്ങം 16-ാംനു-) പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി എറണാകുളത്തു ആഴ്ചതോറും ക്യാമ്പു ചെയ്തുവരാറുള്ള പതിവു് (സെപ്റ്റംബർ 1-ാംനു മുതൽ) നിർത്തലാക്കുവാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ടി. പുസ്തകത്തിലെ വിഷയങ്ങളിൽ ശ്രദ്ധപതിക്കുവാൻ സാധിക്കുന്നവർക്കു ക്യാമ്പിൽവരാതെകണ്ടുതന്നെ ഏറെക്കുറെ സംശയനിവൃത്തിവരുത്തുവാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണു് ഈ പുസ്തകം തയ്യാറാക്കിവരുന്നതും മേൽപ്രകാരം ക്യാമ്പു് നിർത്തൽചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതും എന്നുകൂടി അറിയിച്ചുകൊള്ളുന്നു.

N. B. മരുന്നുകളുടെ വില്പന ഇപ്പോഴത്തെ ക്യാമ്പു് സ്ഥലമായ എറണാകുളം സെയിൽസ് ഡെപ്പോവിൽതന്നെ തുടർന്നു നടത്തിക്കൊണ്ടിരിക്കുന്നതാണെന്നുകൂടി എല്ലാ മാന്യസുഹൃത്തുക്കളെയും ഈ അവസരത്തിൽ പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

Prop: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനു സമീപം), നെല്ലായി P. O.




കടുത്തുരുത്തി: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ പ്രഥമ വാർഷികം ജൂലൈ 8-ാംനു- വെരി റവ. ഡോക്ടർ എൽ ജെ ചിററൂർ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ബ്രദേഴ്സ് കെ. എം. ജോസഫ് ബി എസ് സി ബി എൽ, വിദ്വാൻ സി. എം സെബാസ്ത്യൻ എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി. യോഗാനന്തരം സൊഡാലിററി യംഗങ്ങൾ "ഫിലോമിന" എന്ന പ്രഹസനം അഭിനയിച്ചു.

—പള്ളുരുത്തി: മരിയസഖ്യത്തിന്റെ 3-ാം വാർഷികം ജൂലൈ 8-ാംനു- റവ ഫാ. ഹില്ലരിയോൻ സി ഡി എം ഐയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. റവ. ഫാ. മാത്യു കോതകത്തു്, ശ്രീമതി വി. വി. തങ്കമ്മ എന്നിവർ പ്രസംഗിച്ചു യോഗാനന്തരം "ധർമ്മധീരൻ" എന്ന പ്രഹസനവും അഭിനയിക്കയുണ്ടായി.

—പേരാമ്പ്ര: പെരുമണ്ണാംമൂഴിയിൽ ഫാത്തിമാനാഥയുടെ നാമത്തിൽ പുതുതായി പണിതീർത്തിരിക്കുന്ന ദേവാലയത്തിന്റെ വെഞ്ചരിപ്പും അതിലെ പ്രഥമപൂജാർപ്പണവും ജൂലൈ 2-ാംനു- നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

—പുത്തൻപള്ളി: വിൻസെന്റ് ഡി പോൾ സഖ്യങ്ങളുടെ സംയുക്തവാർഷികം മി. പി. ഡി തൊമ്മൻ എം എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. ഷെവലിയർ ജോസഫ് പെട്ട എം എ ഒരു പ്രസംഗം ചെയ്തു.

—കല്ലറ പുത്തൻപള്ളി: പള്ളിവികാരി റവ. ഫാ. ജോസഫ് കട്ടപ്പുറം അവർകളുടെ അദ്ധ്യക്ഷതയിൽ ജൂലൈ 6-ാംനു- കൂടിയ പൊതുയോഗത്തിൽവച്ചു് ചെറുപുഷ്പമിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു.

—കുറവിലങ്ങാട്: വികാരി വെരി റവ. ഫാ. തോമസ് മണക്കാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് മിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

### ദശിയദിനാഘോഷങ്ങൾ

പള്ളുരുത്തി, കീഴ്പറയാർ, കറവിലങ്ങാട്, കുട്ടിക്കൽ, അമ്പാറനിരപ്പേൽ, പൂവത്തോട്, കോക്കമംഗലം എന്നീ സ്ഥലങ്ങളിൽ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ സാഘോഷം കൊണ്ടാടിയിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

### ചരമം

തിടനാട്ടു് ഇടവക വാരികാട്ടു് ദേവസ്യ ദേവസ്യ ജൂലൈ 1-ാംനു- നിര്യാതനായി. ശവസംസ്കാരകർമ്മം പരേതന്റെ മാതൃസഹോദരി പുത്രനായ റവ. ഫാ. മാത്യു മണ്ണുപറമ്പിൽ ബി എ എൽ ടിയുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു R. I. P.

### മേരിദിനാഘോഷം

കമ്മ്യൂണിസ്റ്റു് നേതൃത്വത്തിൽ വർഷംതോറും നടത്തപ്പെടുന്ന മേയ ദിനാഘോഷങ്ങളുടെ സ്ഥാനത്തു് അതേ അവസരത്തിൽ മേരിദിനം കൊണ്ടാടുവാൻ ഒൺടേറിയോയിൽ വിൻഡ്സർ എന്ന സ്ഥലത്തെ കത്തോലിക്കർ മൂന്നു വർഷങ്ങൾക്കുമുമ്പു് ഒരു തീരുമാനമെടുക്കുകയുണ്ടായി. ആദ്യതവണ നടത്തപ്പെട്ട ആഘോഷച്ചടങ്ങുകളിൽ വളരെ ചുരുക്കംപേർമാത്രമേ പങ്കെടുക്കുവാനുണ്ടായുള്ളു. രണ്ടാമത്തെ വർഷത്തിൽ ആളുകളുടെ സംഖ്യ വർദ്ധമാനമായിക്കണ്ടു. ഇക്കഴിഞ്ഞ മേയ് മാസത്തിൽ തത്സംബന്ധമായി നടത്തപ്പെട്ട ഗംഭീരമായ ഘോഷയാത്രയിൽ 10 000-ത്തിൽപ്പരമാളുകൾ സംബന്ധിക്കുകയു 30 000 ത്തിൽപരം ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ മററാഘോഷച്ചടങ്ങുകൾ നടത്തപ്പെടുകയുമുണ്ടായി. നഗരവീഥിയിൽക്കൂടി ആർഭാടമായി നീങ്ങിക്കൊണ്ടിരുന്ന സുദീർഘമായ ഘോഷയാത്രയിൽ നീഗ്രോകളും വെള്ളക്കാരും തുല്യനിലയിൽ ഇടകലർന്നു അണിനിരന്നിരുന്നു. ഇപ്രകാരം മേയ്ദിനം മേരിദിനമാക്കിപ്പകർത്തുന്ന കാര്യത്തിൽ വിൻഡ്സറിലെ കത്തോലിക്കർ വിജയംവരിച്ചിരിക്കുന്നു.

ഗ്രാമോദ്ധാരണപംക്തി

# ഗോമാരി

കന്നുകാലികൾക്കുണ്ടാകുന്ന പ്ലേഗ്

ഗോമാരി (Rinderpest) അഥവാ ചാണകപ്പനി ആണ് ഇൻഡ്യയിലെ കന്നുകാലികളെ ബാധിക്കുന്ന ഏററവും ഭയങ്കരമായ രോഗം. ഏകദേശം ഒരു ലക്ഷത്തി ഒൻപതിനായിരം മാട്ടുകൾ ഈ രോഗംമൂലം പ്രതിവർഷം ഇൻഡ്യയിൽ മരിക്കുന്നുണ്ട്. അതായതു് ഒരു കോടി രൂപായെങ്കിലും കന്നുകാലികളുടെ വിലയിനത്തിൽ നഷ്ടപ്പെടുന്നു. രോഗത്തിൽനിന്നും മുക്തിനേടുന്ന കന്നുകാലികൾ ക്ഷീണിക്കുകയും ജോലിചെയ്യുന്നതിനും പാൽനൽകുന്നതിനും പ്രാപ്തിയില്ലാത്തവയായിത്തീരുകയും ചെയ്യുന്നു. ഈ ദീനത്തിന്റെ ഫലമായി പാൽ ഉല്പാദനത്തിലുണ്ടാകുന്ന നഷ്ടം 17 ലക്ഷം ടൺ ആകുന്നു. അതായതു് 3 കോടി 40 ലക്ഷം രൂപയ്ക്കുള്ള പാൽ.

ഈ രോഗത്തിനു കന്നുകാലി പ്ലേഗ് എന്നും പറയാറുണ്ട്. ഇൻഡ്യയിൽ മാത്രമല്ല ചൈനാ, ടിബററ്, ദക്ഷിണറഷ്യ, ഈജിപ്ത്, സൂഡാൻ, ഫിലിപ്പൈൻദ്വീപുകൾ എന്നിവിടങ്ങളിലും ഈ പ്ലേഗുബാധയുണ്ടാകുന്നു. ബ്രിട്ടനിൽ 1877-ൽ ഈ രോഗം പടർന്നുപിടിച്ചു. അന്നു രോഗംബാധിച്ചവയും അവയോടു സമ്പർക്കം ഉണ്ടായിരുന്നവയും ആയ മാട്ടുകളെ ആയിരക്കണക്കിനു കൊന്നൊടുക്കിയാണ് ഇതിൽനിന്നും രക്ഷനേടിയതു്. അമേരിക്കയിലും ആസ്ട്രേലിയായിലും ഈ ദീനം ഒരിക്കലും ഉണ്ടായിട്ടില്ല.

ഈ രോഗം ബാധിച്ചാൽ കാലികളുടെ ശരീരത്തിന്റെ ചൂടു വർദ്ധിക്കുന്നതും ഉന്മേഷം നശിച്ചു ഉറക്കംതൂങ്ങുംപോലെ നില്ക്കുന്നതുമാണ്. കണ്ണിൽനിന്നു ജലം ഒഴുകുന്നതിനെ തുടർന്നു ചാണകം വെള്ളംപോലെ പോകുന്നതും ചിലപ്പോൾ അതിൽ രക്തമയം ഉണ്ടായിരിക്കുന്നതുമാണ്. ക്ഷീണവും തളർച്ചയുംകൊണ്ടു മാടിനു് അനങ്ങാൻ പാടില്ലാതാകുന്നു. ദീനം ശക്തിയായി ബാധിച്ചാൽ മരണം മിക്കവാറും നിശ്ചയംതന്നെ.

ഒരുജാതി അണുക്കൾ മുഖേനയാണ് ഈ രോഗം പിടിപെടുന്നതു്. അതു രക്തത്തിൽ ഉണ്ടായിരിക്കുന്നതും ചാണകം, മൂത്രം, വായിലെ ദ്രാവകം മുതലായവയിൽക്കൂടി പുറത്തേക്കു സംക്രമിക്കുന്നതുമാണ്. സൂര്യരശ്മി തട്ടുകയോ, ചുണ്ണാമ്പും തുരിശും പ്രയോഗിക്കുകയോ ചെയ്താൽ അണുക്കൾ നശിക്കുന്നു.

ഈ സുഖക്കേടിനു യാതൊരു ഔഷധവും ശരിക്കു ഫലിക്കുകയില്ല. ശരിയായ ശുശ്രൂഷയും സുഖപ്രദമായ സൗകര്യങ്ങളും ഉണ്ടായിരുന്നാൽ രോഗം ബാധിച്ച മാടു സുഖപ്പെട്ടു എന്നുവരാം. എന്നാൽ രോഗം കടുത്തതാണെങ്കിൽ മരണം നിശ്ചയവുമാണ്. ആകയാൽ രോഗനിയന്ത്രണത്തിലും നിരോധനനടപടികളിലുമാണ് സർവ്വശ്രദ്ധയും പതിയേണ്ടതു്.

ഈ രോഗം നിയന്ത്രിക്കുന്നതിനു പല പരീക്ഷണങ്ങളും നടത്തിയതിൽ കുത്തിവയ്പുകൊണ്ടു മാത്രമേ എന്തെങ്കിലും ഫലമുണ്ടായതായി കണ്ടിട്ടുള്ളു. രണ്ടുതരത്തിലുള്ള കുത്തിവയ്പുണ്ടു്. കൃത്രിമമായി രോഗബാധയുണ്ടാക്കിയ ആടിന്റെ പ്ലീഹയിൽനിന്നു തയാറാക്കുന്ന എമൽഷൻ കുത്തിവയ്ക്കുകയാണ് ഇപ്പോൾ സാധാരണയായി ചെയ്യാറുള്ളതു്. ഈ കുത്തിവയ്പു നടത്തിയാൽ ജന്തുവിനു രോഗനിരോധനശക്തി സിദ്ധിക്കുന്നു. പുതിയ വാക്സിനുകൾ കണ്ടുപിടിക്കാനുള്ള ഗവേഷണങ്ങൾ ഇൻഡ്യയിൽ ധാരാളം നടന്നുവരുന്നു.

മിക്ക പാശ്ചാത്യരാജ്യങ്ങളിലും സുഖക്കേടുണ്ടായാലുടൻ അധികാരികളെ അറിയിക്കുന്നതും, ദീനം പിടിപെട്ട മാട്ടുകളെ നശിപ്പിക്കുകയും ശവങ്ങൾ മറവുചെയ്യുകയും ചെയ്യുന്നതും സംബന്ധിച്ച നിയമങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇൻഡ്യയിലെ പരിതഃസ്ഥിതികളിൽ ഇതു പ്രായോഗികമാവുകയില്ല. ആകയാൽ കന്നുകാലികളുടെ ഈ ഭയങ്കരശത്രുവിനെതിരായി പ്രയോഗിക്കാവുന്ന ആയുധം കുത്തിവയ്പുമാത്രമാണ്. സുഖക്കേടു വന്നാലുടൻ അടുത്തുള്ള മൃഗാശുപത്രിയിൽ വിവരം അറിയിക്കണം. ആശുപത്രികളിൽ പ്രതിരോധനടപടിക്കുള്ള സജ്ജീകരണങ്ങൾ എപ്പോഴും തയാറായിരിക്കണം. സൂര്യപ്രകാശമേററാൽ എളുപ്പം ശക്തിപോകുന്ന വാക്സിനാണു കുത്തിവയ്ക്കുന്നതു്. അതിനാൽ വാക്സിൻ കുഴപ്പമുണ്ടാകാതിരിക്കാൻ റിഫ്രിജറേറററിൽ സൂക്ഷിക്കേണ്ടതും ആവശ്യമാണ്.

ഗോമാരി ഉണ്ടാകുന്നപക്ഷം താഴെപ്പറയുന്ന നടപടികൾ താമസംകൂടാതെ കൈക്കൊള്ളുന്നതായാൽ നഷ്ടം വളരെ കുറഞ്ഞിരിക്കും.

1. ദേഹത്തിനു ചൂടുകൂടുകയും, ആഹാരം വെറുക്കുകയും, ചാണകം വെള്ളംപോലെ പോവുകയും ചെയ്യുന്ന കാലികളെ ഒററതിരിക്കുക.
2. രോഗംപിടിപെട്ട കാലികളെ ദൂരസ്ഥലത്തു തണലത്തു നിറുത്തി ഉപ്പിട്ട കഞ്ഞി കൊടുക്കുക.
3. അടുത്തുള്ള മൃഗാശുപത്രിയിൽ വിവരം അറിയിക്കുകയും രോഗമില്ലാത്ത കാലികളെ കുത്തിവയ്പിക്കുകയും ചെയ്യുക.
4. ശവങ്ങൾ ഒന്നുകിൽ ആറടിതാഴ്ചയിൽ മൂടുക; അല്ലാത്തപക്ഷം ദഹിപ്പിക്കുക.

കാലികളുടെ ഉടമസ്ഥന്മാരും മൃഗാശുപത്രിയിലെ സിൽബന്തികളും തമ്മിൽ അടുത്തു സഹകരിക്കേണ്ടതു് ഏററവും അത്യാവശ്യമാണ്.

(Travancore-Cochin News)

## പ്രത്യേക അറിയിപ്പ്

സത്യദീപം പുറപ്പെടുന്ന ബുധനാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ പത്രക്കെട്ടയക്കുന്നതിനു കൂടുതൽ തപാൽ ചിലവു വേണ്ടിവരുന്നതുകൊണ്ട് ബുധനാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ പത്രക്കെട്ടയക്കുന്നതല്ല. അതിനാൽ പത്രം പുറപ്പെടുന്ന ബുധനാഴ്ചതന്നെ പത്രക്കെട്ട അയച്ചുതരേണ്ടതിലേക്കായി ചൊവ്വാഴ്ചക്കുള്ളിൽ പത്രവില മുൻകൂറായി ആപ്പീസിൽ അടച്ചിരിക്കേണ്ടതാണെന്നുള്ള വിവരം മാന്യ ഏജൻറന്മാരെ അറിയിച്ചുകൊള്ളുന്നു. പത്രക്കെട്ട പോസ്റ്റാപ്പീസിൽനിന്നും വാങ്ങിക്കാൻ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

മാനേജർ, സത്യദീപം

### ഭർത്താവിന്റെ പിന്നാലെ

(10-ാം പേജ് തുടർച്ച)

വാൻ എനിക്കു നിവൃത്തിയില്ലായിരുന്നു. പക്ഷേ ആ വഴിക്ക് ഒരു തിരിവും ഞാൻ കണ്ടില്ല. അവസാനം എന്റെ ഭർത്താവിന്റെ സഹായത്തോടുകൂടി നിത്യതത്തിലേക്കു നയിക്കുന്ന വഴി, റോമിലേക്കുള്ള പന്ഥാവ്, ഞാൻ കണ്ടെത്തി.

കത്തോലിക്കാമതത്തിൽനിന്നും എന്റെ ഭർത്താവ് എങ്ങനെ കമ്മ്യൂണിസത്തിൽ എത്തിയെന്നും അവിടെനിന്നും എങ്ങനെ വീണ്ടും കത്തോലിക്കാസഭയിലേക്ക് മടങ്ങിയെന്നും ഉള്ള സംഗതികൾ ഇന്ന് എല്ലാവർക്കും സുജ്ഞാതമാണ്. പക്ഷേ എനിക്ക് അതു് അല്പം വ്യത്യസ്തമായ പ്രശ്നമായിരുന്നു. അദ്ദേഹത്തിനു് താൻ തെററിപ്പോയി എന്നു് പരസ്യമായി സമ്മതിച്ച് വിനയപൂർവ്വം കത്തോലിക്കാസഭയിലേക്കു മടങ്ങേണ്ട പ്രയാസമേ ഉണ്ടായിരുന്നുള്ളു. എനിക്കാകട്ടെ മടങ്ങിച്ചെല്ലുവാൻ സ്ഥലമില്ലായിരുന്നു.

എന്നെക്കാൾ മുമ്പുതന്നെ ഞാൻ കത്തോലിക്കയാകേണ്ടതിന്റെ ആവശ്യകത എന്റെ ഭർത്താവിനു ബോദ്ധ്യമായിരുന്നു. പക്ഷേ കത്തോലിക്കയാകുവാൻ എനിക്കു സാധിക്കയില്ല എന്നു ഞാൻ തറച്ചു പറയുന്നതു് അദ്ദേഹം പലപ്പോഴും കേട്ടിട്ടുണ്ട്. ഞാൻ ഇങ്ങനെ പറഞ്ഞിരുന്നതു് ഒരിക്കലെങ്കിലും ദിവ്യബലിയിൽ സംബന്ധിക്കുകയോ ഒരു കത്തോലിക്കാ വൈദികനോടു സംസാരിക്കുകയോ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗമായിത്തീരുക എന്നതിന്റെ അത്ഥത്തെപ്പററി ചിന്തിക്കുകയോ ചെയ്യുന്നതിനു മുമ്പാണ്. ഒരു കത്തോലിക്കൻ അവശ്യം അനുഷ്ഠിക്കേണ്ട കാര്യങ്ങൾ ചെയ്യാൻ എനിക്കു സാധിക്കയില്ലെന്നു ഞാൻ വിചാരിച്ചു. കത്തോലിക്കയായ ഒരു ഭാര്യയുടെയും മാതാവിന്റെയും ജീവിതം വളരെ അസ്വതന്ത്രമാണെന്നു ഞാൻ കരുതി. ഒരു സ്ത്രീയുടെ സ്വാതന്ത്ര്യം ബലികഴിക്കുവാൻ ഞാൻ ഒരുക്കമില്ലായിരുന്നു. മററുവിധത്തിൽ പറഞ്ഞാൽ ദൈവഹിതം നിർവഹിക്കുവാൻ ഞാൻ തയാറില്ലായിരുന്നു. മാത്രമല്ല അക്രൈസ്തവമായ ഒരു ജീവിതമുറയിൽനിന്നും, അതിലും മോശമായി ഒരു കമ്മ്യൂണിസ്റ്റ് വനിതയുടെ യാന്ത്രികമായ കർത്തവ്യങ്ങളിൽനിന്നും, വിമുക്തയാകുവാൻ ഞാൻ ആഗ്രഹിച്ചില്ല.

പള്ളിയിൽ—പ്രോട്ടസ്റ്റൻറുപള്ളിയിൽ—പോകുവാൻ ഞാൻ ചെയ്ത ശ്രമങ്ങൾ എന്റെ ഭർത്താവിന്റെ ക്ഷമയെ അത്യധികം പരീക്ഷിച്ചു. ചിലപ്പോഴെല്ലാം ഞായറാഴ്ച ഞാൻ അദ്ദേഹത്തോടൊരുമിച്ച് ദിവ്യബലിയിൽ സംബന്ധിച്ചിരുന്നു. എന്റെ കമ്മ്യൂണിസ്റ്റ് ജീവിതം [illegible]നക്കമായി ഉപേക്ഷിക്കുവാൻ ഞാൻ സന്നദ്ധയായി. പക്ഷേ അതിനുപകരം എന്താണു സ്വീകരിക്കേണ്ടതെന്നറിയാതെ ഞാൻ കുഴങ്ങി. ശൂന്യതയിൽ വിശ്വസിക്കുവാൻ എനിക്കു കഴിഞ്ഞില്ല; കുഴപ്പങ്ങൾ ഞാൻ ഒരിക്കലും ആഗ്രഹിച്ചില്ല. ഒരു വസന്തകാലം മുഴുവൻ ഞാൻ കത്തോലിക്കരുടെ കുർബ്ബാനപ്പുസ്തകവും എപ്പിസ്കോപ്പൽസഭയുടെ പൊതുപ്രാർത്ഥനാപുസ്തകവും ഒരുമിച്ചു വായിച്ചുനോക്കി. രണ്ടുപള്ളികളിലും ഞാൻ മാറിമാറിപ്പോയി; പ്രസംഗങ്ങൾ കേട്ടു.

ചില സംഭവപരമ്പരകൾ അവസാനമായി കത്തോലിക്കാസഭയിൽ ചേരുന്നതിനു് ദൃഢനിശ്ചയം ചെയ്യാൻ എന്നെ പ്രേരിപ്പിച്ചു. സഭയെപ്പററി എന്റെ ഭർത്താവിനോടു സംസാരിച്ചതല്ലാതെ മററു യാതൊരു കത്തോലിക്കനോടും ഞാൻ സംഭാഷണം ചെയ്തിട്ടില്ല. അതിനാൽ കത്തോലിക്കാസഭയെപ്പററിയുള്ള സംഭാഷണംമൂലം ആരും എന്നെ പ്രേരിപ്പിച്ചിട്ടില്ലെന്നു് എനിക്കു് ഉറപ്പു പറയുവാൻ സാധിക്കും.

ഭർത്താവിന്റെ കുടുംബക്കാർ ഭക്തരായ കത്തോലിക്കരായിരുന്നു. ഞാൻ അവരെ സന്ദർശിച്ച അവസരങ്ങളിൽ എന്നോടോ കുട്ടികളോടോ മതത്തെപ്പററി അവർ യാതൊന്നും പറഞ്ഞില്ല. ഞങ്ങൾ അവർക്കു് അത്യധികമായ ഹൃദയവ്യഥയ്ക്കു കാരണമായിരുന്നുവെന്നു് ഇപ്പോൾ എനിക്കു ഗ്രഹിക്കുവാൻ കഴിയും. വാസ്തവം പറഞ്ഞാൽ ഭർത്താവിന്റെ അമ്മയുമായി മതത്തെപ്പററി എന്തെങ്കിലും സംസാരിക്കുവാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ അതിനു പററിയ അവസരമുണ്ടാകുവാൻ അവർ ഇടകൊടുത്തില്ല. വൈകുന്നേരം അവർ കൊന്തജപിക്കുമ്പോൾ ഞങ്ങൾ പുറത്തു പടിപ്പുരയിൽ പോയിരിക്കുമായിരുന്നു. പ്രാർത്ഥനയിൽ ഭാഗഭാക്കാകുന്നതിനു് ആരും ഞങ്ങളെ ക്ഷണിച്ചില്ല. എന്റെ മൂന്നുവയസ്സുള്ള കുട്ടി അവളുടെ അമ്മൂമ്മയോടു് ഒരു കൊന്ത ചോദിച്ചപ്പോൾ "നിന്റെ അപ്പന്റെ അനുവാദം വാങ്ങിക്കൊണ്ടു വരൂ" എന്ന മറുപടിയാണു് അവൾക്കു ലഭിച്ചതു്. എന്റെ ബന്ധുജനങ്ങളുമായി മതത്തെപ്പററി ന്യായവാദങ്ങളോ തർക്കങ്ങളോ ഉണ്ടായിരുന്നില്ല. പക്ഷേ എന്റെ ഭർത്താവു് വിശ്വാസം ഉപേക്ഷിച്ച വിവരം ഗ്രഹിച്ച് ചാർച്ചക്കാരും സ്നേഹിതരും വൈദികരും കന്യാസ്ത്രീകളും പ്രത്യാശയോടെ പലവർഷക്കാലം എന്നുമാത്രം പ്രാർത്ഥിച്ചുവെന്നു് എനിക്കറിയാം.

അവസാനം ഭർത്താവിന്റെ അപ്പൻ മരിച്ചു. അപ്പൻ മരിച്ചുകഴിഞ്ഞയുടനെ തന്നെ എങ്ങനേയും തനിക്കു കത്തോലിക്കാസഭയിൽ ചേരണമെന്നു് ഭർത്താവു് എന്നോടു പറഞ്ഞു. അപ്പോൾ വിശ്വാസദാനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഞാൻ ശ്രമിച്ചുനോക്കി. ബുദ്ധിപരമായ നിലയിൽ നോക്കിയാൽ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ഞാൻ തയാറായിരുന്നു. പക്ഷേ യഥാർത്ഥത്തിൽ എനിക്കു വിശ്വാസമില്ലായിരുന്നു. സത്യം ദർശിക്കണം എന്ന ഒരു പുതിയ നിശ്ചയത്തോടുകൂടി ഞാൻ കുർബ്ബാനകാണുവാൻ പോയിത്തുടങ്ങി. പലപ്പോഴും ഞാൻ പരാജയമടഞ്ഞിട്ടുണ്ട്. ഇപ്രാവശ്യം വിജയംവരിക്കണമെന്നു തീർച്ചപ്പെടുത്തി. എന്റെ മൂന്നു കുട്ടികളേയും ഞാൻ എപ്പിസ്കോപ്പൽ സഭയിൽ മാമ്മോദീസാമുക്കി. ഇതിൽ ഭർത്താവു വളരെ അസന്തുഷ്ടനായി; കാരണം എനിക്കു മനസ്സിലാക്കാമായിരുന്നു. ഒരുദിവസം കാലത്തു് ഞങ്ങൾ കത്തോലിക്കാ ദേവാലയത്തിൽ പോയപ്പോൾ അവിടത്തെ വൈദികൻ പ്രബുദ്ധമായ ഒരു പ്രസംഗം ചെയ്തു. ഞാൻ പള്ളിയുടെ പിൻവശത്തു് തൂണിന്റെ പുറകിലായി ഇരിക്കയായിരുന്നു. വളരെ കുറച്ചുപേർമാത്രം ദിവ്യകാരുണ്യം സ്വീകരിക്കുവാൻ പോകുന്നതു കണ്ടപ്പോൾ എനിക്കു് അത്ഭുതം തോന്നി. കത്തോലിക്കരല്ലാത്ത വേറെ ആരും അവിടെ ഇല്ലായിരുന്നിരിക്കാം. അൾത്താരയുടെ സമീപം ചെന്നു ദിവ്യകാരുണ്യം സ്വീകരിക്കുവാൻ സാധിച്ചെങ്കിൽ എന്നു് എനിക്കു് പെട്ടെന്നു് ഒരാഗ്രഹം തോന്നി. അന്നു കാലത്തെ പ്രസംഗം എനിക്കു് ഒരിക്കലും മറക്കുവാൻ സാധിക്കയില്ല. ആണ്ടുകുമ്പസാരവും ഞായറാഴ്ചക്കുർബ്ബാനയും വെള്ളിയാഴ്ച മാംസവർജ്ജനവും മാത്രം കൊണ്ടു തൃപ്തിപ്പെടുകയും സഭയ്ക്കു പുറത്തുള്ളവരെ വിമർശിക്കുകയും ചെയ്യുന്ന കത്തോലിക്കരെ പരാമർശിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിച്ചു; എന്തെന്നാൽ കൂദാശകൾ സ്വീകരിക്കാതെയുള്ള ജീവിതം എത്ര ഫലശൂന്യമാണെന്നു് എനിക്കറിയാമായിരുന്നു.

കുറേ മാസങ്ങൾക്കുശേഷം ഒരു ശനിയാഴ്ച കാലത്തു് കുട്ടികളുമൊരുമിച്ച് സന്ദർശനത്തിനായി ഞാൻ ഒരു ദേവാലയത്തിൽ പ്രവേശിച്ചു. പള്ളിയിൽ ആരും ഇല്ലായിരുന്നു. അതിനാൽ അൾത്താരയുടെ അഴികൾക്കു സമീപം ചെന്നു മുട്ടുകുത്തുന്നതിനു് എനിക്കു ധൈര്യംതോന്നി. ഞാൻ യാതൊരു പ്രാർത്ഥനയും ചൊല്ലിയില്ല; അവിടെ മുട്ടുകുത്തിനില്ക്കുകമാത്രം ചെയ്തു; എനിക്കു വിശ്വാസദാനം ലഭിച്ചു. അതിനുശേഷം മതകാര്യങ്ങൾ പഠിക്കുന്നതിനും മൗതികശരീരത്തിലെ അംഗമായിത്തീരുന്നതിനും ഞാൻ സന്നദ്ധയായിരുന്നു.

ഇപ്പോൾ, അഞ്ചുകൊല്ലത്തിനുശേഷം, സത്യവിശ്വാസത്തിൽ വളർന്നുവരുന്ന എന്റെ കുട്ടികളോടു് എനിക്കു് ഏതാണ്ടു് അസൂയ തോന്നിപ്പോകുന്നു; എന്തെന്നാൽ അവരുടെ ജീവിതം എന്റേതിൽനിന്നും വ്യത്യസ്തമായിരിക്കും. ഞങ്ങളുടെ പാപങ്ങൾക്കു് എങ്ങനേയും പരിഹാരം ചെയ്യേണ്ടതാണെന്നു ഞാൻ ധരിച്ചുകഴിഞ്ഞു. അതു കുമ്പസാരത്തിൽ രഹസ്യമായിട്ടു മാത്രമല്ല, പരസ്യമായിട്ടും വേണം. ഞാൻ എന്റെ പാപങ്ങളെപ്പററി പശ്ചാത്തപിക്കുന്നതുവരെ അവയിൽ ആരും ഉൽസുകരായിരുന്നില്ലെന്നുള്ളതു വിസ്മയകരമായിരിക്കുന്നു. പക്ഷേ അതിന്റെ സാർവത്രികതയെപ്പററി എനിക്കറിയാം; അതു കത്തോലിക്കാസഭയുടെ ചരിത്രമാണ്.

(Translated by A. V. Thomas)

മിഷനുകളെസംബന്ധിച്ച്

## വിശ്വലേഖനം

മിഷനുകളുടെ വളർച്ചയും ആധുനികസ്ഥിതിഗതികളും വിഷയമാക്കിക്കൊണ്ടു് "സുവിശേഷപ്രസംഗകർ" എന്ന പേരിൽ പരിശുദ്ധ പിതാവു് 12-ാം പീയൂസ് തിരുമേനി ഒരു വിശ്വലേഖനം പുറപ്പെടുവിച്ചിരിക്കുന്നു. തിരുമനസ്സിലെ സ്ഥാനാരോഹണാനന്തരം പ്രസിദ്ധീകരിക്കുന്ന ഇരുപതാമത്തെ വിശ്വലേഖനമാണിതു്. തിരുമനസ്സിലെ നാമകാരണനായ വി. യൂജിന്റെ തിരുനാൾദിനമായ ജൂൺ 2-ാംനു-യാണു് പ്രസ്തുത ലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. പരിശുദ്ധപിതാവു് 11-ാം പീയൂസ് തിരുമേനി മിഷനുകളെ സംബന്ധിച്ചു് "റേരും എക്ലീസിയ" എന്ന നാമത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശ്വലേഖനത്തിന്റെ 25-ാം വാർഷികം ഈക്കൊല്ലമാണെന്ന കാര്യവും സ്മർത്തവ്യമത്രെ.

# ഭർത്താവിന്റെ പിന്നാലെ

### കമ്മ്യൂണിസം ഉപേക്ഷിച്ചു സ്വഭർത്താവിനോടുകൂടി കത്തോലിക്കാസഭയിൽ പ്രവേശിച്ച

## മാർഗരററ് ബൂഡെൻസിന്റെ ഹൃദയസ്പർശകമായ ഭൂതകാലസ്മരണകൾ

**"രാത്രി വളരെ വൈകി ഞാൻ ഇതെഴുതിക്കൊണ്ടിരിക്കുന്നസമയത്തു് എന്റെ കുട്ടികൾ അവരുടെ കിടക്കയിൽ ഉറങ്ങുകയാണു്. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള കൊന്തജപം ഞങ്ങൾ ചൊല്ലിക്കഴിഞ്ഞു; മനസ്താപപ്രകരണവും ഞങ്ങൾ ചൊല്ലി. അവരെല്ലാവരും കത്തോലിക്കാമതത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരാണു്. തന്മൂലം തങ്ങൾക്കു് അബദ്ധം പററിയെന്നോ ജീവിതം പാഴായെന്നോ അവർ വിചാരിക്കേണ്ടിവരികയില്ല. അവർ പോകുന്ന വിദ്യാലയങ്ങളിൽ യഥാർത്ഥസത്യം പഠിപ്പിക്കുന്നു. എന്റെ അവിശ്വാസത്തിന്റെ ഏററം രൂക്ഷമായ ഘട്ടങ്ങളിൽ സഹജീവികളെ ഞാൻ സ്നേഹിച്ചതിൽ കൂടുതലായി അവർ സ്നേഹിക്കുന്നു; എന്തെന്നാൽ അവർ ദൈവത്തെ സ്നേഹിക്കുന്നു."**

II

തത്വശാസ്ത്രക്ലാസുകളിൽ ഒന്നു് ബൈബിൾ പഠനത്തിനായി വിനിയോഗിച്ചുവന്നു. വർഷത്തിന്റെ ആദ്യഘട്ടത്തിൽ പഴയനിയമമാണു് പഠിപ്പിച്ചിരുന്നതു്. പല യഹൂദവിദ്യാർത്ഥികളും ഈ ക്ലാസിൽ ഉണ്ടായിരുന്നു. എന്നിട്ടും അരിസ്റ്റോട്ടലിന്റെ അനുഗാമി എന്ന വൻപു പറഞ്ഞിരുന്ന അദ്ധ്യാപകൻ യഹൂദരെ അപലപിക്കുന്നതിൽ വ്യാപൃതനായിരുന്നു. പഴയനിയമത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളെ യഹൂദവിദ്യാർത്ഥികൾ പരസ്യമായി പ്രതിഷേധിച്ചു. എന്നിരുന്നിട്ടും പഴയനിയമഗ്രന്ഥങ്ങൾ കേവലം നാട്ടുകഥകളും ഇതിഹാസങ്ങളും ആണെന്നും അതിൽ കൂടുതലായി അവയിൽ ഒന്നും ഇല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ ജയിക്കുന്നതിനു് എനിക്കു യാതൊരു വിഷമവുമില്ലായിരുന്നു. പ്രഫസറുടെ വ്യാഖ്യാനങ്ങളിൽ ഞാൻ തൃപ്തയായിരുന്നു.

രണ്ടാംഘട്ടത്തിൽ പുതിയനിയമമാണു് പഠിപ്പിച്ചിരുന്നതു്. അദ്ധ്യാപനരീതിയിൽ വിരസരായ പല വിദ്യാർത്ഥികളും ഈ ക്ലാസിൽ വരാതിരുന്നു. പക്ഷേ ചില പ്രോട്ടസ്റ്റൻറു വിദ്യാർത്ഥികൾ അവരുടെ സ്ഥാനം സ്വീകരിക്കുകയാണു ചെയ്തതു്. ഇവിടെ ദൈവികകാര്യങ്ങൾ സംബന്ധിച്ചു് ഞങ്ങൾ വാക്സമരങ്ങൾ നടത്തുകയും വികാരങ്ങൾ വ്രണപ്പെടുത്തുകയും ചെയ്തിരുന്നു. ദിവ്യനാഥന്റെ ദൈവത്വവും പ്രവചനങ്ങളുമായിരുന്നു പ്രധാനവാദവിഷയം. പ്രഫസറുടെ അപലപനങ്ങൾ പല കുട്ടികൾക്കും വേദനാജനകങ്ങളായിരുന്നു. അവർക്കും പരീക്ഷയിൽ ജയിക്കുന്നതിനു് അദ്ദേഹത്തിന്റെ ആദർശം അനുസരിച്ചു് പരീക്ഷക്കടലാസുകളിൽ എഴുതേണ്ടിയിരുന്നു. ഈ ക്ലാസ് എനിക്കു വളരെ ഗുണം ചെയ്തുവെന്നു ഞാൻ വിചാരിച്ചു. എന്തുകൊണ്ടെന്നാൽ ദിവ്യനാഥന്റെ ദൈവത്വം, മറിയത്തിന്റെ കന്യാത്വം, ദൈവത്തിന്റെ അസ്തിത്വം മുതലായ തത്വങ്ങളിൽ വിശ്വസിച്ചിരുന്നവരുടെ വാദങ്ങൾ സംബന്ധിച്ചു് എനിക്കു യുക്തിപൂർവ്വമായ പ്രത്യുത്തരങ്ങൾ ഉണ്ടായിരുന്നു.

ഈ ആദ്യകൊല്ലത്തെ അനുഭവങ്ങൾ എന്റെ പ്രവർത്തനപഥത്തെ തിട്ടപ്പെടുത്തി. സാമൂഹ്യശാസ്ത്രത്തിലേയും മനസീകശാസ്ത്രത്തിലേയും പ്രധാനഭാഗം ഞാൻ പഠിച്ചുതീർക്കുകയും ഒരു സാമൂഹ്യപ്രവർത്തകയായിത്തീരുന്നതിനു നിശ്ചയിക്കുകയും ചെയ്തു. ഇതിനായി സാമൂഹ്യപ്രവർത്തനങ്ങൾക്കു ബിരുദം നൽകുന്ന വിദ്യാലയത്തിലും എനിക്കു പഠിക്കേണ്ടിയിരുന്നു. സംഗീതവും സാഹിത്യവും നല്ല ഉപവിഷയങ്ങളായിരിക്കുമെന്നു ഞാൻ തിട്ടപ്പെടുത്തി. പക്ഷേ എന്റെ സർവ്വശ്രദ്ധയും സാമൂഹ്യപ്രശ്നങ്ങളിൽ ഞാൻ പതിച്ചു. ഞാൻ വായനയ്ക്കു് ഉപയോഗിച്ചിരുന്ന പുസ്തകങ്ങളിൽത്തന്നെ വലിയ മാററം വരുത്തി. പഴയതെല്ലാം തെററായിട്ടും പുതിയതെല്ലാം ശരിയായിട്ടും എനിക്കുതോന്നി.

വിദ്യാർത്ഥിജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ വിശ്വാസവിഷയങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ഞാൻ പ്രദർശിപ്പിച്ച അത്യന്തം അപകടകരമായ രീതിയെപ്പററി എനിക്കു ലജ്ജതോന്നുന്നു. കത്തോലിക്കാവിദ്യാലയങ്ങളിൽ അദ്ധ്യയനം ചെയ്യുന്ന എന്റെ പുത്രികൾ കന്യാസ്ത്രീകളുടെ പ്രബോധനങ്ങളെ പ്രതിധ്വനിപ്പിക്കുമാറു സംസാരിക്കുമ്പോൾ അവർ പ്രദർശിപ്പിക്കുന്ന സാരവത്തായ വിജ്ഞാനത്തെപ്പററി എനിക്കു് അത്ഭുതം തോന്നുന്നു. ഇന്നലത്തെയോ ഇന്നത്തെയോ സംസ്കാരത്തെ അവർ ഒരിക്കലും പുച്ഛിക്കുന്നതായി ഞാൻ കേട്ടിട്ടില്ല. ലോകത്തിൽ നടക്കുന്ന സംഗതികളിൽ അവർ ഗുരുതരമായ ശ്രദ്ധചെലുത്തുന്നു. ഞാൻ പറഞ്ഞിരുന്നതുപോലെ ചപലങ്ങളായ ഉത്തരങ്ങൾ അല്ല അവർ പറയുന്നതു്. അവരുടെ കത്തോലിക്കാവിദ്യാഭ്യാസം എന്റേതിനെക്കാൾ വ്യാപകവും സർവ്വാശ്ലേഷകവുമാണെന്നു് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. അവരുടെ തീരുമാനങ്ങൾ കൂടുതൽ വിനീതങ്ങളാണു്.

എന്നിരുന്നാലും എന്റെ പൂർവ്വവിദ്യാലയം അത്ര മോശമായിരുന്നില്ല എന്നു പറയേണ്ടതു് എന്റെ കടമയാണു്. എന്റെ ഉൽബുദ്ധരായ സ്നേഹിതന്മാരുടെ വിവാദവിഷയമായിരുന്ന ഒരു പ്രഫസർ ആ ഉന്നതകലാലയത്തിൽ ഉണ്ടായിരുന്നു. അകത്തോലിക്കനായിവളർന്നു് പ്രായപൂർത്തിയായശേഷം കത്തോലിക്കാമതം സ്വീകരിച്ച ആളായിരുന്നു അദ്ദേഹം. അദ്ദേഹത്തെപ്പററി താല്പര്യപൂർവ്വമാണു് ഞങ്ങൾ സംസാരിച്ചിരുന്നതു്. അദ്ദേഹത്തിൽ യാതൊരു കുററവും ഞങ്ങൾ കണ്ടിരുന്നില്ല. അദ്ദേഹം വളരെ പ്രശാന്തനും അന്യരുടെ കാര്യങ്ങളിൽ അനാവശ്യമായി തലയിടാത്ത ആളും ആയിരുന്നു. അദ്ദേഹത്തെപ്പോലെ പ്രബുദ്ധനും കുശാഗ്രബുദ്ധിയുമായ ഒരുവനെ അവിശ്വാസികളുടേയും അധിക്ഷേപകന്മാരുടേയും ഗണത്തിൽനിന്നും അകററി കത്തോലിക്കാസഭയിലേക്കു ആകർഷിക്കുവാൻ മാത്രം ആ സഭയിൽ എന്താണുള്ളതെന്നു് ഞങ്ങൾക്കു ഗ്രഹിക്കുവാൻ സാധിച്ചില്ല. ഞാൻ അവിശ്വാസിയായിരുന്നകാലത്തൊന്നും അദ്ദേഹത്തെ വിസ്മരിക്കുവാൻ എനിക്കു കഴിഞ്ഞില്ല. സാഹിത്യരചനയെ അധികരിച്ചുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥത്തെ പലപ്പോഴും ഞാൻ ഒരു പ്രമാണരേഖയായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടു്. കുറേക്കാലംമുമ്പു് ഞാൻ അദ്ദേഹത്തിന്റെ മരണത്തെപ്പററി വായിച്ചു. എന്റെ വിചാരങ്ങളിൽപ്പോലും ഞാൻ അദ്ദേഹത്തെ ദുഷിച്ചിട്ടില്ല എന്ന ചിന്ത അപ്പോൾ എന്റെ മനസ്സാക്ഷിക്കു വളരെ ആശ്വാസം നൽകി. അക്കാലത്തു് എനിക്കു പരിചിതനായിരുന്ന ഏക കത്തോലിക്കൻ അദ്ദേഹമായിരുന്നു.

അനന്തരകാലത്തു് എനിക്കു വളരെ പരിതാപത്തിനിടയാക്കിയ ജീവിതസമ്പ്രദായം ഞാൻ പരിശീലിച്ചതു് കോളേജിലെ അദ്ധ്യയനപദ്ധതികളിൽനിന്നു മാത്രമല്ല; അദ്ധ്യയനക്രമത്തിനു പുറമേ ഞാൻ ഏർപ്പെട്ടിരുന്ന പ്രവർത്തനങ്ങളും ആ ജീവിതരീതിക്കു സഹായിച്ചിട്ടുണ്ടു്. സ്വതന്ത്രന്മാരുടെയോ ഉൽപതിഷ്ണുക്കളുടെയോ ക്ലബുകൾക്കു് സർവ്വകലാശാലാപരിസരങ്ങളിൽ സ്ഥാനമില്ലായിരുന്നു. അതിനാൽ വൈ. എം. സി. എ. യും വൈ. ഡബ്ളിയു. സി. എ. യും ഞങ്ങളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. ഞാൻ ഒരുകൊല്ലം വൈ. ഡബ്ളിയു. സി. എ. യുടെ അദ്ധ്യക്ഷയായിരുന്നു; ആ സംഘടനയുടെ പല കോൺഫറൻസുകളിലും ഞാൻ സംബന്ധിച്ചു. അതിൽ ഞാൻ ചേരാനുണ്ടായ ആദ്യകാരണം "സാമൂഹ്യസന്ദേശ"ത്തെ ആസ്പദമാക്കി അതിനു ചില പരിപാടികൾ ഉണ്ടായിരുന്നതും ആ സന്ദേശം സംബന്ധിച്ചു് ക്രിസ്തുമതത്തിന്റെ വ്യാഖ്യാനത്തിൽ ഞാൻ ഉത്സുകയായതുമാണു്. അതിലെ അംഗങ്ങൾ മിക്കവരും പ്രോട്ടസ്റ്റൻറുകാരായിരുന്നു. ഒന്നു രണ്ടു കത്തോലിക്കരും പ്രവർത്തനനിരതരായ അംഗങ്ങളുടെകൂടെ ഉണ്ടായിരുന്നു. ഈ സംഘടനയുടെ ചില നേതാക്കന്മാരുടെ സഖ്യം സമ്പാദിക്കുന്നതിനു് എനിക്കു സാധിച്ചു. ഇവർ രാജ്യത്തെങ്ങും വിദ്യാർത്ഥികളോടു പ്രസംഗിക്കുന്നതിൽ വളരെ സമയം വിനിയോഗിച്ചിരുന്നു. ഇവരിൽ ഒരാളുടെ പ്രേരണവഴി ഞാൻ ചേർന്നിരുന്ന സഹോദരീസഖ്യത്തിൽനിന്നും ഞാൻ രാജിവച്ചു. അങ്ങനെയൊരു സംഘത്തിലെ അംഗത്വം മനുഷ്യസാഹോദര്യതത്വത്തിനു വിരുദ്ധമാണെന്നായിരുന്നു ഞാൻ പറഞ്ഞകാരണം. ഈ സംഘടനയ്ക്കുള്ള ദോഷം അതു കേവലം മനുഷ്യസാഹോദര്യം മാത്രമായിരുന്നുവെന്നുള്ളതാണു്. ദൈവത്തെ അനുസരിക്കുകയും അവിടുത്തെ ഹിതം അനുവർത്തിക്കുകയും ചെയ്ക എന്നകാര്യമേ അവിടെ ഉണ്ടായിരുന്നില്ല. ദൈവം ആരാണെന്നും അവിടുത്തെ ഹിതം അനുവർത്തിക്കുന്നതു് എങ്ങനെയാണെന്നും ഉള്ളതിനെപ്പററി ഓരോരുത്തനും സ്വന്തമായി വ്യാഖ്യാനങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തുനാഥന്റെ ജീവിതത്തിൽനിന്നും ലഭിക്കാവുന്ന സാമൂഹികാദർശങ്ങളിൽ മാത്രമേ എനിക്കു താല്പര്യമുണ്ടായിരുന്നുള്ളു. ഞാൻ തീക്ഷ്ണയായ ഒരു "പാസിഫിസ്റ്റ്" ആയിരുന്നു; സോഷ്യലിസത്തെപ്പററി പ്രസംഗിച്ചിരുന്നു; "വർഗ്ഗങ്ങൾതമ്മിലുള്ള സുന്ദരമായ ബന്ധ"ത്തെപ്പററി വിശദീകരിച്ചിരുന്നു. പുതിയനിയമത്തിന്റെ ഒരു ആധുനികതർജ്ജമ ഞാൻ വായിച്ചുനോക്കി. പാരമ്പര്യമെല്ലാം പരിത്യജിച്ചുകൊണ്ടു് അതിലെ വാക്യങ്ങൾക്കു് ആധുനികമായ വ്യാഖ്യാനം നൽകേണ്ടതു് ആവശ്യമാണെന്നു് എനിക്കു തോന്നി.

ഞാൻ യഥാർത്ഥത്തിൽ പ്രാർത്ഥിക്കുവാൻ ശ്രമിച്ചഘട്ടങ്ങൾ ഉണ്ടായിരുന്നു. ഒരു നേതാവിനോടു് ഞാൻ അതെപ്പററി ചോദിച്ചു. അപ്പോൾ "മതപരമായ അനുഭവം" ഉണ്ടാകുന്നതിനെപ്പററി അദ്ദേഹം എന്നോടുപറഞ്ഞു. ഒരു ദൈവശാസ്ത്രസെമ്മിനാരിയിലെ അദ്ധ്യാപകനായിരുന്നു അദ്ദേഹം. പല ആഴ്ചക്കാലം ഓരോമണിക്കൂർ പ്രാർത്ഥിക്കുന്നതിനായി ഉദ്യമിച്ചുകൊണ്ടു് ഞാൻ അടക്കമായി മുറിക്കുള്ളിൽ കഴിച്ചുകൂട്ടി. എന്തെങ്കിലും അനുഭവം ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ ഒന്നും ഉണ്ടായില്ല. അപ്പോൾ ദൈവം ഒരുവനോടു "സംസാരിക്കുന്നു" എന്നും മററുമുള്ള ചവറുകൾ വിദ്യാർത്ഥികളോടു പറഞ്ഞുനടക്കുന്ന മനുഷ്യൻ ഒരു വഞ്ചകനായിരിക്കണമെന്നു ഞാൻ വിചാരിച്ചു. പക്ഷേ അദ്ദേഹം വിശ്വസ്തനായ ഒരു മനുഷ്യനായിട്ടാണു് എനിക്കുതോന്നിയതു്; അദ്ദേഹം ഇല്ലാത്തതു പറയുമെന്നുവിചാരിക്കുവാൻ നിവൃത്തിയില്ലായിരുന്നു. എന്നെപ്പററി അദ്ദേഹത്തോടു പറയുന്നതു് എനിക്കു വലിയ സന്തോഷമായിരുന്നു. ഞാൻ പറയുന്നതെല്ലാം അദ്ദേഹം ശാന്തമായി ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രത്യുത്തരങ്ങൾ അതിമൃദുലങ്ങളുമായിരുന്നു. എന്റെ തലമുറയ്ക്കു സഹജമായ അക്ഷമയോടുകൂടി ഞാൻ അദ്ദേഹത്തിന്റെ സമ്പർക്കം ഉപേക്ഷിക്കുകയും അദ്ദേഹം യഥാർത്ഥത്തിൽ സ്വയം വഞ്ചിതനായിരിക്കയാണെന്നു് അവസാനമായി തീരുമാനിക്കുകയുംചെയ്തു.

അങ്ങനെ വിദ്യാലയത്തിനു് അകത്തും പുറത്തും ഉണ്ടായിരുന്ന പ്രവർത്തനങ്ങൾ മതത്തിൽനിന്നും എന്നെ അകററിയിരുന്നുവെന്നു് ഇപ്പോൾ എനിക്കറിയാം. അവസാനം ഞാൻ ഒരു ഭൗതികവാദിയായിത്തീർന്നു. മറേറതെങ്കിലും മാർഗ്ഗം അവലംബിക്കുന്നതു് ന്യായപൂർവ്വമായി തോന്നിയില്ല. മതം ഞാൻ പരീക്ഷിച്ചുനോക്കിയെന്നും ക്രിസ്തുമതം ആരംഭംമുതൽ ഒരു പരാജയമായിരുന്നെന്നും ഞാൻ വിചാരിച്ചു. ദൈവവും സ്വർഗ്ഗനരകങ്ങളും ഇല്ലെന്നുള്ളതിനെപ്പററി എനിക്കു ബുദ്ധിപരമായ തെളിവുകൾ ഉണ്ടെന്നു ഞാൻ വിചാരിച്ചു. ആകയാൽ ജീവിതത്തെ ആവുന്നിടത്തോളം ആസ്വദിക്കുക എന്നതു മാത്രമേ കരണീയമായി ഉണ്ടായിരുന്നുള്ളു. ഭൗതികവാദമല്ലാതെ മററു കാമ്യമായ ഒരു ലക്ഷ്യം എനിക്കില്ലായിരുന്നു. ആകയാൽ കാപട്യമെന്നു എനിക്കു തോന്നിയതിനെ പരിത്യജിച്ചതു് തികച്ചും നീതീകരണാർഹമാണെന്നു് ഞാൻ വിചാരിച്ചു.

രാത്രി വളരെ വൈകി ഞാൻ ഇതെഴുതിക്കൊണ്ടിരിക്കുന്ന സമയത്തു് എന്റെ കുട്ടികൾ അവരുടെ കിടക്കയിൽ ഉറങ്ങുകയാണു്. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള കൊന്തജപം ഞങ്ങൾ ചൊല്ലിക്കഴിഞ്ഞു; മനസ്താപപ്രകരണവും ഞങ്ങൾ ചൊല്ലി. അവരെല്ലാവരും കത്തോലിക്കാമതത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരാണു്. തന്മൂലം തങ്ങൾക്കു് അബദ്ധം പററിയെന്നോ ജീവിതം പാഴായെന്നോ അവർ വിചാരിക്കേണ്ടിവരികയില്ല. അവർ പോകുന്ന വിദ്യാലയങ്ങളിൽ യഥാർത്ഥ സത്യം പഠിപ്പിക്കുന്നു. എന്റെ അവിശ്വാസത്തിന്റെ ഏററം രൂക്ഷമായ ഘട്ടങ്ങളിൽ സഹജീവികളെ ഞാൻ സ്നേഹിച്ചതിൽ കൂടുതലായി അവർ സ്നേഹിക്കുന്നു; എന്തെന്നാൽ അവർ ദൈവത്തെ സ്നേഹിക്കുന്നു. അവർ ക്രിസ്തുവിന്റെ സമാധാനത്തിൽ വിശ്വസിക്കുന്നു; അവർക്കു ക്രിസ്തീയമായ സ്നേഹമുണ്ടു്; എന്തെന്നാൽ ഇതെല്ലാം ദൈവഹിതമാണെന്നു് അവരെ പഠിപ്പിച്ചിരിക്കുന്നു. അവരുടെ നിഷ്കളങ്കതവഴിയായി, അവർക്കനുയോജ്യമായ മാർഗ്ഗത്തിലൂടെ, റോമിലേക്കുള്ള പാത കണ്ടുപിടിക്കുന്നതിനു് അവർ എന്നെ സഹായിച്ചുവെന്നു ഞാൻ വിശ്വസിക്കുന്നു.

എന്റെ മൂത്ത പുത്രികൾ വിദ്യാലയത്തിൽനിന്നും വീട്ടിലെത്തി അവിടെ പഠിച്ചവയേയും പഠിക്കാത്തവയേയും പററി പറഞ്ഞുതുടങ്ങിയപ്പോൾ ഞാൻ അവരുടെ കാര്യത്തിൽ ഉൽക്കണ്ഠാന്വിതയായി. അക്രൈസ്തവയായ ഒരു മാതാവിനു സഹജമായവിധം ഞാൻ അവരെ ഉഗ്രമായും ഉൽക്കടമായും സ്നേഹിച്ചിരുന്നു. എനിക്കു മാത്രമേ അവരെ വളർത്തിക്കൊണ്ടുവരുവാൻ സാധിക്കയുള്ളു, എന്നു ഞാൻ വിചാരിച്ചു; മററാരുടേയും സഹായമോ ഉപദേശമോ ഞാൻ ആവശ്യപ്പെട്ടില്ല. എങ്കിലും ഞാൻ ഉൽക്കണ്ഠയ്ക്കു് അധീനയായിരുന്നു. ഞങ്ങളുടെ കുടുംബം ഒരു കമ്മ്യൂണിസ്റ്റു കുടുംബം ആയിരുന്നല്ലോ. വിദ്വേഷത്തേയും വിനാശപരിപാടികളേയും വർഗ്ഗീയസംഘട്ടനത്തേയുംപററി പ്രതിപാദിച്ചിരുന്ന കമ്മ്യൂണിസ്റ്റുഗ്രന്ഥങ്ങൾ ഞങ്ങൾക്കുണ്ടായിരുന്നു. ഇതു് അവരുടെ ജന്മാവകാശമായിരിക്കുമെന്നു് ഞാൻ മനസ്സിലാക്കിത്തുടങ്ങി. അവരുടെ സ്നേഹിതന്മാർ കമ്മ്യൂണിസ്റ്റുകാർ ആയിരിക്കും. കമ്മ്യൂണിസത്തിന്റെ ധാർമ്മികവും സാമ്പത്തികവും ആയ തത്വങ്ങൾ ഞാനും എന്റെ മുതിർന്ന സ്നേഹിതന്മാരും സ്വീകരിക്കുന്നതിൽ എനിക്കു വിരോധമില്ലായിരുന്നുവെങ്കിലും എന്റെ കുട്ടികൾ ഈ തത്വങ്ങൾ സ്വീകരിക്കുന്നതിനു ഞാൻ ഇഷ്ടപ്പെട്ടില്ല. എന്റെ വിദ്യാർത്ഥിജീവിതത്തിനുശേഷം ഞാൻ ഒരു കമ്മ്യൂണിസ്റ്റും നാസ്തികയും ആയിത്തീർന്നു; ഒരേ ലക്ഷ്യത്തിലേക്കു് നയിച്ച യുക്തിപൂർവ്വമായ ഒരു പദ്ധതിയാണു് ഞാൻ ഇതിൽ സ്വീകരിച്ചതെന്നു ഞാൻ വിചാരിച്ചു. ഭൗതികവാദത്തെ സ്വീകരിക്കയും ആദ്ധ്യാത്മികങ്ങളെ പരിത്യജിക്കയും ആയിരുന്നു അതു്. പക്ഷേ ആ വഴിയുടെ അന്ത്യത്തിൽ എത്തിയപ്പോൾ ഭീമമായ ഒരു ഭിത്തി, ഒരു സ്ഫടികപർവ്വതം, എനിക്കു ദൃശ്യമായി. ആ വഴിയിൽ നിൽക്കു-

(ശേഷം 9-ാം പേജിൽ)




### സമ്മാനംകിട്ടിയ വാച്ച്

പത്താംപിയൂസ് (കർദ്ദിനാൾ സാർത്തോ) വെനീസിലെ പാത്രിയർക്കീസായിരുന്നപ്പോൾ കറുത്ത ചരടിൽ കെട്ടിയ വിലകുറഞ്ഞ ഒരു പഴയ വാച്ചാണ് ഉപയോഗിച്ചുവന്നത്. ഒരു പുതിയ നല്ല വാച്ചു വാങ്ങാൻ അരമനയിലെ അന്തേവാസികൾ നിർബന്ധിച്ചിട്ടും അദ്ദേഹമതിനു വഴിപ്പെട്ടില്ല. അങ്ങനെയിരിക്കെ അദ്ദേഹത്തിന്റെ അജഗണങ്ങളിൽപ്പെട്ട ഒരു ധനികപ്രമുഖൻ ഒരു സ്വർണ്ണവാച്ച് അദ്ദേഹത്തിനു സമ്മാനിച്ചു. ആ വാച്ച് കർദ്ദിനാൾതിരുമേനി കീശയിൽനിന്നു വലിച്ചെടുത്തപ്പോളെല്ലാം അദ്ദേഹത്തിന്റെ സഹകാരികൾ ആനന്ദംകൊള്ളുമായിരുന്നു. പക്ഷെ ഏതാനും മാസങ്ങൾക്കുശേഷം അദ്ദേഹം പഴയവാച്ചുതന്നെ വീണ്ടും കീശയിൽനിന്നു വലിച്ചെടുക്കുന്നതു് കണ്ടപ്പോൾ അദ്ദേഹത്തിന്റെ സഹോദരി റോസ—അവളായിരുന്നു അദ്ദേഹത്തിന്റെ അരമന സൂക്ഷിക്കുകയും പാചകവൃത്തി നിർവഹിക്കുകയും ചെയ്തിരുന്നതു് — ചോദിച്ചു: "ആങ്ങളയുടെ സ്വർണ്ണവാച്ചു നടക്കുന്നില്ലേ?" മറുപടി അവൾ പ്രതീക്ഷിച്ചതുതന്നെയായിരുന്നു:-

"അതു ഒന്നാംതരം വാച്ചായിരുന്നു. സമയം കൃത്യമായി കാണിച്ചിരുന്നു. പക്ഷെ ഇന്നലെ ഞാനതു നല്ലവിലയ്ക്കു വിററു. രണ്ടുകുടുംബങ്ങളിലെ കഷ്ടസ്ഥിതികണ്ടിട്ട് അവരെ സഹായിക്കാനാണ് അങ്ങനെ ചെയ്തതു്."

### "കുരിശും മാലയും വില്ക്കും"

പത്താംപിയൂസു മാർപ്പാപ്പാ വെനീസിലെ പാത്രിയർക്കീസായിരുന്നകാലത്തു് അവിടത്തെ പ്രധാനപ്പെട്ട കത്തോലിക്കാപത്രമായ "ലാ ദിഫെസ" സാമ്പത്തികവിഷമതകൾനിമിത്തം മുഴുവനായി നിർത്തേണ്ടിവരുമെന്ന നിലവരെ എത്തി. ഇതറിഞ്ഞപ്പോൾ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതിപ്രകാരമാണ്: "ആ പത്രം നടത്തിക്കൊണ്ടുപോകുന്നതിനായി വേണ്ടിവന്നാൽ എന്റെ കുരിശുമാലയും സ്ഥാനവസ്ത്രങ്ങളും വില്ക്കാൻ ഞാൻ തയ്യാറാണ്." തിരുമേനിയുടെ വാക്കുകളുടെ അർത്ഥം ഗ്രഹിപ്പാൻ ശ്രോതാക്കൾക്കു പ്രയാസമുണ്ടായില്ല. യഥാർത്ഥത്തിൽ ആ പത്രം പ്രസ്തുതവിഷമസന്ധിയെ അതിജീവിക്കുകതന്നെ ചെയ്തു.

### "ഒരു കർദ്ദിനാളിനു കുർബ്ബാനയ്ക്കു കൂടാൻ പാടില്ലെന്നോ?"

ത്രെവിസോ സെമ്മിനാരിയിലെ ഒരു പ്രഫസരായിരുന്ന ഡോൺ അഞ്ഞൊലെത്തി എന്ന വൈദികൻ വെനീസിൽ കർദ്ദിനാൾ സാർത്തോയുടെ അതിഥിയായി ഒരു രാത്രി ചെലവഴിക്കുന്നതിനിടവന്നു. അദ്ദേഹത്തിനു അതികാലത്തേ പുറപ്പെടേണ്ടിയിരുന്നതുകൊണ്ടു് നേരം വെളുക്കുന്നതിനുമുമ്പു കുർബ്ബാനചൊല്ലാൻ സൗകര്യമുണ്ടായിരിക്കുമോ എന്നു കർദ്ദിനാളിനോടു ചോദിച്ചു.

"യാതൊരു പ്രയാസവുമില്ല. അച്ചന് എന്റെ കപ്പേളയിൽത്തന്നെ കുർബ്ബാന ചൊല്ലാം." തിരുമേനി പ്രതിവചിച്ചു.

വെളുപ്പിനു നാലുമണിക്കു ഡോൺ അഞ്ഞൊലെത്തി കപ്പേളയിൽ ചെന്നപ്പോൾ കർദ്ദിനാൾ ധൃതിയിൽ പൂജാവസ്ത്രങ്ങൾ വിരിക്കുകയുംമററും ചെയ്യുന്നതായിട്ടാണ് കണ്ടതു്. വിസ്മയഭരിതനായ വൈദികൻ തിരുമേനിയോടു ചോദിച്ചു: "കുർബ്ബാനയ്ക്കുകൂടാൻ വല്ലവരും ഉണ്ടാകുമോ?"

"തീർച്ചയായും. ഞാനിവിടെ ഉണ്ടല്ലോ."

"തിരുമേനിയോ? അതൊരിക്കലും വേണ്ടാ." വൈദികൻ വിനയസമേതം തിരുമനസ്സുണർത്തിച്ചു.

"വരു, വരു", കർദ്ദിനാൾ ഗൗരവം നടിച്ചുകൊണ്ടു പറഞ്ഞു. "എന്നെപ്പോലുള്ള ഒരു കർദ്ദിനാളിനു കുർബ്ബാനയ്ക്കുകൂടാൻ പാടില്ലെന്നോ? അച്ചനു കർദ്ദിനാളന്മാരെപ്പററിയുള്ള അഭിപ്രായം തരക്കേടില്ലല്ലോ. എങ്ങനെ ഞാനക്കാര്യം നിർവ്വഹിക്കുമെന്നു ഇതാനോക്കിക്കൊള്ളൂ."


കർദ്ദിനാൾ തിരുവസ്ത്രങ്ങൾ അണിയുന്നതിനു വൈദികനെ സഹായിക്കുകയും അനന്തരം അദ്ദേഹത്തിന്റെ മുമ്പിലായി അൾത്താരയിലേക്കു നടകൊള്ളുകയും ചെയ്തു.

ഡോൺ അഞ്ഞൊലെത്തി അരമന വിടുന്നതിനുമുമ്പ് കർദ്ദിനാളിന്റെ സഹോദരി റോസയെ ഒരു കടലാസ്സ് ഏല്പിച്ചുകൊണ്ടു പോയി. അതു അവൾ സ്വസഹോദരൻ കാലത്തു കാപ്പി കുടിക്കാനായി വന്നപ്പോൾ കൊടുത്തു. തിരുമേനി അതു വായിച്ചുശേഷം ചിരിച്ചുകൊണ്ടു പറഞ്ഞു: "റോസാ, ഇതു് ഒന്നാംതരമൊരു ലത്തീൻ പദ്യമാണ്. ഞാനതു തർജ്ജിമചെയ്യാം: കർദ്ദിനാളായ അങ്ങയുടെ മോതിരം അവസാനത്തെ പ്രാവശ്യമാണ് ഞാൻ മുത്തിയതു്. താമസംവിനാ മാർപ്പാപ്പാ എന്ന നിലയിൽ അങ്ങയെ അഭിവാദനം ചെയ്യുന്നതിനായി ഞാൻ വരുന്നതായിരിക്കും."

കർദ്ദിനാൾ തുടർന്നു: "ഇന്നലെ അദ്ദേഹം പറഞ്ഞതാണ് അവസാനമായിട്ടാണ് എന്റെ മോതിരം മുത്തുന്നതെന്നും അടുത്തപ്രാവശ്യം എന്റെ പാദുകങ്ങളാണ് മുത്തുന്നതെന്നും. പുള്ളിക്കു തമാശ് പറയാൻ ഇഷ്ടമാണ്."

കർദ്ദിനാൾ സാർത്തോ പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടയുടൻ പ്രസ്തുതവൈദികൻ തിരുമേനിയെ സന്ദർശിച്ചു. തിരുമനസ്സുകൊണ്ടു് ആ "പ്രവാചകനെ" നോക്കി അർത്ഥഗർഭമായൊന്നു മന്ദഹസിച്ചു. ഇരുവരും, പഴയ ആ ലത്തീൻ പദ്യത്തെപ്പററി ഓർത്തിരിക്കണം.

## Thanksgiving



K. P. M.

(12-ാം പേജ് തുടർച്ച)

തൊഴിലില്ലാത്തവർക്കു് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു് ഇൻഡസ്ട്രിയൽസ്കൂളുകളും അദ്ദേഹം സ്ഥാപിച്ചു. ഇതിനിടയിൽ വേറെ രണ്ടു മഹാസംഘടനകൾ കൂടി ഉടലെടുത്തു. കുലീനകളും കുടുംബജീവിതം കഴിക്കുന്നവരുമായ സ്ത്രീകളുടെ ധർമ്മസംഘവും, ഇന്നു് ഉപവിയുടെ സഹോദരികളുടെ സഭ എന്ന പേരിൽ വിശ്വവിശ്രുതമായിത്തീർന്നിട്ടുള്ള സന്യാസസംഘവുമായിരുന്നു അവ.

ഈ രണ്ടു സൈന്യനിരകളുടെ സഹായത്തോടുകൂടി അക്കാലത്തു് എവിടെയും ദൃശ്യമായിരുന്ന ദുരിതങ്ങളോടു് അദ്ദേഹം പടവെട്ടി. വിപ്ലവങ്ങളും ഭീകരപ്രവർത്തനങ്ങളും ഫ്രാൻസിനെ ദുരിതക്കുപത്തിലാഴ്ത്തിയപ്പോൾ, ഉടലെടുത്ത ദൈവപരിപാലനയെന്നോണം വിശുദ്ധൻ ഏവർക്കും ആശ്വാസമരുളിക്കൊണ്ടു ചുററിനടന്നു. പട്ടിണിപ്പാവങ്ങൾക്കും തടവുകാർക്കും അഭയാർത്ഥികൾക്കും സ്ഥാനഭ്രഷ്ടരായ പ്രഭുക്കന്മാർക്കും നിഷ്കാസിതരായ സന്യാസിനീസന്യാസികൾക്കും വൈദികർക്കും ചാരിത്രഭംഗം ഭയപ്പെട്ട യുവതികൾക്കും ജോലിയില്ലാത്ത തൊഴിലാളികൾക്കും വി. വിൻസെന്റ് സഹായഹസ്തം നീട്ടിക്കൊടുത്തു.

അദ്ദേഹത്തിന്റെ പരസ്നേഹശുശ്രൂഷ ഫ്രാൻസിന്റെ അതിർത്തികളേയും അതിലംഘിച്ചു. തന്റെ വൈദികരേയും സഹോദരികളേയും ഐർലണ്ടു്, പോളണ്ടു്, ഇററലി മുതലായ യൂറോപ്യൻരാജ്യങ്ങളിലേക്കു മാത്രമല്ല, പേർഷ്യാ, മഡഗാസ്കർ, ബാർബറി മുതലായ ദൂരസ്ഥലങ്ങളിലേക്കും അയച്ചുകൊടുത്തു. അവർ പോയ സ്ഥലങ്ങളിലെല്ലാം അദ്ദേഹത്തിന്റെ പരസ്നേഹപ്രവർത്തനങ്ങളും വ്യാപിച്ചു.

രാഷ്ട്രീയരംഗത്തിലും അദ്ദേഹം സജീവമായി പങ്കെടുക്കേണ്ടിവന്നു. മാസറിൻ മുതലായ വൈദികപുംഗവന്മാർ സ്വാർത്ഥത്തിനുവേണ്ടി സഭയുടെ അവകാശങ്ങൾ ബലികഴിക്കാൻ തയ്യാറായപ്പോൾ വിൻസെന്റ് ഡി പോൾ മാത്രമേ പ്രതിഷേധസ്വരമുയർത്താൻ ഉണ്ടായിരുന്നുള്ളു. "ആദ്യം ഒരു കത്തോലിക്കൻ, പിന്നീടു മറെറന്തുമാകാം" എന്നതായിരുന്നു പുണ്യവാന്റെ സുദൃഢനയം. ഫ്രാൻസിലെ സഭയുടെ അടിത്തറമാന്തുന്നതിനു ശ്രമിച്ച ജൻസെനിസം എന്ന നശീകര പാഷണ്ഡതയെ ഉന്മൂലനം ചെയ്യുന്നതിലും വി. വിൻസെന്റായിരുന്നു നേതൃത്വം വഹിച്ചതു്.

### എല്ലാം നന്നായി ചെയ്തു

പ്രായത്തിലും പുണ്യത്തിലും പൂർണ്ണനായിത്തീർന്ന കഥാനായകൻ തന്റെ വിവിധസ്ഥാപനങ്ങൾക്കു ആവശ്യമുള്ള നിയമങ്ങളും ഭരണഘടനയും ഉണ്ടാക്കിക്കൊടുത്തു. സുവിശേഷപ്രബോധനങ്ങളുടെ സുഗന്ധം പ്രസരിക്കുന്ന പ്രസ്തുത നിയമങ്ങൾ അദ്ദേഹത്തിന്റെ വിവേകത്തിനും ദീർഘദൃഷ്ടിക്കും ഉത്തമദൃഷ്ടാന്തമാണ്. എന്നാൽ അതുവരെ നിലവിലിരുന്ന സന്യാസക്രമങ്ങളിൽ വിപ്ലവകരമായ ചില വ്യതിയാനങ്ങളും അവയിൽ ഉൾക്കൊണ്ടിരുന്നതിനാൽ, അവയ്ക്കു് ഔദ്യോഗികാംഗീകാരം കിട്ടുന്നതിനു വളരെ പ്രതിബന്ധങ്ങളുണ്ടായി. ഇവിടെയാണ് പുണ്യവാന്റെ വിശുദ്ധി അതിന്റെ തനിനിറത്തിൽ പ്രത്യക്ഷപ്പെടുന്നതു്. അദ്ദേഹത്തിന്റെ അഗാധമായ എളിമയും വീരോചിതമായ പരസ്നേഹവും വിസ്മയാവഹമായ അഭിപ്രായസ്ഥൈര്യവും ആരേയും ആകർഷിക്കുന്നവയായിരുന്നു. അവസാനം അദ്ദേഹം വിജയം കൈവരിക്കുകതന്നെചെയ്തു. അങ്ങനെ തന്റെ മിഷൻവൈദികരെ ഇടവകപ്പട്ടക്കാരായി നിർത്തിക്കൊണ്ടുതന്നെ അവർക്കു സാമൂഹ്യജീവിതക്രമവും വ്രതങ്ങളും സന്യാസാനുകൂല്യങ്ങളും സമ്പാദിച്ചുകൊടുത്തു. സഹോദരികളെ ആവൃതികളിൽനിന്നു് ആശുപത്രിവാർഡുകളിലേക്കും തെരുവീഥികളിലേക്കും ധർമ്മദൂതികളായി അദ്ദേഹം പറഞ്ഞയച്ചു. അതേസമയം ആവൃതികളിൽ വസിക്കുന്ന കന്യകകൾക്കുള്ള ആനുകൂല്യങ്ങളും അവർക്കു വാങ്ങിക്കൊടുത്തു. "നിങ്ങളുടെ മഠം ഇടവകപ്പള്ളികളും, നിങ്ങളുടെ ശിരോവസ്ത്രം വിനയവും നിങ്ങളുടെ ആവൃതി ദൈവഭയവും നിങ്ങളുടെ പ്രാർത്ഥനാലയം ആശുപത്രിവാർഡുകളുമായിരിക്കട്ടെ" എന്നാണു വിശുദ്ധൻ കൂടെക്കൂടെ അവരെ ഉൽബോധിപ്പിച്ചിരുന്നതു്. ഇങ്ങനെയൊരു സംഗതി ആരും ചിന്തിക്കപോലും ചെയ്യാതിരുന്ന പതിനേഴാം നൂററാണ്ടിലാണ് ഇത്ര വിപ്ലവകരമായ വ്യതിയാനം അദ്ദേഹം നടപ്പിൽവരുത്തിയതെന്നോർക്കണം.

ദൈവത്തിന്റെ ഉപരിമഹത്വത്തിനും സഹജീവികളുടെ ഉന്നമനത്തിനും വേണ്ടി, ദൈവാനുഗ്രഹപഥത്തിൽ ചരിക്കുന്ന ഒരുവനു്—അവൻ എത്ര ബലഹീനനായിരുന്നാലും — എന്തൊക്കെ ചെയ്യുവാൻ സാധിക്കുമെന്നു വിശുദ്ധന്റെ ജീവിതം ദൃഷ്ടാന്തീകരിക്കുന്നു. അദ്ദേഹത്തിന്റെ സേവനങ്ങൾ താൽക്കാലികങ്ങളല്ലായിരുന്നു. മരിച്ചശേഷവും തന്റെ ജോലി സ്വസന്താനങ്ങൾവഴി അദ്ദേഹം തുടർന്നുകൊണ്ടിരിക്കയാണ്. 5000 വിൻസെൻഷൻ വൈദികരും 48000 ഉപവിയുടെ സഹോദരികളും വനിതകളുടെ ധർമ്മസംഘത്തിൽപ്പെട്ട 2 ലക്ഷം അംഗങ്ങളും ആയിരക്കണക്കിന് വിൻസെന്റ് ഡി പോൾ കോൺഫറൻസുകളും വിശുദ്ധന്റെ ജോലിതന്നെ ലോകത്തിന്റെ ഒരററം മുതൽ മറേറ അററംവരെ വിജയകരമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ഇന്നു നമുക്കു് ആവശ്യമായിരിക്കുന്നതു സെൻറ് വിൻസെന്റിനെപ്പോലെ ദൈവസേവനവും സമുദായസേവനവും ചെയ്യുവാൻ സന്നദ്ധരായ കത്തോലിക്കരാണ്. കമ്മ്യൂണിസത്തിന്റെ ഇരമ്പിപ്പാച്ചിലിൽ സുസംഘടിതമായ സാമൂഹ്യപ്രവർത്തനങ്ങൾകൊണ്ടേ ഫലപ്രദമായി തടുക്കുവാൻ സാധിക്കൂ. അതിനു് ഈ മഹാനേതാവിന്റെ മാർഗ്ഗദർശനം സ്വീകരിച്ചു രംഗത്തിറങ്ങുവാൻ കത്തോലിക്കാ കേരളത്തെ സവിനയം ആഹ്വാനംചെയ്തുകൊള്ളട്ടെ. (തിരു: ജൂലൈ 19)

## "ക്രിസ്തുനാഥനോടു്"

(ഹിന്ദി "മഹലിമെ ആയെഗാ" എ. മ.)

വിരുത്തം

ഹാ!........പാഹി... മാം മഹേശാ! ക്രിസ്തുനാഥാ
നീ... ദ... യാ... ലോ!
മഹാ പാപി....യായ് ഞാൻ മതിപോൽ
ലോകേന്നിൽ, നിൻ പ്രകാശം
ആ...ഹാരമായി, ദേ...ഹത്തെ — മർത്ത്യർക്കായ് ഏകവേ താൻ
സ്നേ...ഹാദ്രിയിൽ കരേറി, നിണവും തൂകാൻ തയാ...റായ്
ഖേ...ദം, വെറുപ്പു...മെഴാതെ
മൃത്യുചേർന്ന, നീ...സ.. ദാ....പി...

വാഴ്ക, വാഴ്ക, വാഴ്ക, വാഴ്ക, വാഴ്ക ഈശോ നാഥാ
വാഴ്ക, വാഴ്ക, ഈശോ നാഥാ—
വാഴ്ക, വാഴ്ക, വാഴ്ക, വാഴ്ക ഈശോ നാഥാ!
വാഴ്ക, വാഴ്ക, വാഴ്ക—

തൂകുക കരങ്ങൾ നീളെ — തിമിരാമയ ഭൂവിൽ
താരാഗണങ്ങൾക്ക കാന്തി — ഇരുളാർന്നൊരെൻറ രാവിൽ
തരണേ കടാക്ഷമതിയായ് — കാരുണ്യദീപരാശേ!
പാരം പ്രകാശമരുളാൻ — ധരയാർന്ന മോക്ഷഭാസ്സേ! (വാഴ്ക... ...

ശ്രവിക്കണമേ നിനാദം — അല്ലിന്റെ ദീനനാദം
പാപാർത്തികാരമെന്നെ — പാലിക്ക നീ സമോദം
ഹാ! ഞാനിതാ സമസ്തം — തവ പൊൽപദാബ്ജ ജമേകി
നീതന്നെയെന്നെ വേഗം — സുതനാക്കുവാൻ ഭജാമി. (വാഴ്ക... ...

— വറുഗീസ് ജെ. മാളിയേക്കൽ

## കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

### ബ്രാഞ്ചുകൾ:—

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

### ഡയറക്ടറന്മാർ

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

Sathya Deepam

Vol. 24 | Ernakulam July 18, 1951 | No. 45

### വി. വിൻസെൻറു ഡി പോൾ
(1-ാം പേജ് തുടർച്ച)

വിരോധാഭാസം എന്നല്ലാതെ എന്തു പറയട്ടെ. "സാവധാനംമതി, ശ്രേഷ്ഠന്മാർ വഴിയോ സഹപ്രവർത്തകന്മാർ മൂലമോ ദൈവപരിപാലനയുടെ മണിയടിക്കാതെ സ്വമേധയാ ഒന്നുംചെയ്യരുത്; എല്ലാം കുഴപ്പത്തിലാക്കുന്നതിനുമാത്രമേ എന്നെക്കൊണ്ടാവുകയുള്ളു" എന്നെല്ലാമാണ് പുണ്യവാൻ സ്വയംപറഞ്ഞിരുന്നത്.

അനശ്വരവ്യക്തിമാഹാത്മ്യം

സുദീർഘവും സംഭവബഹുലവുമായ അദ്ദേഹത്തിൻെറ ജീവചരിത്രം മൂന്നോ നാലോ ആഖ്യായിക എഴുതാൻ മാത്രമുണ്ട്. വിൻസെൻറിൻെറ മാതാപിതാക്കന്മാർ സ്പെയിനിൽനിന്നു ഫ്രാൻസിലേക്കു കുടിയേറിപ്പാർത്ത കൃഷിവലരായിരുന്നു. ആടുകളേയും പന്നികളേയും മേയിച്ചുകൊണ്ടു നടക്കുന്ന ഒരു ഇടയച്ചെറുക്കനായിട്ടാണ് അദ്ദേഹം പ്രഥമതഃ പ്രത്യക്ഷപ്പെടുന്നത്. അടുത്തുള്ള ഒരു വൃക്ഷക്കോടരത്തിൽ മാതാവിൻെറ ഒരു ചെറിയ പ്രതിമ സ്ഥാപിച്ച് അതിനു പൂക്കൾ ചാർത്തുന്നതും ഗാനങ്ങൾ ആലപിച്ച് പ്രാർത്ഥിക്കുന്നതും ബാലനായ വിൻസെൻറിനു അത്യധികം ആഹ്ളാദപ്രദമായിരുന്നു. ബാല്യത്തിൽ തന്നെ അഗതികളോടും ദരിദ്രരോടും അനന്യാദൃശമായ അനുകമ്പയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഒരിക്കൽ ഈ ബാലൻ വഴിമദ്ധ്യേ കണ്ടുമുട്ടിയ ഒരു അഗതിക്കു തൻെറ സമ്പാദ്യം മുഴുവൻ അടങ്ങിയ പണക്കിഴി കൊടുത്തിട്ടുപോന്നു. സാമാനങ്ങളും മററും വാങ്ങിക്കൊണ്ടുപോരുമ്പോൾ വല്ല പാവങ്ങളേയും കണ്ടാൽ അതിൽ വലിയ ഭാഗം അവർക്കു കൊടുത്തുകളയുമായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം ഡാക്സിലെ ഫ്രാൻസിസ്കൻ വൈദികരുടെ നേതൃത്വത്തിൽ കഴിച്ചു. യുവാവായ വിൻസെൻറു ഫ്രാൻസിലേയും സ്പെയിനിലേയും രണ്ടു സർവ്വകലാശാലകളിൽ ഉപരിവിദ്യാഭ്യാസം കഴിച്ചിട്ടുണ്ട്. ആദ്യം റോമ്മാ സന്ദർശിച്ച അവസരത്തിൽ അവിടെയും അദ്ധ്യയനം നടത്തി. വേദശാസ്ത്രത്തിലും കാനൻ നിയമത്തിലും ബിരുദങ്ങൾ സമ്പാദിച്ചുവെന്നുള്ളതും പ്രസ്താവ്യമാണ്. വൈദികനായിത്തീർന്ന ഉടനെ ഒരു കപ്പൽയാത്രയിൽ കടൽക്കള്ളന്മാരുടെ കൈയിലകപ്പെടുകയും രണ്ടുകൊല്ലം ഒരടിമയായി കഴിച്ചുകൂട്ടേണ്ടിവരികയും ചെയ്തു. മൂന്നു യജമാനന്മാരെ മാറിമാറി സേവിക്കുകയും മൂന്നാമത്തെ യജമാനനായ ഒരു മതത്യാഗിയെ മാനസാന്തരപ്പെടുത്തി അദ്ദേഹത്തോടുകൂടെ രക്ഷപെട്ടു ഫ്രാൻസിൽ എത്തിച്ചേരുകയുമാണുണ്ടായത്. അതിനുശേഷം റോമിലെത്തിയ വിശുദ്ധൻ അവിടെനിന്നു ഫ്രാൻസുരാജാവിനു മാർപ്പാപ്പായുടെ ഒരു രഹസ്യസന്ദേശവുമായി മടങ്ങിപ്പോന്നു. അനന്തരം രണ്ടുതവണ ഇടവകജോലിയും, രണ്ടുപ്രാവശ്യം ഗോണ്ടി പ്രഭുകുടുംബത്തിൻെറ കപ്ലോൻസ്ഥാനവും സ്വീകരിച്ചിട്ടുണ്ട്. ഉന്നത നിലയിലുള്ളവരുമായി എപ്പോഴും സമ്പർക്കം പാലിക്കേണ്ടിവന്ന വിശുദ്ധൻ പാവങ്ങളുടെ കാര്യം വിസ്മരിച്ചില്ല. ആദ്യം ഫ്രാൻസു രാജ്ഞിയുടേയും പിന്നീടു ഫ്രാൻസു രാജ്യത്തിൻെറതന്നെയും ധർമ്മവിതരണോദ്യോഗസ്ഥനായി അദ്ദേഹം നിയമിക്കപ്പെട്ടു. കപ്പൽപ്പടിമകളുടെ റോയൽ ചാപ്ലയിൻ ജോലിയും ഇക്കാലത്തുതന്നെയാണ് അദ്ദേഹം വഹിച്ചിരുന്നത്. അനന്തരം ലൂയിസുരാജാവിൻെറ കുമ്പസാരക്കാരനായും ആസന്നമരണനായ അദ്ദേഹത്തെ അന്ത്യയാത്രയ്ക്കു ഒരുക്കുന്ന ആത്മപിതാവായും കഥാനായകൻ പ്രത്യക്ഷപ്പെടുന്നു. രാജാവിൻെറ മരണാനന്തരം രാജ്ഞിയുടെ ഉപദേഷ്ടാവും മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള സമിതിയുടെ പ്രസിഡണ്ടുമായി അദ്ദേഹം നിയമിക്കപ്പെട്ടു. സമകാലികരായിരുന്ന മൂന്നു വിശുദ്ധരുമായി അദ്ദേഹം സുദൃഢബന്ധം പുലർത്തിപ്പോന്നു. വി. ലൂയിസാ ഡിമറിലാക്കു അദ്ദേഹത്തിൻെറ ആത്മീയപുത്രിയും ഉപവിയുടെ സഹോദരീസംഘം സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിൻെറ സഹപ്രവർത്തകയുമായിരുന്നു. വി. ഫ്രാൻസിസ് ദെ സാലെസും വി. ഷന്താളും കൂടി സ്ഥാപിച്ച വിസിറ്റേഷൻ സഭയുടെ പാരീസുഭവനത്തിൻെറ ഡയറക്ടർ സ്ഥാനം വി. വിൻസെൻറിനെയാണ് അവർ ഏല്പിച്ചത്. ഇത്ര സമുന്നതമായ സ്ഥാനമാനങ്ങൾ അദ്ദേഹത്തെ ഒരിക്കലും ഉദ്ധതനാക്കിയില്ല. നേരെമറിച്ച്, ആന്തരികജീവിതത്തിലും വിവിധ

125 രൂപാ മുതൽ 10000 രൂപാ വരെ
വിവിധമുഖവിലകളിൽ, ആകർഷകമായ ആദായവ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രതിമാസ
ചിട്ടിമാതൃകാനിക്ഷേപ സർട്ടിഫിക്കെറ്റുകൾ
ഞങ്ങളുടെ എല്ലാ ആഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.
സിഷ്യ ബാങ്ക് ക്ലിപ്തം
(Incorporated in Travancore-Cochin State, 1930, with members' Liability Limited.)
ഹെഡാഫീസ്:—ആലപ്പുഴ
ബ്രാഞ്ചുകൾ: മണിമല—പുളിക്കുന്ന്
N. B. Cheques and Drafts on any bank in India and Pakistan will be accepted at par

ചെ അരിഷ്ടതകൾക്കും യാതനകൾക്കും പരിഹാരമുണ്ടാക്കുന്നതിനു വി. വിൻസെൻറിനെയാണ് ഉപകരണമാക്കിയ

സത്യദീപം വിശേഷാൽപ്രതി
25-ാം പുസ്തകം 1-ാം ലക്കം
ആഗസ്റ്റ് 15-ാംനു- പുറപ്പെടുന്നു
കേരളത്തിലെ അഭിനവമെത്രാന്മാരുടെ ആശീർവ്വാദസന്ദേശങ്ങൾ
പണ്ഡിതവരേണ്യരുടെ ലേഖനങ്ങൾ, ആകർഷകങ്ങളായ ചിത്രങ്ങൾ
പേജ് 16. വില രണ്ടണമാത്രം
പുതിയ വരിക്കാരായി ചേരാൻ ആഗ്രഹിക്കുന്നവരും കൂടുതൽകോപ്പികൾ ആവശ്യമുള്ള ഏജൻറന്മാരും ആഗസ്റ്റ് 7-ാംനു-ക്കകം പണമടച്ചു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.
വരിസംഖ്യ പ്രതിവർഷം 6 ക. (തിരു-കൊച്ചിയിൽ): 6 ക. 8 ണ. (തിരു-കൊച്ചിക്കു പുറമെ); 8 ക. (ഇൻഡ്യക്കു പുറമെ.)
മാനേജർ
സത്യദീപം, എറണാകുളം

സുകൃതങ്ങളിലും സർവ്വോപരി വിനയത്തിലും അദ്ദേഹം അത്ഭുതാവഹമായ അഭിവൃദ്ധി പ്രാപിക്കുകയാണുണ്ടായത്. തൻെറ അയോഗ്യതയും നിസ്സാരത്വവും ഏററുപറയുന്നതിൽ അദ്ദേഹം അദ്വിതീയനായിരുന്നു. താൻ ഒരു പന്നിമേയ്ക്കുന്നാട്ടുകാരൻെറ മകനാണെന്നും യൂദാസിനെക്കാൾ കൊള്ളരുതാത്തവനാണെന്നും തൻെറ പാപാധിക്യംകൊണ്ടു ഏതു നല്ലകാര്യവും താറുമാറാക്കാൻ പോരുന്നവനാണെന്നും ആത്മാർത്ഥമായി വിശ്വസിക്കുകയും നിഷ്കപടമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

സ്ഥാപനങ്ങൾ

ദൈവപരിപാലന ആ നൂററാണ്ടിലു്. ഗ്രാമങ്ങളിലും പട്ടണങ്ങളിലും ആശുപത്രികളിലും കപ്പൽപ്പടിമകളുടെ സങ്കേതങ്ങളിലും ഈ ദീനബന്ധു നന്മചെയ്തുകൊണ്ടു ചുററിസഞ്ചരിച്ചിരുന്നു. കാലോചിതമായ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലും പഴയതു ആവശ്യാനുസരണം നവീകരിക്കുന്നതിലും അദ്ദേഹം ശ്രദ്ധപതിച്ചു. എങ്കിലും "ഞാൻ ഒന്നും പ്രവർത്തിക്കയോ ഒന്നിനെപ്പററിയും ഒരിക്കലും പ്ലാൻചെയ്കയോ ചെയ്തിട്ടില്ല. എല്ലാം ദൈവത്തിൻെറ കരവേലയാണ്" എന്നായിരുന്നു പുണ്യവാൻെറ പല്ലവി.

അദ്ദേഹത്തിൻെറ പ്രഥമസ്ഥാപനം "കോൺഗ്രിഗേഷൻ ഓഫ് ദി മിഷൻ" എന്ന ഔദ്യോഗികനാമത്താലറിയപ്പെടുന്ന വിൻസെൻഷ്യൻ സഭയത്രെ. ഇതിൻെറ അംഗങ്ങളുടെ പ്രധാന ജോലി, പുണ്യവാൻെറ വാക്കിൽത്തന്നെ പറഞ്ഞാൽ "സർവ്വരാലും പരിത്യക്തരും ആരും രക്ഷിക്കാനില്ലാത്തതിനാൽ നശിച്ചുപോകുന്നവരുമായ പാവപ്പെട്ട ഗ്രാമീണരുടെ ഇടയിൽ വേലചെയ്യുക" എന്നതാണ്. വൈദികലോകത്തെ നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുക എന്നുള്ളത് അന്നത്തെ ഒരടിയന്തിരാവശ്യമായിരുന്നു. വി. വിൻസെൻറിൻെറ ചുമലുകളിൽത്തന്നെ ആ ഭാരവും സമർപ്പിക്കപ്പെട്ടു. അതിനായി, ആദ്യം തൻെറ ആശ്രമത്തോടനുബന്ധിച്ച് വൈദികവിദ്യാർത്ഥികൾക്കായി ജ്ഞാനധ്യാനങ്ങളും പ്രത്യേകപരിശീലനക്ലാസുകളും നടത്തി. അതുവരെ മുറയ്ക്കുള്ള സെമിനാരികൾ ഒരുസ്ഥലത്തുമുണ്ടായിരുന്നില്ല. വി. വിൻസെൻറാണ് ത്രെന്തോസ് സൂനഹദോസിൻെറ ഡിക്രി അനുസരിച്ചുള്ള സെമിനാരികൾ സ്ഥാപിച്ചതു. അങ്ങനെ ഉത്തമവൈദികരെ വാർത്തെടുക്കുന്നതിനുള്ള സെമിനാരികൾ സ്ഥാപിച്ചു നടത്തുക എന്നതു വിൻസെൻഷ്യൻ സഭക്കാരുടെ ഒരു പ്രധാന പ്രവർത്തനമായിത്തീർന്നു.

അത്മായർക്കായി ഉപവിയുടെ സഖ്യങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹത്തിൻെറ ശ്രദ്ധ പതിയാതിരുന്നില്ല. ഗ്രാമങ്ങളിലും പട്ടണങ്ങളിലും രോഗികളുടേയും പാവങ്ങളുടേയും സഹായത്തിനായി ഇത്തരം സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. അവയുടെ എണ്ണം വർദ്ധിച്ചതോടെ പ്രാദേശികസംഘടനകളും കേന്ദ്രസംഘടനയും രൂപീകരിച്ചു പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനു പരിശ്രമിക്കുകയായി.

(ശേഷം 11-ാംപേജിൽ)

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

